ISSN-0971-8397

# യോജന

മെയ് 2016 ഒരു വികസന പത്രിക ₹ 22

## ഭിന്നശേഷിയും വികസനവും

പ്രത്യേക ലേഖനം

**ദേശീയ വിദ്യാഭ്യാസ നയവും ഭിന്നശേഷിയും**
ഇന്ദുമതി റാവു

**ഭിന്നശേഷിക്കാരുടെ നൈപുണ്യവികസനം**
ശാന്തി രാഘവൻ

**സാമ്പത്തിക ശാക്തീകരണം ഭിന്നശേഷി ജനവിഭാഗങ്ങളിൽ**
പി.സി.ദാസ്

**സാമൂഹിക ബോധവത്കരണത്തിന്റെ പ്രസക്തി**
ഡോ. സന്ധ്യ ലിമയെ



ഫോക്കസ്

**പ്രാപ്യത : ഒരു പ്രായോഗിക പഠനം**
ശിവാനി ഗുപ്ത

## 'സ്റ്റാൻഡ് അപ് ഇന്ത്യ'യ്ക്ക് തുടക്കം

ദളിതർ, ആദിവാസികൾ, സ്ത്രീകൾ തുടങ്ങിയവർക്ക് പ്രത്യേക പ്രാധാന്യം നൽകി അവരിൽ സംരംഭകത്വം വളർത്തുകയെന്ന ലക്ഷ്യത്തോടെ രൂപപ്പെടുത്തിയിട്ടുള്ള ' സ്റ്റാൻഡ് അപ് ഇന്ത്യ' പദ്ധതി 2016 ഏപ്രിൽ 16-ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു.

ഈ വിഭാഗങ്ങളിൽനിന്നു ചുരുങ്ങിയതു രണ്ടു സംരഭകർക്കെങ്കിലും വായ്പ നല്കുവാൻ പദ്ധതി ലക്ഷ്യമിടുന്നു. പത്തു ലക്ഷം രൂപ മുതൽ ഒരു കോടി രൂപ വരെയുള്ള വായ്പയാണ് ഈ പദ്ധതിപ്രകാരം നൽകുക.

## നൈപുണ്യ വികസന മാനദണ്ഡം

ഇന്ത്യയിലെ നൈപുണ്യവികസനം ആഗോള നിലവാരവുമായി താദാത്മ്യപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ "ട്രാൻസ്നാഷണൽ സ്കിൽ സ്റ്റാൻഡാർഡ്സ്" എന്നൊരു പദ്ധതിക്ക് അടുത്തിടെ തുടക്കം കുറിക്കുകയുണ്ടായി. ഇന്ത്യയിലെ നൈപുണ്യ പരിശീലനത്തിനു മാനദണ്ഡമായി എടുത്തിട്ടുള്ളത് ബ്രിട്ടീഷ് നിലവാരമാണ്. തുടക്കത്തിൽ 15 തൊഴിൽ മേഖലകളിലെ 82 ജോലികളിലാണ് നൈപുണ്യവികസനം നടപ്പാക്കുന്നത്. കേന്ദ്ര ഗവണ്മെന്റ് മുൻകൈ എടുത്തു നടപ്പാക്കുന്ന മേക്ക് ഇൻ ഇന്ത്യ, സ്കിൽ ഇന്ത്യ പദ്ധതികൾക്കു പ്രധാനമായും ഇതു തുണയാകുമെന്നു പ്രതീക്ഷിക്കുന്നു.

ഇന്ത്യൻ നൈപുണ്യ വികസനപദ്ധതിക്കു യുകെ മാനദണ്ഡം സ്വീകരിക്കുവാനുള്ള കാരണം യുകെ സ്കിൽ സർട്ടിഫിക്കേഷൻ ഗൾഫ് സഹകരണ കൗൺസിലി (ജിസിസി) ലെ എല്ലാ രാജ്യങ്ങളും അംഗീകരിച്ചിട്ടുള്ളതാണ് എന്നതാണ്. ഇത് ഇന്ത്യൻ തൊഴിൽ സമൂഹത്തിനു വിദേശത്തും ഇന്ത്യയിൽത്തന്നെ പ്രവർത്തിക്കുന്ന രാജ്യാന്തര കമ്പനികളിലും ജോലി ചെയ്യാൻ സാഹചര്യമൊരുക്കും.

യുകെയിലെ ഫർദർ എഡ്യൂക്കേഷൻ കോളേജു(എഫ്ഇ)കളുടെ പങ്കാളിത്തത്തോടെ ഇന്ത്യയിൽ തുടർ കോഴ്സുകൾ സംഘടിപ്പിക്കും. ഇന്ത്യയിലെ തെരഞ്ഞെടുക്കപ്പെട്ട മേഖലകളിൽ എഫ്ഇ കോളജുകൾ സ്കിൽ എക്സലൻസ് അക്കാദമികൾ സ്ഥാപിക്കും. സിറ്റി ആൻഡ് ഗിൽഡ്സ്, പിയേഴ്സൺസ് തുടങ്ങിയ യുകെയിലെ പ്രമുഖ സ്ഥാപനങ്ങൾ ഇന്ത്യൻ സെക്ടർ സ്കിൽ കൗൺസിലുമായി ചേർന്നാണ് ബ്രിഡ്ജ് കോഴ്സ് ട്രെയിനിംഗ് സർട്ടിഫിക്കേഷൻ നല്കുന്നത്. ഈ പങ്കാളിത്തത്തിന്റെ ഏറ്റവും മുഖ്യമായ കാര്യം ഇന്ത്യൻ സെക്ടർ സ്കിൽ കൗൺസിലിന് വിലയിരുത്തലിനുള്ള അംഗീകാരവും യുകെ അവാർഡിംഗ് സ്ഥാപനങ്ങളുടെ സർട്ടിഫിക്കേഷനും ലഭിക്കുന്നുവെന്നതാണ്.

വിദേശത്തു തൊഴിലിനു പോകാനാഗ്രഹിക്കുന്നവർ ഈ 'ബ്രിഡ്ജ് ട്രെയിനിംഗി'ൽ പങ്കെടുക്കുകയും വിലയിരുത്തലിനു വിധേയമാകുകയും ചെയ്താൽ ഉദ്യോഗാർത്ഥിക്ക് യുകെ ഐവിക്യു ലഭിക്കും. യുകെ ഐവിക്യൂവിന് ജിസിസി രാജ്യങ്ങളിൽ ഉൾപ്പെടെ ആഗോള തലത്തിൽ സ്വീകാര്യതയുണ്ട്.

വാഹനവ്യവസായം, കൃഷി, ആരോഗ്യസേവനം, വസ്ത്ര നിർമാണം, തുണിത്തരങ്ങളുടെ ഉത്പാദനം, നിർമാണം, ചില്ലറ വ്യാപാരം, യന്ത്രസാമിഗ്രികളുടെ നിർമ്മാണം, ഐടി-ഐടിഇഎസ്, ടെലികോം, ലൈഫ് സയൻസ്, ബ്യൂട്ടി ആൻഡ് വെൽനസ്, ഇലക്ട്രോണിക്സ്, സെക്യൂരിറ്റി തുടങ്ങിയ മേഖലകളാണ് ഇന്ത്യൻ സെക്ടർ സ്കിൽ കൗൺസിൽ നൈപുണ്യ വികസനത്തിനായി തെരഞ്ഞെടുക്കുന്നത്.

മേയ് 2016

വാല്യം 44 | ലക്കം 10

# യോജന

മലയാളം പതിപ്പ്

*ചീഫ് എഡിറ്റർ:*
**ദീപിക കച്ചൽ**

*സീനിയർ എഡിറ്റർ:*
**ധന്യ സനൽ കെ.**

*എഡിറ്റർ ഇൻ ചാർജ്:*
**ജെ. മഹേഷ് കുമാർ**





**ഈ ലക്കത്തിൽ**

# ഭിന്നശേഷിയും വികസനവും


**മലയാളം പതിപ്പ് :** റ്റി.സി 25/139, ഗവണ്മെന്റ് പ്രസ് റോഡ്, തിരുവനന്തപുരം - 695 001. ഫോൺ : 0471 - 2323826
ഇ-മെയിൽ : **yojanamal50@yahoo.co.in**

**വെബ്സൈറ്റ്** : www.yojana.gov.in

**ഇ-മെയിൽ** : yojanace@gmail.com

വരിസംഖ്യ/ബിസിനസ് സംബന്ധമായ വിവരങ്ങൾക്ക് : pdjucir@gmail.com


ആസൂത്രണവും വികസനവും ലക്ഷ്യമാക്കി മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ബംഗാളി, തമിഴ്, അസമിയ, മറാഠി, തെലുങ്ക്, ഗുജറാത്തി, ഉറുദു, പഞ്ചാബി, കന്നട, ഒറിയ എന്നീ 13 ഭാഷകളിൽ പ്രസിദ്ധീകരിക്കുന്നത്.


ഇംഗ്ലീഷ് യോജനയുടെ വരിസംഖ്യാ സംബന്ധമായ അന്വേഷണങ്ങൾക്ക് എഴുതേണ്ട വിലാസം:
ബിസിനസ് മാനേജർ (സർക്കുലേഷൻ ആന്റ് അഡ്വർടൈസ്മെന്റ്) പബ്ലിക്കേഷൻസ് ഡിവിഷൻ, റൂം നം. 48-53, സൂചനാ ഭവൻ, സിജിഒ കോംപ്ലക്സ്, ലോധി റോഡ് ന്യൂഡൽഹി 110 003

വരിസംഖ്യ: ഒരു വർഷം 230/-, രണ്ടു വർഷം 430/-, മൂന്നു വർഷം 610/-



യോജനയിൽ അച്ചടിച്ചു വരുന്ന ലേഖനങ്ങളിലെ അഭിപ്രായം ലേഖകരുടേതായിരിക്കും; അവ സർക്കാരിന്റേതാകണമെന്നില്ല. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും യോജനയ്ക്ക് ഉത്തരവാദിത്തമില്ല.


യോജനയുടെ ഉദ്ദേശ്യം വികസനത്തിന്റെ സന്ദേശം നാടെങ്ങും എത്തിക്കുകയാണ്. പക്ഷേ ഇതിൽ ഔദ്യോഗികാഭിപ്രായങ്ങൾക്കു മാത്രമല്ല സ്ഥാനം നല്കപ്പെടുക. ജനാഭിലാഷങ്ങളുടെയും നൈരാശ്യങ്ങളുടെയും കണ്ണാടി കൂടിയാണ് യോജന.

കവർ : ജി.പി. ധോപെ




## ലേഖനങ്ങൾ ക്ഷണിയ്ക്കുന്നു

**സമ്പദ് വ്യവസ്ഥ, ആരോഗ്യ, വിദ്യാഭ്യാസ, സാമൂഹ്യക്ഷേമ മേഖലകളിലെ പ്രവണതകൾ എന്നിവ സ്ഥിതിവിവര കണക്കുകളോടെ വിശകലനം ചെയ്യുന്ന**

# ലേഖനങ്ങൾ

**വിദഗ്ദ്ധരിൽനിന്നും ഗവേഷണ വിദ്യാർത്ഥികളിൽനിന്നും**

## ക്ഷണിക്കുന്നു

*വിലാസം:*

പത്രാധിപർ, യോജന, ഗവ. പ്രസ്സ് റോഡ്, തിരുവനന്തപുരം 695 001

ഇ–മെയിൽ :

yojanamal50@yahoo.co.in

യോജന
● മേയ് 2016 ●വാല്യം 44 ●ലക്കം പത്ത്

# ഉള്ളടക്കം

## ഭിന്നശേഷിയും വികസനവും

7 പ്രത്യേക ലേഖനം

ദേശീയ വിദ്യാഭ്യാസ നയവും ഭിന്നശേഷിയും
ഇന്ദുമതി റാവു

12 ഭിന്നശേഷിക്കാരുടെ നൈപുണ്യ വികസനം
ശാന്തി രാഘവൻ

15 സാമ്പത്തിക ശാക്തീകരണം ഭിന്നശേഷി ജനവിഭാഗങ്ങളിൽ
പി.സി. ദാസ്

19 സാമൂഹ്യ ബോധവത്കരണത്തിന്റെ പ്രസക്തി
ഡോ. സന്ധ്യ ലിമയെ

22 ഭിന്നശേഷിക്കാരുടെ യാത്രാ സൗകര്യങ്ങൾ
ഡോ. ദേവർഷി ചൗരസ്യ

25 ഫോക്കസ്

പ്രാപ്യത: ഒരു പ്രായോഗിക പഠനം
ശിവാനി ഗുപ്ത

29 ഭിന്നശേഷി: ഒരു ബഹുമുഖ ദർശനം
അരുണിമാ ഡേ

33 സർവജന പ്രാപ്യതയും വികസന ലക്ഷ്യങ്ങളും
ഡോ. ഗൗരവ് രഹേജ

36 എല്ലാവർക്കും വിദ്യാഭ്യാസം : വിദ്യാലയങ്ങളിൽ വേണ്ട പ്രായോഗിക മാറ്റം
രചനാ ഖാരെ

41 ഭിന്നശേഷി: സാമൂഹ്യ മാറ്റത്തിനായി ഒരുങ്ങാം
അമിത് സിങ്ങ്

45 ഭിന്നശേഷിയും നവസാങ്കേതിക വിദ്യയും
ഡോ. യു. നന്ദകുമാർ നായർ

49 ഭിന്നശേഷിക്കാരുടെ ആരോഗ്യ സംരംക്ഷണത്തിൽ വ്യായാമ മുറകളുടെ പങ്ക്
അഭിലാഷ് പി.ആർ.

52 ഏബിലിസം: ഭിന്നശേഷിക്കാരുടെ സാമൂഹിക വെല്ലുവിളികൾ
ഡോ. അരുൺ എൻ.എം.

54 നിങ്ങൾക്കറിയാമോ?

## അടുത്ത ലക്കം

ജൂൺ 2016

### ഇന്ത്യ വികസനത്തിന്റെ ചരിത്ര പഥത്തിൽ

# പ്രതിബന്ധങ്ങളില്ലാതെ മുന്നോട്ട്

ആൽബർട്ട് ഐൻസ്റ്റീന് കുട്ടിക്കാലത്ത് പഠനവൈകല്യമുണ്ടായിരുന്നു. എന്നിട്ടും ആപേക്ഷികതാ സിദ്ധാന്തം ഉൾപ്പെടെ മനുഷ്യരാശി കണ്ടതിൽ വച്ചു ഏറ്റവും മഹത്തരങ്ങളായ ശാസ്ത്ര വെളിപ്പെടുത്തലുകൾ നടത്താൻ അദ്ദേഹത്തിനായി. തോമസ് ആൽവാ എഡിസണാകട്ടെ ജന്മനാ കേൾവിക്കുറവ് ബാധിച്ചിരുന്നു. എന്നാൽ ലോകത്തെ നാം ഇന്നു കാണുന്നവിധം പ്രകാശമാനമാക്കുവാൻ ആ മനുഷ്യൻ നടത്തിയ നിരന്തര പരിശ്രമം എത്ര വലുതാണ്! ലൂയിസ് ബ്രെയ്‌ലി അന്ധനായിരുന്നു. പക്ഷേ, ലോകത്തെമ്പാടുമുള്ള കാഴ്ചവൈകല്യം ബാധിച്ചവർക്ക് വായിക്കുവാനും എഴുതുവാനും ബ്രെയ്‌ലി ലിപി എന്ന നൂതന സങ്കേതം വികസിപ്പിച്ചെടുത്തത് ഇരുളടഞ്ഞ ആ കണ്ണുകളാണെന്നറിയുമ്പോൾ എത്രമേൽ ഉൾക്കാഴ്ച അദ്ദേഹത്തിനുണ്ടായിരുന്നുവെന്ന് നാം അത്ഭുതപ്പെടുന്നു.

വൈകല്യം, അത് ശാരീരികമോ മാനസികമോ ആകട്ടെ, കുടുംബത്തിനും വ്യക്തിക്കു സ്വയംതന്നെയും ശാപം കിട്ടിയതാണെന്ന് കരുതിയിരുന്ന ഒരു ഭൂതകാലം നമുക്കുണ്ടായിരുന്നു. മുൻ തലമുറക്കാരുടെ പാപഫലമാണ് പുതു തലമുറയിലെ കുഞ്ഞുങ്ങളിൽ കാണുന്ന വൈകല്യമെന്ന് സമൂഹം വളരെക്കാലം വിശ്വസിച്ചുപോന്നു. എന്നാൽ ഇത്തരം മിഥ്യാധാരണകളെ പൊളിച്ചെഴുതുവാൻ ശാസ്ത്രത്തിനു കഴിഞ്ഞു. ഏറെക്കുറെ എല്ലാ വൈകല്യങ്ങളും ചികിത്സിച്ചു ഭേദമാക്കാവുന്നതോ, വൈഷമ്യം കുറയ്ക്കാനാവുന്നതോ ആയ രോഗാവസ്ഥ മാത്രമാണെന്ന് ഇന്ന് സമൂഹം അംഗീകരിച്ചുകഴിഞ്ഞു. വൈകല്യം മറികടക്കാനായി വിവിധ സഹായ ഉപകരണങ്ങൾ ശാസ്ത്രലോകം വികസിപ്പിച്ചെടുത്തിട്ടുണ്ട്. അവർ സമൂഹത്തിന് ഇന്നൊരധികപ്പറ്റല്ല; ഭിന്നശേഷി കൊണ്ട് നാടിന്റെ വികസന പ്രവർത്തനത്തിൽ നിർണായക ശക്തികളാണവർ.

ഭിന്നശേഷിക്കാരായ കുട്ടികളുടെ വിദ്യാഭ്യാസത്തിന് പ്രത്യേക പരിഗണന വേണമെന്ന് സമൂഹം പരക്കെ അംഗീകരിച്ചുകഴിഞ്ഞുവെന്നത് പുരോഗമനപരമായ മാറ്റമായി കാണാവുന്നതാണ്. ഭിന്നശേഷിക്കാർക്കായി പ്രത്യേക വിദ്യാലയങ്ങളല്ല വേണ്ടതെന്നും പൊതു പാഠശാലകൾ അവരെക്കൂടി ഉൾപ്പെടുത്താനാകുംവിധം വിപുലീകരിക്കുകയാണ് വേണ്ടതെന്നും നമ്മുടെ സമൂഹം തിരിച്ചറിഞ്ഞിട്ടുണ്ട്. സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ അവർ നേരിടുന്ന വെല്ലുവിളികളിൽ നല്ലൊരു ശതമാനവും ഇപ്പോഴും പരിഹരിക്കപ്പെടാതെ അവശേഷിക്കുന്നുണ്ടെങ്കിലും വരുകാലത്ത് രാഷ്ട്രപുരോഗതിയിൽ അവരുടെ ഇടപെടൽ ഒഴിവാക്കാനാകാത്ത വിധം പ്രധാനമാകുമെന്ന് ഉറപ്പാണ്.

ഐസിടി (Information and Communication Technology) സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി ഭിന്നശേഷിക്കാരുടെ ജീവിതം ആയാസരഹിതവും സുഖകരവുമാക്കി മാറ്റുന്നതിന് ഏറെ പരിശ്രമങ്ങൾ നടന്നുവരുകയാണ്. വൈകല്യം ബാധിച്ചവരെ പരസഹായമില്ലാതെ ജീവിക്കാൻ സജ്ജമാക്കുകയും ഒപ്പം മുഖ്യധാരാ വികസന പ്രക്രിയയിൽ അവരെ പങ്കാളികളാക്കുകയുമാണ് ഇതിന്റെ ലക്ഷ്യം. ഭിന്നേഷിക്കാരുടെ വികസനം ലക്ഷ്യമിട്ട് കേന്ദ്രഗവണ്മെന്റ് ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് 'അക്സസിബിൾ ഇന്ത്യ കാമ്പെയ്ൻ' (Accessible India Campaign). വൈകല്യം ബാധിച്ചവരെ സ്വതന്ത്രവും അന്തസാർന്നതുമായ ജീവിതം നയിക്കുവാൻ പ്രാപ്തരാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

വൈകല്യം ബാധിച്ചവർക്ക് തൊഴിൽ മേഖലയിൽ മുമ്പത്തെക്കാളുപരി വലിയ പരിഗണ ഇപ്പോൾ ലഭിക്കുന്നുണ്ട്. ഭിന്നശേഷിക്കാരുടെ കർമ്മശേഷിയിൽ തൊഴിൽദാതാക്കളുടെ വിശ്വാസം വർദ്ധിച്ചുവരുന്നതായാണ് കഴിഞ്ഞ കുറച്ചുവർഷങ്ങളായി കാണുന്നത്. സൃഷ്ടിപരമായ ആശയങ്ങൾ പ്രയോഗവത്കരിക്കുന്നതിന് ആവശ്യമായ ധനസഹായം നൽകി സർക്കാരും ഭിന്നശേഷിക്കാർക്ക് വേണ്ട സഹായം നൽകിവരുന്നുണ്ട്.

ഓരോ ജീവിതവും വിലപ്പെട്ടതാണ്, ദേശ, ലിംഗ, വൈകല്യ വ്യത്യാസങ്ങളില്ലാതെ. ജീവിതത്തിൽ ഏറ്റവും പ്രചോദനം നൽകിയത് ആര് എന്ന് ചോദിച്ചാൽ പലരുടേയും ഉത്തരം ഒരു ഭിന്നശേഷിക്കാരനാകും. ഭിന്നാവസ്ഥയിലുള്ള സ്വന്തം ജീവിതം കൊണ്ട് മറ്റുള്ളവരുടെ സുഖകരമായ ജീവിതത്തിന് പ്രേരണയും ആത്മവിശ്വാസവും പകരാൻ ഭിന്നശേഷിക്കാർക്കാവുന്നു.

അവർ വികലാംഗരല്ല, ദിവ്യാംഗരാണ്. ഭിന്നശേഷിക്കാരുടെ ക്ഷേമം ഉറപ്പാക്കുമ്പോൾ മാത്രമാണ് രാഷ്ട്രത്തിന്റെ വികസന സങ്കല്പം സാക്ഷാത്കരിക്കുക.



# ദേശീയ വിദ്യാഭ്യാസ നയവും ഭിന്നശേഷിയും

ഇന്ദുമതി റാവു

ഇന്ത്യയിൽ ഭിന്നശേഷിയുള്ളവരുടെ സംഖ്യ 2001 നും 2011 നും മധ്യേ 22.4% വർധിച്ചതായാണ് കണക്ക്. 2001 ൽ 2.19 കോടിയായിരുന്ന ഭിന്നശേഷി യുള്ളവരുടെ എണ്ണം 2011 ൽ 2.68 കോടിയായി. ഇവ രിൽ 1.5 കോടി പുരുഷന്മാരും 1.18 കോടി സ്ത്രീകളു മാണ്. ഭിന്നശേഷിയുള്ളവരുടെ വളർച്ചാനിരക്ക് നഗ രങ്ങളിലാണ് വർധിച്ചു വരുന്നത്, അതിൽ തന്നെ സ്ത്രീകളാണ് കൂടുതലും. നഗരങ്ങളിലെ ദശാബ്ദ കണക്ക് പരിശോധിച്ചാൽ പൊതുവിൽ 48.2% വും സ്ത്രീകളിൽ 55% വും ആണ് ഭിന്നശേഷിക്കാരായു ള്ളത്. പട്ടികജാതിക്കാരിൽ ഇത് 2.45% ആണ് (സെൻസസ് 2011).

## നാം ഇപ്പോൾ എവിടെ നില്ക്കുന്നു?

ഭിന്ന ശേഷിയുള്ള കുട്ടികളുടെ വിദ്യാഭ്യാസ അവകാശങ്ങൾ ഉറപ്പു വരുത്തുന്നതിന് ഇന്ത്യ ഇനിയും കൂടുതൽ ദൂരം സഞ്ചരിക്കേണ്ടതുണ്ട്. 2011 ലെ ജനസംഖ്യാ കണക്കുകൾ പ്രകാരം ഭിന്ന ശേഷി യുള്ളവരുടെ സംഖ്യയും പ്രൈമറി, സെക്കണ്ടറി സ്കൂളികളിൽ പഠിക്കുന്ന ഭിന്ന ശേഷിയുള്ള വിദ്യാർത്ഥികളുടെ സംഖ്യയും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ ഇത് കൂടുതൽ വ്യക്തമാകും.ഇതിൽ 0-6 വരെ പ്രായമുള്ള വിഭിന്ന ശേഷിക്കാരായ വിദ്യാർത്ഥികളുടെയും ഉന്നത വിദ്യാഭ്യാസം ചെയ്യുന്നവരുടെയും വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടു മില്ല എന്നതാണ് മറ്റൊരു നിർഭാഗ്യകരമായ വസ്തുത. ആസൂത്രണ ആവശ്യത്തിൽ ഇന്ന് നിലനില്ക്കുന്ന ഏറ്റവും വലിയ വിടവും ഇതു തന്നെ. സെൻസസ് നൽകുന്ന ചില വിവരങ്ങൾ:

- സർവശിക്ഷാ അഭിയാൻ സമഗ്ര വിദ്യാഭ്യാസ പദ്ധതിയിൽ ഭിന്നശേഷിയുള്ള 10.71 ലക്ഷം വിദ്യാർത്ഥികളെ ഉൾപ്പെടുത്തിയിട്ടുണ്ട്.
- ഭിന്ന ശേഷിയുള്ള രണ്ടു ലക്ഷം കുട്ടികൾക്ക് സെക്കണ്ടറി സ്കൂളുകളിൽ സമഗ്ര വിദ്യാ ഭ്യാസം ഏർപ്പെടുത്തിയിട്ടുണ്ട്.
- 2011 ലെ സെൻസസ് അനുസരിച്ച് ഭിന്ന ശേഷി യുള്ളവരും 0-29 പ്രായമുള്ളവരുമായ 1.23 കോടി വ്യക്തികളാണ് വിദ്യാഭ്യാസത്തിനുള്ള അവസരം തേടുന്നത്. ഇവരിൽ 53.4 ലക്ഷംപേർ സ്ത്രീകളും പെൺകുട്ടികളുമാണ്. ഭിന്ന ശേഷി യുള്ള 20 ലക്ഷം കുട്ടികൾ പ്രൈമറി, സെക്ക ണ്ടറി, സ്പെഷൽ സ്കൂളുകളിൽ പഠിക്കു ന്നുണ്ട് എന്നാണ് നിലവിലുള്ള ഏകദേശ കണ ക്കുകൾ സൂചിപ്പിക്കുന്നത്.

രാജ്യത്തെ 977 സ്പെഷ്യൽ സ്കൂളുകളിൽ ഭിന്ന ശേഷിയുള്ള ഏകദേശം ഒരു ലക്ഷം കുട്ടികൾ പഠിക്കുന്നതായി ഒരു എൻജിഒ നടത്തിയ പഠനം ചൂണ്ടിക്കാട്ടുന്നു. ഭിന്നശേഷിയും വ്യത്യസ്ത ആവ ശ്യങ്ങളുമുള്ള കുട്ടികൾക്കും വ്യക്തികൾക്കും എപ്ര കാരം വിദ്യാഭ്യാസം ഉറപ്പാക്കും എന്നതാണ് ഇവിടെ ഉയരുന്ന വെല്ലുവിളി. രാജ്യത്തെ എല്ലാ കുട്ടികൾക്കും നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം 2005 ലെ വിദ്യാഭ്യാസ അവകാശ നിയമത്തിലൂടെ ഇന്ത്യൻ ഭരണ ഘടന ഉറപ്പ് നല്കുന്നുണ്ടെങ്കിലും ഭിന്നശേഷി യുള്ള കുട്ടികളിൽ 20 ശതമാനത്തിനു പോലും അക്ഷ രാഭ്യാസം നല്കാൻ നമുക്ക് സാധിച്ചിട്ടില്ല എന്നതാണ് സത്യം. ശാരീരികവും മാനസികവുമായ വെല്ലുവിളി കൾ നേരിടുന്നവരുടെ അവകാശങ്ങളുമായി ബന്ധ പ്പെട്ട നിരവധി അന്താരാഷ്ട്ര ഉടമ്പടികളിൽ ഇന്ത്യ ഒപ്പു വച്ചിരിക്കുന്നു. ഇതു സംബന്ധിച്ച് 2006 ൽ യുഎ

ൻ പാസാക്കിയ ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശങ്ങൾ ഇന്ത്യ അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. ഭിന്നശേഷിയുള്ളവരുടെ അവകാശങ്ങൾക്കായുള്ള കമ്മിറ്റി ഊന്നൽ നല്കുന്നത് വിദ്യാഭ്യാസത്തിനാണ്. അതിനായി ഗവണ്മെന്റുകൾക്ക് രണ്ട് ഉത്തരവാദിത്തങ്ങൾ ഉണ്ട് എന്നും കമ്മിറ്റി ചൂണ്ടിക്കാണിക്കുന്നു. ഒന്ന് – ഭിന്നശേഷിയുള്ള കുട്ടികൾക്കും യുവാക്കൾക്കും മറ്റു കുട്ടികൾക്കൊപ്പം തന്നെ വിദ്യാഭ്യാസം നല്കണം. രണ്ട് – നിലവിലുള്ള സംവിധാനത്തിനുള്ളിൽ നിന്നു തന്നെ അത് നല്കണം. ഒരു വിവേചനവും കൂടാതെ ഇന്ത്യയിലെ ഒരോ കുട്ടിക്കും വിദ്യാഭ്യാസം ലഭ്യമാക്കാൻ രാജ്യം പ്രതിജ്ഞാബദ്ധമാണെങ്കിലും ഇപ്പോഴത്തെ ദുസ്ഥിതിക്ക് ബഹുമുഖമായ കാരണങ്ങൾ ഉണ്ടെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പൊതുവിലും പെൺകുട്ടികൾക്ക് പ്രത്യേകിച്ചും വികലാംഗ സൗഹൃദമായ പഠന സാഹചര്യങ്ങൾ ഉറപ്പാക്കാൻ രാഷ്ട്രീയ ഇച്ഛാശക്തിയും കഠിന പരിശ്രമവും ഉണ്ടാവേണ്ടതുണ്ട്. സംയോജിത വിദ്യാഭ്യാസമെന്ന സങ്കല്പം സംബന്ധിച്ച് വ്യക്തതയുടെ ആവശ്യം ഉണ്ട്. അത് കാഴ്ചപ്പാട്, ദൗത്യം, നയം, പ്രവർത്തന പദ്ധതി, നിയമ സംവിധാനം, വിഭവവിഹിതം എന്നിവയിൽ പ്രതിഫലിക്കുകയും വേണം. നേരത്തെ ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള വിദ്യാഭ്യാസം പൊതു വിദ്യഭ്യാസ സമ്പ്രദായത്തിന്റെ ഭാഗമായി കരുതപ്പെടുകയോ നമ്മുടെ വിദ്യാലയങ്ങളിലും സർവകലാശാലകളിലും അതിനുള്ള ഒരുക്കങ്ങൾ ചെയ്യുകയോ ചെയ്തിരുന്നില്ല.

**ഇന്ത്യയിലെ ഭിന്നശേഷിയുള്ള കുട്ടികളുടെയും വ്യക്തികളുടെയും വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് ദേശീയ വിദ്യാഭ്യാസ നയം –2015ൽ എന്തെങ്കിലും സാധ്യത ഉണ്ടോ?**

വിദ്യാഭ്യാസം സംബന്ധിച്ച സമഗ്ര നയം എന്നാൽ അടിസ്ഥാനപരമായി രാഷ്ട്രീയ ഇച്ഛാശക്തിയെയും കാഴ്ച്ചപ്പാടിനെയും പ്രവൃത്തിയിലേയ്ക്ക് പരിഭാഷപ്പെടുത്താനുള്ള വഴിതേടൽ ശ്രമമാണ്.

സമൂഹത്തിലെ ദുർബല വിഭാഗങ്ങളെ വിദ്യാഭ്യാസത്തിന്റെ മുഖ്യധാരയിലേയ്ക്കും വികസന പ്രക്രിയയിലേയ്ക്കും കൊണ്ടുവരണം. അതിന് സാമൂഹിക സാമ്പത്തിക സാംസ്കാരിക രാഷ്ട്രീയ ഭരണ തലങ്ങളിലും ഇതര മേഖലകളിലുമുള്ള തടസങ്ങൾ തിരിച്ചറിഞ്ഞ് അവയെ ശാസ്ത്രീയമായി നീക്കം ചെയ്യേണ്ടതുണ്ട്.

വിദ്യാഭ്യസത്തെകുറിച്ചുള്ള വിശാലമായ കാഴ്ച്ചപ്പാട് 2015 ലെ ദേശീയ വിദ്യാഭ്യാസ നയത്തിൽ പ്രകടമാകുന്നുണ്ട്. ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന പട്ടികജാതി, പട്ടികവർഗ, ന്യൂനപക്ഷ വിദ്യാർത്ഥി-യുവജന വിഭാഗങ്ങളെയും കടുത്ത ദാരിദ്യത്തിലും ബുദ്ധിമുട്ടിലും ജീവിക്കുന്ന കുട്ടികളെയും ഉൾപ്പെടുത്തുന്നതാവണം ഇന്ത്യൻ സാഹചര്യത്തിലെ സംയോജിത വിദ്യാഭ്യാസം. ഇന്ത്യയിൽ ആദ്യമായിട്ടാണ് ദേശീയ വിദ്യാഭ്യാസ നയം സംയോജിത വിദ്യാഭ്യാസത്തിന്റെ ആഗോള ഉത്ക്കണ്ഠകളും ചുമതലകളും പ്രതിഫലിക്കുന്ന ഒരു ഇന്ത്യൻ കാഴ്ച്ചപ്പാട് സ്വീകരിക്കുന്നത്.

**മുഖ്യധാരാ വിദ്യാഭ്യാസത്തിൽ നിന്ന് ഭിന്നശേഷിയുള്ളവരെ അകറ്റി നിർത്തുന്ന പ്രധാന ഘടകങ്ങൾ ഏതൊക്കെയാണ്?**

1. ഭിന്നശേഷിയുള്ള കുട്ടികളെയും യുവജനങ്ങളെയും വിദ്യാഭ്യാസത്തിന്റെ മുഖ്യധാരയിൽ ഉൾപ്പെടുത്തിയില്ലെങ്കിൽ എല്ലാവർക്കും വിദ്യാഭ്യാസം എന്ന ലക്ഷ്യം നേടാനാവില്ല എന്ന യാഥാർത്ഥ്യത്തെ അവഗണിക്കുന്ന നയം.
2. എല്ലാവർക്കും വിദ്യാഭ്യാസം എന്ന പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്ന ചട്ടക്കൂടിൽ ഭിന്നശേഷിയുള്ള കുട്ടികളോടും യുവജനങ്ങളോടുമുള്ള അവഗണന.
3. ആസൂത്രണം, ഭരണം, പരിശോധന, നിർവഹണം എന്നീ മേഖലകളിൽ സംയോജിത വിദ്യാഭ്യാസത്തിന്റെ ഘടനാപരമായ തടസങ്ങളെ കണ്ടെത്തി നീക്കം ചെയ്യുന്നതിൽ സംഭവിക്കുന്ന പരാജയം.
4. ഭിന്നശേഷിയുള്ള കുട്ടികളുടെയും യുവജനങ്ങളുടെയും പട്ടികജാതി, പട്ടികവർഗ ന്യൂനപക്ഷ, വിഭാഗങ്ങളുടെയും വിദ്യാഭ്യാസത്തെ ബാധിക്കുന്ന സാമൂഹിക ഘടകങ്ങളെ തിരിച്ചറിയുന്നതിലെ ന്യൂനത.
5. വൈകല്യം എന്നത് ഒരു സംസ്ഥാന വിഷ

യവും വിദ്യാഭ്യാസം കൺകറന്റ് വിഷയവും ആയതിനാൽ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ ഭിന്നശേഷിയുള്ള കുട്ടിക ളുടെയും യുവാക്കളുടെയും വിദ്യാഭ്യാസ ത്തിൽ അനുഭവപ്പെടുന്ന അന്തരം.

6. ഭിന്നശേഷിയുള്ള കുട്ടികളുടെ വിദ്യാഭ്യാസം രണ്ടു മന്ത്രാലയങ്ങളുടെ ഉത്തരവാദിത്തത്തി ലാണ് നടക്കുന്നത്. ഇതിൽ സംയോജിത വിദ്യാ ഭ്യാസം മാനവ വിഭവശേഷി വികസന മന്ത്രാ യലയവും പ്രത്യേക വിദ്യാഭ്യാസം സാമൂഹിക നീതി ശാക്തീകരണ മന്ത്രാലയവും ആണ് ഏറ്റെടുത്തിട്ടുള്ളത്. ഇതേ അതിവ്യാപനം സംസ്ഥാന തലത്തിലും ഉണ്ട്. തന്മൂലം ഭിന്നശേഷിയുള്ള കുട്ടികളുടെ വിദ്യാഭ്യാസ ത്തിൽ വിരുദ്ധ നയങ്ങൾ ഉണ്ടാകുന്നു. ഇന്ത്യ യിൽ ഭിന്നശേഷിയുള്ള കുട്ടികളുടെ ചെറുപ്പം മുതലുള്ള വിദ്യാഭ്യാസത്തിന് ഒരു നയവും നിലവിൽ ഇല്ല. നിലവിലുള്ള ഏറ്റവും വലിയ ശിശു പരിചരണ വികസന (ഏർളി ചൈൽഡ് ഹുഡ് കെയർ ആൻഡ് ഡെവലപ്മെന്റ്) പദ്ധതി സംയോജിത ശിശു വികസന പരി പാടി(ഐസിഡിഎസ്) മാത്രമാണ്. എന്നാൽ ഈ പദ്ധതിയിലും പ്രത്യേക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ വികസനം ഇനിയും ഉൾപ്പെടുത്തിയിട്ടില്ല. അംഗനവാടികൾ ഇത്തരം കുട്ടികളുടെ ചെറുപ്പം മുതലുള്ള വികസന കേന്ദ്രങ്ങളായി പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

7. നിലവിലുള്ള വിദ്യഭ്യാസ സമ്പ്രദായത്തെ മൊത്തത്തിൽ പരിഷ്കരിക്കുന്നതിനുള്ള തുട ക്കമായി സംയോജിത വിദ്യാഭ്യാസത്തെ തിരി ച്ചറിഞ്ഞിട്ടില്ല എന്നത് വസ്തുതയാണ്.

8. ഭിന്നശേഷിയുള്ള സ്ത്രീകളും കുട്ടികളും പുന രധിവാസം ആവശ്യമുള്ളവരാണ്. അത് നമ്മുടെ സാമൂഹിക സാംസ്കാരിക അവസ്ഥ കൾക്ക് യോജിച്ച വിധത്തിലാവുകയും വേണം. പ്രത്യേകിച്ച് ഭിന്നശേഷിയുള്ള സ്ത്രീകളുടെ കാര്യത്തിൽ സമൂഹം അതീവ ജാഗ്രത പുലർത്തേണ്ട കാലമാണ് ഇത്. മാധ്യമങ്ങൾ പോലും ഇക്കാര്യത്തിൽ വേണ്ടത്ര പ്രാധാന്യം നല്കുന്നില്ല.

## ഭിന്നശേഷിക്കാരുടെ വിവരശേഖരം

2001-ലെ ജനസംഖ്യ കണക്ക് പ്രകാരം ഭിന്ന ശേഷിയുള്ളവരിൽ 75 ശതമാനം ഗ്രാമങ്ങളിലും 25 ശതമാനം നഗരങ്ങളിലുമാണ്. രാജ്യത്തെ മൊത്തം ജനസംഖ്യയിൽ 2.13 ശതമാനം ഏതെങ്കിലും തരത്തി ലുള്ള വൈകല്യമുള്ളവരാണ്. ഗ്രാമീണ ഇന്ത്യയിൽ ഭിന്നശേഷിയുള്ളവരുടെ സംഖ്യ(2.21%) നഗരങ്ങളിലെ ഇവരുടെ എണ്ണത്തെ(1.93%) അപേക്ഷിച്ച് കൂടുതലാ ണ്.പുരുഷന്മാരാണ് (2.3%) സ്ത്രീകളെ അപേക്ഷിച്ച് (1.87%) കൂടുതലും വൈകല്യം അനുഭവിക്കുന്നത്. സാധാരണക്കാരെ അപേക്ഷിച്ച് ഈ വിഭാഗത്തിൽ പട്ടികജാതിക്കാരാണ്(2.23%) കൂടുതൽ. പട്ടിക വർഗ ക്കാരുടെ സംഖ്യ താരതമ്യേന (1.92%)കുറവാണ്. 2001-ൽ ഭിന്നശേഷിയുള്ള ഇന്ത്യക്കാരുടെ എണ്ണം 21.9 ദശലക്ഷമായിരുന്നു. പത്തു വർഷത്തിനു ശേഷം ഇത് 26.8 ദശലക്ഷത്തിലേയ്ക്ക് ഉയർന്നിരിക്കുന്നു.

രാജ്യത്തെ ഏറ്റവും പുതിയ ജനസംഖ്യാ കണ ക്കുകൾ പ്രകാരം ഭിന്നശേഷിയുള്ള ആളുകളുടെ സംഖ്യയിൽ നേരിയ വർധന മാത്രമാണ് രേഖപ്പെടു ത്തിയിട്ടുള്ളത്. 21.9 ൽ നിന്ന് 26.8 ദശലക്ഷം. പത്തു വർഷം കൊണ്ടുള്ള വളർച്ചയാണ് ഇത്. ശതമാന കണക്കിൽ നോക്കിയാൽ 2.13 ശതമാനത്തിൽ നിന്ന് 2.21 ശതമാനം വളർച്ച ആണ് 2011 ലെ സെൻസസിൽ രേഖപ്പെടുത്തിയിരിക്കുന്നത്. രാജ്യത്ത് ഭിന്ന ശേഷി യുള്ള 14.9 ദശലക്ഷം(2.41%) പുരുഷന്മാരും 11.8 ദശ ലക്ഷം (2.01%) സ്ത്രീകളും ഉണ്ട്. ഇവരിൽ 18 ദശ ലക്ഷം പേർ ഗ്രാമങ്ങളിലും 8.1 ദശലക്ഷം ആളുകൾ നഗരങ്ങളിലും വസിക്കുന്നു.

ഭിന്നശേഷിയുള്ളവരിലെ തൊഴിലാളികളുടെ എണ്ണം, ഭൂമിശാസ്ത്രം, സ്ത്രീകളുടെ എണ്ണം, വിദ്യാ ഭ്യാസം, ഭിന്നശേഷിയുടെ നിലവാരം എന്നിവ അനു സരിച്ച് വ്യത്യാസപ്പെട്ടിരിക്കുന്നു. 2011 ലെ ജനസംഖ്യ കണക്കു പ്രകാരം 68 ശതമാനം ഇന്ത്യക്കാർ ഗ്രാമ ങ്ങളിൽ അധിവസിക്കുന്നു. അതിനാൽ തന്നെ ഭിന്ന ശേഷിയുള്ളവരുടെ സംഖ്യയും ഗ്രാമങ്ങളിലാണ് കൂടു തൽ. ഇവർക്കിടയിൽ ദാരിദ്ര്യം വർധിക്കുന്നു; ആരോഗ്യ പരിപാലന സൗകര്യങ്ങൾ കുറയുന്നു. ഗ്രാമങ്ങളിലെ ഭിന്നശേഷിയുള്ളവർ തൊഴിലിൽ നിന്നും വിപണിയിൽ നിന്നും അകറ്റപ്പെടുന്നു. അവ

രുടെ സാക്ഷരതാ നിലവാരവും താഴെയാണ്. സെൻസസ് കണക്കുകൾ പ്രകാരം ഭിന്നശേഷിയുള്ള വരിൽ 51 ശതമാനവും നിരക്ഷരരാണ്. 26 ശതമാനം മാത്രം പ്രാഥമിക വിദ്യാഭ്യാസം നേടിയിരിക്കുന്നു. 6 ശതമാനം മിഡിൽ സ്കൂളുകളിലും 13 ശതമാനം ഹൈസ്കൂൾ തലത്തിലും അതിനു മുകളിലും എത്തുന്നു.

ഭിന്ന ശേഷിയുള്ളവരെ കുറിച്ച് നിലവിലുള്ള വിവര പ്രകാരമുള്ള എണ്ണത്തേക്കാൾ കൂടുതലാണ് അവരുടെ സംഖ്യ. കാരണം സെൻസസ് പ്രക്രിയ ഒരു കൂട്ടായ യജ്ഞമായതിനാൽ വളരെ കൃത്യവും സൂക്ഷ്മവുമായ കണക്കുകൾ അതിലൂടെ ലഭ്യമാക്കുക സാധ്യമല്ല എന്നതു തന്നെ. ഭിന്നശേഷിക്കാരെ സംബന്ധിക്കുന്ന വിവരങ്ങൾ ഉണ്ടെങ്കിൽ മാത്രമെ ഇന്ത്യയിൽ ആസൂത്രണ സേവനങ്ങൾക്ക് അത് ഫല പ്രദമായി ഉപയോഗിക്കാൻ സാധിക്കുകയുള്ളൂ. അതിന് അതിനൂതനമായ സർവെ സമീപനങ്ങളും രീതികളും ആവശ്യമാണ്.

സ്കൂൾ തലത്തിലും ഐസിഡിഎസ് തലത്തിലും ഭിന്നേഷിക്കാരുടെ രജിസ്ട്രേഷൻ രാജ്യത്ത് നിർബന്ധമായി നടപ്പാക്കണം. ഗ്രാമങ്ങളിൽ വാർഡു തലത്തിൽ അവരുടെ രജിസ്റ്ററുകൾ സൂക്ഷിക്കണം. ആധാർ, റേഷൻ കാർഡുകൾക്കൊപ്പം ശേഖരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഇവർക്ക് പ്രത്യേകം തിരിച്ചറിയൽ കാർഡുകൾ നല്കണം. ഇന്ത്യയിലെ സാമൂഹിക പുനരധിവാസ പദ്ധതി(സിബിആർ) ഇത്തരത്തിലുള്ള ഒരു ഗ്രാമീണ രജിസ്റ്റർ തയ്യാറാക്കി അവരുടെ സേവനങ്ങൾക്കായി ഉപയോഗിച്ചു വരുന്നു. സംയോജിത വിദ്യാഭ്യാസത്തിനുള്ള മറ്റ് പ്രതിബന്ധങ്ങൾ –

1. ഭിന്നശേഷിക്കാരായ കുട്ടികൾ വിദ്യാഭ്യാസ സമ്പ്രദായത്തിൽ നിന്ന് അകറ്റി നിർത്തപ്പെടുന്നു.
2. അവരുടെ കുടുംബങ്ങൾക്ക് സഹായം ലഭിക്കുന്നില്ല.
3. അധ്യാപകർക്ക് വേണ്ട പ്രത്യേക പരിശീലനം ലഭിക്കുന്നില്ല.
4. നിലവാരം കുറഞ്ഞ വിദ്യാഭ്യാസം.
5. ഇതുസംബന്ധിച്ച് മാതാപിതാക്കൾക്കും അധ്യാപകർക്കും ഭരണകർത്താക്കൾക്കും നായരൂപീകരണ വിദഗ്ധർക്കും അറിവോ ധാരണകളോ ഇല്ലാത്തത്.
6. അടിസ്ഥാന സൗകര്യ നിർവഹണം, നയം, ആസൂത്രണം, സാമ്പത്തിക സഹായം, നീരീക്ഷണം എന്നിവ ഒന്നും നിലവിലില്ലാത്ത സാഹചര്യം.
7. പൊതുസമൂഹത്തിന്റെ പിന്തുണയുടെ അഭാവം
8. കണക്കുകളുടെയും പരിശോധനാ സംവിധാനത്തിന്റെയും അഭാവം.

മൊത്തത്തിൽ രാഷ്ട്രീയ നേതൃത്വത്തിന്റെ ഇച്ഛാശൂന്യതയും ഉത്തരവാദിത്തമില്ലായ്മയും മൂലം ഭിന്നശേഷിയുള്ള അർഹരായ വ്യക്തികൾക്കുള്ള വിദ്യാഭ്യാസ അവകാശമായ സംയോജിത വിദ്യാഭ്യാസം വേണ്ടത്ര ഫലം കാണുന്നില്ല എന്നതാണ് വാസ്തവം.

## നവ വിദ്യാഭ്യാസ നയം 2015: സാമൂഹിക വിടവുകൾ നികത്താനുള്ള സേതുസംരംഭം

നവ വിദ്യാഭ്യാസ നയം 2015 സ്വീകരിച്ചിട്ടുള്ളത് അടിമുടിയുള്ള വികസന സമീപനമാണ്. ചർച്ചകൾ, സംവാദങ്ങൾ തുടങ്ങിയവയിലൂടെ സമൂഹത്തിന്റെ പങ്കാളിത്തം ഇതിൽ ഉറപ്പാക്കിയിട്ടുമുണ്ട്. ഈ പങ്കാളിത്ത സമീപനമാണ് നവ വിദ്യാഭ്യാസ നയം 2015 ന്റെ ഏറ്റവും വലിയ പ്രത്യേകത. നയപരമായ ചട്ടക്കൂടിന് ആവശ്യമായ വസ്തുതകൾ ആസൂത്രണ വിദഗ്ധർക്ക് ഈ സമീപനത്തിലൂടെ ലഭ്യമാക്കുന്നു. ഇത് വലിയ വിജയമായിട്ടുണ്ട്. അതിനാൽ നയചട്ടക്കൂടിൽ സംയോജിത വിദ്യാഭ്യാസ നയം വളരെ വ്യക്തമാണ്. സംയോജിത വിദ്യാഭ്യാസം രാജ്യത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ അവിഭാജ്യ ഭാഗമായാണ് കാണുന്നത്. ഇതിലൂടെ പ്രാഥമിക വിദ്യാഭ്യാസ തലത്തിൽ നിന്ന് ഉന്നത വിദ്യാഭ്യാസ തലത്തിലേയ്ക്ക് ഉയർന്നു പോകാൻ വേണ്ട സംവിധാനങ്ങൾ വികലാംഗരായ കുട്ടികൾക്കും യുവാക്കൾക്കും ലഭ്യമാകുന്നു. ഓരോ അധ്യാപകനും വിദ്യാർത്ഥിയുടെ വൈവിധ്യമാർന്ന ആവശ്യങ്ങൾ നിറവേറ്റാൻ ശേഷിയുള്ളവരായി മാറണം എന്നാണ് വിദ്യാഭ്യാസ നയം 2015

വിവക്ഷിക്കുന്നത്. എല്ലാ തലങ്ങളിലും ഇതിനുള്ള പരിശീലനങ്ങളും ലഭ്യമാക്കണം. എല്ലാ സ്കൂളുകളെയും ഇ-ലേണിങ് സംവിധാനം ഏർപ്പെടുത്തി ശാക്തീകരിക്കണം. ഭിന്നശേഷിയുള്ള കുട്ടികളുടെയും അവരുടെ കുടുംബങ്ങളുടെയും ആവശ്യങ്ങൾക്കനുസൃതമായി ഉയരാനുള്ള പരിശീലനം അധ്യാപകർക്കും ആ മേഖലയിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്കും നല്കണം.

ഒരു പ്രധാന വെല്ലുവിളി ഭിന്നശേഷിയുള്ള കുട്ടികൾ/ചെറുപ്പക്കാർ എന്നിവരെ കണ്ടെത്തി വിവരങ്ങൾ ശേഖരിക്കാനുള്ള ബുദ്ധിമുട്ടാണ്. നഗരങ്ങളിൽ ഈ ജോലി എളുപ്പവും ഗ്രാമങ്ങളിൽ ശ്രമകരവുമാണ്. സ്കൂൾ പ്രവേശനം, അധ്യാപക പരിശീലനം, പാഠ്യപദ്ധതി വികസനം, അധ്യാപന നയം, പഠനസാമഗ്രികൾ ലഭ്യമാക്കൽ, വിലയിരുത്തൽ തുടങ്ങി വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ എല്ലാ ഘടകങ്ങളിലും പുത്തൻ വിദ്യാഭ്യാസ നയം ഭിന്നശേഷിക്കാരെ പ്രത്യേകം പരിഗണിച്ചിട്ടുണ്ട്.

സംയോജിത വിദ്യാഭ്യാസം എന്ന കാഴ്ച്ചപ്പാടാണ് വിദ്യാഭ്യാസ നയം-2015 സ്വീകരിച്ചിരിക്കുന്നത്. ഭിന്നശേഷിയുള്ള കുട്ടികളെ വേർതിരിച്ച് കാണുന്ന രീതി തന്നെ വിദ്യാഭ്യാസ നയം 2015 ഒഴിവാക്കിയിരിക്കുന്നു. ഓരോ വിദ്യാർത്ഥിക്കും വിദ്യാഭ്യാസത്തിന് അവകാശമുണ്ട്. അതിൽ ബുദ്ധിശേഷി, ലിംഗം, ശാരീരികക്ഷമത തുടങ്ങിയ ഘടകങ്ങൾ പരിഗണിക്കാനേ പാടില്ല. അതിനാലാണ് വിദ്യാഭ്യാസ നയം 2015 വലിയ മാറ്റങ്ങൾക്കുള്ള സാധ്യതകൾ തുറക്കുന്നു എന്ന് കരുതുന്നത്. അനുയോജ്യമായ ചുറ്റുപാടുകളിൽ പ്രത്യേക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കും വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ വാതിലുകൾ മലർക്കെ തുറക്കുകയാണ് സംയോജിത വിദ്യാഭ്യാസ രീതി ചെയ്യുന്നത്.

ഇ ലേണിങ്, ഓൺലൈൻ ലേണിങ്, അധ്യാപക പരിശീലനം, അധ്യാപക ശേഷി വികസനം, ദേശീയ നൈപുണ്യ വികസനം തുടങ്ങിയ പദ്ധതികളിലൂടെ എല്ലാവർക്കും വിദ്യാഭ്യാസം എന്ന ലക്ഷ്യം ഇന്ത്യയിൽ ഉടൻ യാഥാർത്ഥ്യമാകുമെന്ന് പ്രതീക്ഷിക്കാം.

*(CABE CBR നെറ്റ്‌വർക്കിൽ മെമ്പറും ഉപദേഷ്ടാവുമാണ് ലേഖിക)*

**വിജ്ഞാനപാത**

## സുഗമ്യ ഭാരത് അഭിയാൻ (Accessible India Campaign)

അംഗപരിമിതരുടെ പൊതു ഇടങ്ങളിലുള്ള ചലനസ്വാതന്ത്ര്യം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ നടപ്പിലാക്കിയ പ്രചരണ പരിപാടിയാണ് സുഗമ്യ ഭാരത് അഭിയാൻ. 2015 ഡിസംബർ 3 അന്താരാഷ്ട്ര ഭിന്നശേഷി ദിനത്തിൽ കേന്ദ്രമന്ത്രി അരുൺ ജയ്റ്റ്ലി ഈ പ്രചാരണ പരിപാടിക്ക് തുടക്കംകുറിച്ചു. അംഗപരിമിതരുടെ സംരക്ഷണത്തിനായുള്ള നിയമത്തിലെ (Persons with Disabilities Equal opportunities, Protection of rights & Full Participation Act, 1995) 44, 45, 46 വകുപ്പുകൾ പ്രകാരം റോഡുകൾ, കെട്ടിടങ്ങൾ തുടങ്ങിയ പൊതു ഇടങ്ങളിൽ അംഗപരിമിതർക്ക് വിവേചനമില്ലാതെ സുഗമമായി സഞ്ചരിക്കുവാനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കണം. അതിനായി,

1) പൊതു കെട്ടിടങ്ങളിൽ റാമ്പുകൾ ഉണ്ടായിരിക്കണം.
2) വീൽചെയർ ഉപയോഗിക്കുന്നവർക്ക് ഉപയോഗിക്കുവാൻ സാധിക്കുന്ന രീതിയിലുള്ള ശൗചാലയങ്ങൾ ഉണ്ടായിരിക്കണം.
3) ലിഫ്റ്റുകളിൽ ബ്രെയ്‌ലി ലിപിയിലോ, ശബ്ദരൂപത്തിലോ ഉള്ള നിർദ്ദേശങ്ങൾ ഉണ്ടായിരിക്കണം.
4) ആശുപത്രികളിലും, PHC കളിലും പുനഃരധിവാസ സങ്കേതങ്ങളിലും റാമ്പുകൾ ഉണ്ടായിരിക്കണം.

കേന്ദ്ര സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയത്തിനു കീഴിലുള്ള ഭിന്നശേഷിക്കാരുടെ ശാക്തീകരണത്തിനായുള്ള കേന്ദ്രവകുപ്പാണ് (DEPwD) രാജ്യമെമ്പാടും ഈ പ്രചരണപരിപാടിയ്ക്ക് ചുക്കാൻ പിടിക്കുന്നത്. അംഗപരിമിതർക്ക് സുഗമമായി സഞ്ചരിക്കുവാൻ ബുദ്ധിമുട്ടുള്ള കെട്ടിടങ്ങളെയും പ്രദേശങ്ങളെയും കുറിച്ച് അധികൃതരെ അറിയിക്കുവാൻ ഡിപ്പാർട്ട്മെന്റ് മൊബൈൽ ആപ്പ് ഇറക്കുവാനും പദ്ധതിയിടുന്നു. ക്രൗഡ് സോഴ്സിംഗിലൂടെ Accessible India Pertal വഴി വിവരങ്ങൾ ഷെയർ ചെയ്യുക എന്നതാണ് ലക്ഷ്യം.



# ഭിന്നശേഷിക്കാരുടെ നൈപുണ്യ വികസനം

**ശാന്തി രാഘവൻ**

മഞ്ജു നാഥ് ഒരു ചെറിയ കമ്പനിയുടെ സൂപ്പർ വൈസറാണ്. അദ്ദേഹത്തിന്റെ ടീം, 15 പേരെ ഉൾക്കൊള്ളുന്നതും, ടെക്സ്റ്റയിൽ മെഷീനറിയുടെ ഭാഗങ്ങളുമായി ബന്ധപ്പെട്ട ജോലി ചെയ്യുന്നവരുമാണ്. ഗുണനിലവാരം എന്നത് നിർണ്ണായകമായ ഒരു ഘടകമാണിവിടെ. ഇടപാടുകാരാൽ ചരക്കുകൾ തിരസ്ക്കരിക്കപ്പെടുന്നത് ബിസിനസിൽ വലിയ നഷ്ടം തന്നെ ക്ഷണിച്ചു വരുത്തും. പ്രധാനമന്ത്രിയുടെ 'മേയ്ക്ക് ഇൻ ഇന്ത്യ' എന്ന പദ്ധതി ഗുണനിലവാരമുള്ള ഉത്പന്നങ്ങൾ നല്കുന്ന മഞ്ജുനാഥിനെ പോലെയുള്ള ആളുകളെ അടിസ്ഥാനപ്പെടുത്തിയാണ്. ഇവിടെ ശ്രദ്ധിക്കേണ്ട കാര്യം മേൽപ്പറഞ്ഞ മഞ്ജുനാഥ് കാഴ്ചശേഷി കുറവുള്ള ഒരു വ്യക്തിയും അദ്ദേഹത്തിന്റെ ടീമംഗങ്ങൾ ഭിന്നശേഷിയുള്ളവരുമാണ് എന്നതാണ്.

സ്റ്റാൻലി സ്വയം തൊഴിൽ ചെയ്യുന്ന ആളാണ്, അദ്ദേഹത്തിന് ഫീനൈയിൽ ബിസിനസ് ആണ്. സെറിബ്രൽ പാൾസിയുടെ പിടിയിൽപ്പെട്ട ആളാണ് അദ്ദേഹം. തബാസ്സം എന്ന സ്ത്രീ സമുദ്ര തീരത്ത് നിന്നും അകലെയുള്ള ഒരു കേന്ദ്രത്തിലാണ് ജോലി ചെയ്യുന്നത്. ഇംഗ്ലണ്ടിൽ നിന്നും വളരെ അകലെയുള്ള സമുദ്ര യാത്രക്കാരുടെ വിവരങ്ങൾ സ്ക്രീനിൽ പരിശോധിക്കലാണ് അവരുടെ ജോലി. അവർ ശാരീരിക വൈകല്യമുള്ള വ്യക്തിയാണ്. എങ്കിൽക്കൂടി തന്റെ കർത്തവ്യം അതീവ ഏകാഗ്രതയോടെ അവർ നിറവേറ്റുന്നു. മാളിൽ ജോലി ചെയ്യുന്ന പ്രദീപ് ഒരു വാഹനത്തിന്റെ ഉടമ കൂടിയാണ്. അദ്ദേഹം ധിഷണാ വൈകല്യം നേരിടുന്നതും ഒപ്പം കാഴ്ചയ്ക്കും, കേൾവിക്കും വൈകല്യമുള്ള ഒരാളുമാണ്. പ്രശാന്ത്, പഞ്ചായത്ത് വികസന ഓഫീസർ ആയി ജോലി ചെയ്യുന്ന ഒരു വ്യക്തിയാണ്. തുടക്കത്തിൽ അദ്ദേഹത്തിന് അന്ധത കാരണം ജോലി നൽകിയിരുന്നില്ല, ശേഷം കന്നടയിൽ ടൈപ്പ് ചെയ്യാൻ പ്രത്യേക പരിശീലനം കൊടുക്കുകയും സംഭാഷണത്തിലൂടെ പ്രവർത്തിക്കുന്ന സോഫ്റ്റ് വെയറിൽ പരിശീലനം നേടുകയും അതുവഴി തന്റെ ദൗർബല്യം മറികടക്കുകയും ചെയ്തു. ക്രമേണ സഹപ്രവർത്തകരുടേയും ഗ്രാമവാസികളുടെയും ബഹുമാനത്തിനു പാത്രമായിത്തീരാൻ അദ്ദേഹത്തിനായി.

ഗോസിയയെ തന്റെ മാതാവ് എന്നും കുളിപ്പിക്കുകയും, ഭക്ഷണം നല്കുകയും ചെയ്യണമായിരുന്നു. അവളുടെ വൈകല്യം അത്രത്തോളം രൂക്ഷമായിരുന്നു. പേശീചലനം ഇല്ലെന്നു തന്നെ പറയാം. എന്നാൽ ഇന്ന് അവൾ ഒരു മൾട്ടിനാഷണൽ കമ്പനിയിലെ പ്രൊജക്റ്റ് കോ-ഓർഡിനേറ്ററാണ്. അവൾ കിട്ടുന്ന ശമ്പളം കൊണ്ട് തന്റെ അമ്മയെ പരിപാലിക്കുന്നു. ഗോസിയ, തന്റെ ജോലി ഓൺലൈനായാണ് ചെയ്യുന്നത്. തന്റെ ജോലി എളുപ്പമാക്കാൻ അവൾക്കിന്ന് പല പ്രതിവിധികളുമുണ്ട് അതിലൊന്നാണ് സംഭാഷണം തിരിച്ചറിയുന്ന സോഫ്റ്റ് വെയറുകൾ. അതുവഴി അവൾക്കു ഫോൺ ഡയൽ ചെയ്യാം, ഇന്റർനെറ്റും മറ്റു സോഫ്റ്റ്‌വെയർ ടൂളുകളും ഉപയോഗിക്കാം, തന്റെ ശബ്ദം മാത്രം കൊണ്ട്.

മഞ്ജു നാഥ്, സ്റ്റാൻലി, തബാസ്സം, പ്രദീപ്, ഗോസിയ, രാജീവ്, പ്രശാന്ത് എന്നിവരെല്ലാം ചെയ്ഞ്ച് ഇൻ ഇന്ത്യയുടെ ഭാഗമാണ്. നൈപുണ്യം നേടുകയും അത് വഴി, തൊഴിൽ ചെയ്യാവുന്ന തരത്തിലാവുകയും മറ്റുള്ളവരെപ്പോലെ ജോലി ചെയ്യുകയും, നികുതി

അടക്കുകയും, തങ്ങളുടെ കുടുംബത്തെ സംരക്ഷിക്കുകയും പൊതു സമൂഹത്തിന്റെ ഭാഗമാകുകയും ചെയ്യുന്നു. ഇവരൊക്കെ നമ്മെ ഓർമ്മിപ്പിക്കുന്നത് ഇന്ത്യയുടെ മാഹാത്മ്യം എന്നത് വൈകല്യങ്ങൾ, ദാരിദ്ര്യം, വിവേചനങ്ങൾ എന്നീ വെല്ലുവിളികളെ കീഴടക്കി വളരാനുള്ള സാമാന്യ ജനങ്ങളുടെ കഴിവ് ആണെന്നാണ്.

## തൊഴിലും വൈദഗ്ധ്യവും: ഒരു സംക്ഷിപ്തരൂപം

കഴിഞ്ഞ പത്തു വർഷമായി ഭിന്നശേഷിയുള്ളവർക്ക് സ്വകാര്യ മേഖലയിലുള്ള തൊഴിലവസരങ്ങൾ വളരെയധികം കൂടിയിട്ടുണ്ട്. പ്രത്യേകിച്ചും മെട്രോ നഗരങ്ങളിലുള്ള കമ്പനികളിൽ. അത്തരം കമ്പനികൾ, ഭിന്നശേഷിയുള്ള ആളുകൾക്ക് തൊഴിൽ നല്കിയാലുണ്ടാകുന്ന ജോലി ശ്രേഷ്ഠതയെപ്പറ്റി മനസ്സിലാക്കിയിരിക്കുന്നു. ഉത്പാദനക്ഷമതയിലും, ഗുണമേന്മയിലുമുള്ള കമ്പനിയുടെ അസ്വാസ്ഥ്യങ്ങൾ, ഉദ്യോഗാർഥികളെ വൈദഗ്ധ്യപ്പെടുത്തിയും, തൊഴിൽപരത കൂട്ടിയും അഭിസംബോധന ചെയ്തിരിക്കുന്നു. 2008ലും 2014ലും സാമ്പത്തികമാന്ദ്യത്തിന്റെ പാരമ്യതയിലായിരുന്നിട്ടു കൂടി കമ്പനികൾ ഭിന്നശേഷിക്കാരെ ധാരാളമായി നിയമിച്ചിട്ടുണ്ട്. നമ്മൾ നല്ല ഉത്പന്നങ്ങൾ വികസിപ്പിക്കുകയാണെങ്കിൽ അതിനു എല്ലായ്പ്പോഴും മാർക്കറ്റ് ഉണ്ടാവുമെന്ന് തന്നെയാണ് ഇത് സൂചിപ്പിക്കുന്നത്. കഴിഞ്ഞ 5 വർഷമായി വളർച്ചയിലുള്ള കമ്പനികൾ, തങ്ങളുടെ വിതരണ ശൃംഖലയിൽ വലിയ വിടവ് നേരിടുകയാണ്. അത് നികത്താനായി ചില കമ്പനികൾ ഭിന്നശേഷിയുള്ളവരെ, സ്ഥിര ഉറവിടമായി നോക്കിക്കാണുകയാണ്. ശാരീരിക വൈകല്യത്തിൽ പ്രത്യേക പഠനം നടത്തുന്ന NGOs, മുഖ്യധാരാ പരിശീലന സ്ഥാപനങ്ങൾ, സാമൂഹ്യ സംരംഭങ്ങൾ എന്നിവ ഇന്ന് ടു ടയർ നഗരങ്ങളിലും, ജില്ലകളിലും വൈകല്യമുള്ളവർക്ക് തൊഴിൽ സാധ്യതകൂട്ടുവാനും വൈദഗ്ധ്യം പ്രധാനം ചെയ്യാനുമുള്ള പ്രയത്നത്തിലാണ്.

വിജയം കൈവരിച്ച നൈപുണ്യ വികസന മാതൃകകൾ അനുഭവാധിഷ്ഠിതമായ പഠനത്തിലൂടെ ഉണ്ടായതാണ്. മനോഭാവത്തിലും, ജീവിത വൈദഗ്ധ്യത്തിലുമുള്ള പരിശീലനം നല്കിയിരുന്നാൽ ഉദ്യോഗാർഥികളെ ഒരു കമ്പനി നിലനിർത്തുന്ന കാലയളവും കൂടിയിരിക്കും. മാതാപിതാക്കളുടെ ഉന്നമനത്തിനായുള്ള വൈദഗ്ധ്യപ്രവർത്തനങ്ങൾ തീർച്ചയായും ദീർഘ കാലാടിസ്ഥാനത്തിൽ ഒരു മുതൽക്കൂട്ടു തന്നെയാണ്. മാതാപിതാക്കൾ ഒരിക്കലും തങ്ങളുടെ ഭിന്നശേഷിയുള്ള കുട്ടി ജീവിതത്തിലും ജോലിയിലുമുണ്ടാകുന്ന പരുക്കൻ യാഥാർത്ഥ്യങ്ങളെ ഉൾക്കൊള്ളുമെന്നു കരുതില്ല. എത്ര തന്നെ സാമ്പത്തിക പ്രശ്നങ്ങൾ ഉണ്ടായാലും അവർ തങ്ങളുടെ ഭിന്നശേഷിയുള്ള കുഞ്ഞുങ്ങളെ ക്ലേശമുണ്ടാക്കുന്ന അവസ്ഥകളിൽ നിന്നും, യാത്ര, ഷിഫ്റ്റിൽ ജോലി ചെയ്യൽ, ടാർഗറ്റ് എത്തിക്കാനുള്ള ജോലി ചെയ്യൽ എന്നിവയിൽ നിന്നും സംരക്ഷണം കൊടുക്കും. ഇക്കാര്യങ്ങൾ സുഗമമാക്കാൻ മാതാപിതാക്കൾക്കു വേണ്ട അബബോധം നൽകേണ്ടിയിരിക്കുന്നു. മേധാശക്തി വളരെ കുറഞ്ഞ വ്യക്തികൾക്ക് പോലും വളരെ സൂക്ഷ്മമായ മേൽനോട്ടത്തിനു കീഴിലുള്ള പരിശീലനം വളരെ വിജയകരമാണെന്ന് തെളിഞ്ഞിട്ടുണ്ട്. ഇത്തരത്തിലുള്ള വൈദഗ്ധ്യ പരിശീലനങ്ങൾ സാമ്പ്രദായികമായ പരിശീലന പദ്ധതികൾക്ക് പകരമായി കണക്കാക്കാവുന്നതാണ്. മാനസിക വൈകല്യമുള്ള വ്യക്തികളുടെ വിദഗ്ധ പരിശീലനവും നിയമനവും കൗൺസിലറുടെയും മനോരോഗ വിദഗ്ധന്റെയും സഹായത്തോടെ ചെയ്യാവുന്നതാണ്.

ചില്ലറ കച്ചവടം, അതിഥി സല്ക്കാരം, IT-ITES സേവനങ്ങൾ, വസ്ത്രനിർമ്മാണം, ബാങ്കിംഗ് തുടങ്ങി വളർന്നു വരുന്ന മേഖലകളിലാണ് വൈദഗ്ധ്യ പരിശീലനം പ്രധാനമായും നടക്കുന്നത്. സൗന്ദര്യ സംരക്ഷണവും ആരോഗ്യവും, മൊബൈൽ റിപ്പയറിങ് എന്നിങ്ങനെ വിവിധ മേഖലകളിൽ വിദഗ്ധ പരിശീലനം നല്കി ഭിന്നശേഷിക്കാരെ സ്വയം തൊഴിലിനു പ്രാപ്തമാക്കുക എന്നിവയും വിജയകരമായി പരീക്ഷിച്ചവയാണ്.

## ഭാവിയിലെ സാഹചര്യം

പ്രധാനമന്ത്രി സമാരംഭിച്ച ദേശീയ വൈദഗ്ധ്യ നയത്തിന്റെ ലക്ഷ്യം വരുന്ന 7 വർഷത്തിനുള്ളിൽ ഭിന്നശേഷിയുള്ള 38 ലക്ഷം ജനങ്ങൾക്ക് തൊഴിൽ പരിശീലനം നല്കുക എന്നതാണ്. ഭിന്നശേഷിയുള്ളവരെ ശാക്തീകരിക്കുന്നതിനു വേണ്ടിയുള്ള ഒരു വകുപ്പ് (DEPwD) സാമൂഹ്യ നീതിവകുപ്പിന്റെ ഭാഗമായി സൃഷ്ടിച്ചിരിക്കുന്നു. ഇത് തീർച്ചയായും ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള ദേശീയ കർമ്മപദ്ധതിയുടെ ഭാഗമായി വലിയ മാറ്റങ്ങൾ വരുത്തുമെന്ന് കരുതുന്നു. വൈദഗ്ധ്യ നയം മുന്നോട്ടു കൊണ്ട്

പോകാൻ ഭിന്ന ശേഷിക്കാർക്കായുള്ള വൈദഗ്ധ്യ കൗൺസിലും രൂപീകരിച്ചിട്ടുണ്ട്. അത് കൊണ്ട് തന്നെ ഇത്തരം ആളുകൾക്ക് സാമ്പത്തിക-തൊഴിൽ ശക്തിയുടെ ഭാഗമാകാനായുള്ള അനുയോജ്യ സാഹചര്യമാണിപ്പോഴുള്ളത്. ഭിന്ന ശേഷിയുള്ളവരുടെ വിജയ ഗാഥകൾ നമ്മൾ മൂലധനമാക്കി മാറ്റുകയും ശാരീരികവും മാനസികവുമായി കഠിനമായ വൈകല്യമുള്ളവർക്ക് പ്രത്യേക പരിശീലനം നല്കുകയും, എല്ലാ തരത്തിലുമുള്ള തൊഴിലുകൾക്കും തുല്യ പരിഗണന നല്കുകയും വേണം.

ഇപ്പോഴുള്ള ഏതാണ്ട് 600 ഓളം ഗ്രാമീണ സ്വയം തൊഴിൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ തൊഴിൽ പരിശീലനത്തിനു വേണ്ടി നമുക്കുപയോഗിക്കാവുന്നതാണ്. വ്യത്യസ്ത സ്വയം തൊഴിൽ ആവശ്യങ്ങൾക്കായി പ്രത്യേക കരിക്കുലം സൃഷ്ടിക്കേണ്ടതാണ്. വേണ്ട യോഗ്യതയുള്ള ഭിന്ന ശേഷിയുള്ള പരിശീലകരെ മറ്റു ഭിന്ന ശേഷിക്കാർക്ക് പരിശീലകരായും റോൾ മോഡലുകളായും മാറ്റാവുന്നതാണ്.

കഴിഞ്ഞ 10 വർഷമായി, 273ൽ പരം വിവിധ തരം ജോലികൾ, 26 സെക്ടറുകളിലായി വ്യത്യസ്ത തരത്തിലുള്ള ഭിന്നശേഷിയുള്ള വ്യക്തികൾക്കായി അവരുടെ ചുറ്റുപാടുകൾ തിരിച്ചറിഞ്ഞ് രൂപീകരിച്ചിട്ടുണ്ട്. ഭിന്നശേഷിയുള്ളവരെ കൂടുതലായി ഉൾക്കൊള്ളാനായി ചിട്ടയോടു കൂടിയ പ്രവർത്തനങ്ങൾ ഇനിയും ആവശ്യമുണ്ട്.

സമഗ്രമായ പിന്തുണ നല്കുന്ന വ്യവസ്ഥകൾ പ്രാബല്യത്തിൽ വരുത്തി തൊഴിൽ വിശകലന സേവനം, തൊഴിലിടങ്ങളിലെ പ്രശ്നപരിഹാരം, അവബോധം വളർത്തൽ, സംവേദന ക്ഷമത വർദ്ധിപ്പിക്കൽ, നേതൃപാടവത്തിന്റെ വികസനം തുടങ്ങിയ സേവനങ്ങൾ ഇത്തരക്കാർക്ക് നൽകാൻ വേണ്ടി തയ്യാറാവണം. ഇത് വൈദഗ്ധ്യ സംരഭങ്ങൾ വിജയകരമാക്കുവാൻ അത്യന്താപേക്ഷിതമാണ്. ഭിന്ന ശേഷിക്കാരുടെ ഇടയിൽ പ്രവർത്തിക്കുകയും അവരെ മുഖ്യ ധാരയിലേക്കു കൊണ്ടുവരാൻ വേണ്ടി പ്രയത്നിക്കുകയും ചെയ്യുന്ന വ്യത്യസ്ത ജനവിഭാഗങ്ങളുടെ സഹകരണം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ്, ഈ വർഷം 'എനേബിൾ അക്കാദമി' ആരംഭിച്ചിരിക്കുന്നത്. ഈ പ്ലാറ്റ്ഫോമിൽ എല്ലാവർക്കും ഉറവിടങ്ങളെ ഉപയോഗിക്കാനും, പങ്കിടുവാനും, കാംപയിനുകൾ നടത്താനുമുള്ള ഇടം ഒരുക്കിയിരിക്കുന്നു. ഇതുവഴി സമഗ്രമായ പിന്തുണയും, സഹകരണ പരിശ്രമവും ആവശ്യമുള്ളിടത്ത് ഉപയോഗിക്കാൻ സാധിക്കുന്നു. 'നമ്മവാണി' എന്ന അന്യോന്യം സമ്പർക്കം പുലർത്താനാവുന്ന പ്രതിഭാഷണ സംവിധാനം കർണ്ണാടകയിലെ ഗ്രാമാന്തരങ്ങളിൽ വൈകല്യമുള്ളവർക്ക്, ഒരു മിസ്സ്ഡ് കോളിലൂടെ സഹായം ലഭിക്കുന്ന വെർചൽ നെറ്റ് വർക്കിംഗ് സംരംഭമാണ്. ഭിന്നശേഷിയുള്ളവർ അതുവഴി അവരുടെ ജീവിതാനുഭവങ്ങളും പ്രശ്നങ്ങളും പങ്കുവയ്ക്കുകയും, പ്രശ്നപരിഹാരങ്ങൾ കണ്ടെത്തുകയും, അവബോധവും പ്രതീക്ഷയും കൈവരിക്കുകയും, ദിനേനയുള്ള വെല്ലുവിളികളെ നേരിടുകയും ചെയ്യുന്നു. ഇത്തരം സാങ്കേതിക വിദ്യകൾ അടിസ്ഥാനമാക്കിയുള്ള സംവിധാനങ്ങൾ ഗുണപ്രദമാവുകയും വൈകല്യമുള്ളവർക്ക് വിദഗ്ധ പരിശീലനം നൽകുന്നതിൽ തിളക്കമാർന്ന ഒരു ഭാവി ഉറപ്പാക്കുകയും ചെയ്യുന്നു.

*മേക്ക് ഇൻ ഇന്ത്യ വിജയകരമാവുന്നത് ഇന്ത്യയിൽ പുരോഗമനപരമായ മാറ്റങ്ങൾ ഉണ്ടാവുമ്പോഴാണ്. ഇതു സമൂഹത്തിലുള്ള എല്ലാ വിഭാഗങ്ങളേയും ഉൾകൊണ്ടുമാവണം. വിജയകരമായി തങ്ങളുടെ തൊഴിലിലേർപ്പെടുന്ന ഭിന്ന ശേഷിയുള്ളവരാവണം ഈ മാറ്റത്തിന്റെ അഗ്രദൂതർ.*

*(ഭിന്നശേഷിക്കാർക്കായുള്ള എനേബിൾ ഇന്ത്യ (Enable India) യുടെ സ്ഥാപകാംഗമാണ് ലേഖകൻ)*

## ഭിന്നശേഷിക്കാരിലെ അപൂർവ വ്യക്തിത്വങ്ങൾ

**രജീന്ദർസിംഗ് രഹേലു**: പഞ്ചാബിലെ ജലന്ധറിൽ നിന്നുമുള്ള ഈ പവർലിഫ്റ്റർ 2004 ഏതൻസ് പാരാലിംപിക്സിൽ വെങ്കലം നേടി. 56 kg വിഭാഗത്തിലായിരുന്നു ഈ നേട്ടം. 2006ൽ രാജ്യം അർജുന അവാർഡ് നൽകി ആദരിച്ചു.

**മാലതി കൃഷ്ണമൂർത്തി ഹോല**: 5 പാരാലിംപിക്സ് ഒളിംപിക്സുകളിൽ ഇന്ത്യയെ പ്രതിനിധീകരിച്ചു. ഇരു കാലുകളും തളർന്ന് വീൽചെയറിന്റെ സഹായത്തോടെ സഞ്ചരിക്കുന്ന ഈ അത്‌ലറ്റ് രാജ്യത്തിനു വേണ്ടി വിവിധ മത്സരങ്ങളിൽ നിന്നായി നേടിയെടുത്തത് 369 സ്വർണ്ണമെഡലുകളാണ്. ഷോട്ട്പുട്ട്, ഡിസ്കസ് ത്രോ എന്നിവയാണ് പ്രധാന ഇനങ്ങൾ. 1996ൽ അർജുന അവാർഡും 2001ൽ പദ്മശ്രീയും ലഭിച്ചു.

# സാമ്പത്തിക ശാക്തീകരണം ഭിന്നശേഷി ജനവിഭാഗങ്ങളിൽ

**പി സി ദാസ്**

ഇന്ത്യൻ ഭരണഘടനയുടെ നിർദ്ദേശക തത്വങ്ങൾ തൊഴിലിന്റെ പ്രസക്തിയെ അംഗീകരിക്കുകയും സ്ത്രീപുരുഷ ഭേദമെന്യേ പൗരന്മാരുടെ ഉപജീവനത്തിനാവശ്യമായ ഉപാധിയെന്ന നിലയിൽ അവർക്ക് തൊഴിൽ ഉറപ്പാക്കണമെന്ന് സംസ്ഥാനങ്ങളെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനങ്ങൾ അവയുടെ സാമ്പത്തിക ശേഷിയുടെയും വികസന സാധ്യതകളുടെയും ഉള്ളിൽ നിന്നുകൊണ്ട് ഓരോ പൗരനും യോജിച്ച തൊഴിൽ ലഭ്യമാക്കണമെന്ന് ഖണ്ഡിക 41 ലും, തൊഴിൽ ചെയ്യുന്നതിന് ആവശ്യമായ നീതിയുക്തവും മാനുഷികവുമായ സാഹചര്യങ്ങൾ ഉറപ്പാക്കണമെന്ന് ഖണ്ഡിക 42 ലും ഭരണഘടന നിർദ്ദേശിക്കുന്നു. ഇവിടെ പ്രധാനമായും ചർച്ച ചെയ്യുന്നത് ഭിന്നശേഷിയുള്ളവരുടെ പ്രശ്നങ്ങളാണ്.

ശാരീരികമോ ബൗദ്ധികമോ 40 ശതമാനത്തിലധികം ന്യൂനതകൾ ഉണ്ടെന്ന് വൈദ്യശാസ്ത്രം സാക്ഷ്യപ്പെടുത്തിയിട്ടുള്ള ആളുകളെയാണ് ഭിന്നശേഷിക്കാർ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഇവർക്ക് സാമൂഹികവും സാമ്പത്തികവുമായ സഹായങ്ങളും തുല്യ അവസരങ്ങളും ലഭ്യമാക്കുന്നതിന് ഇന്ത്യാ ഗവൺമെന്റ് മൂന്ന് നിയമങ്ങൾ പാസാക്കിയിട്ടുണ്ട്. (1) റീഹബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ നിയമം-1992 (2) ഭിന്നശേഷിക്കാർക്കുള്ള നിയമം-1995 (3) നാഷണൽ ട്രസ്റ്റ് ഫോർ വെൽഫെയർ ഓഫ് പേഴ്സൺസ് വിത്ത് ഓട്ടിസം, സെറിബ്രൽ പൾസി, മെന്റൽ റിട്ടാർഡേഷൻ ആൻഡ് മൾട്ടിപ്പിൾ ഡിസെബിലിറ്റി ആക്ട്-1995. ഐക്യരാഷ്ട്ര സഭ ഭിന്നശേഷിയുള്ളവരുടെ പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിന് 2006 ൽ കൈക്കൊണ്ട തീരുമാനങ്ങൾ ഇന്ത്യ 2008 ൽ അംഗീകരിക്കുകയും, മറ്റുള്ളവർക്കൊപ്പം തുല്യഅവസരങ്ങൾ ഭിന്നശേഷിയുള്ളവർക്കും നല്കണമെന്ന് ശക്തമായ നിലപാട് സ്വീകരിക്കുകയും ചെയ്തു. അതുപോലെ തന്നെ ഭിന്നശേഷിയുള്ളവരെ ഉദ്ദേശിച്ചു രൂപീകരിച്ചിട്ടുള്ള ദേശീയ നയം 2006, അവരുടെ മനുഷ്യവിഭവശേഷിയെ അംഗീകരിക്കുകയും സമൂഹത്തിൽ മാന്യമായി ജീവിക്കാനുള്ള അവസരങ്ങൾ അവർക്ക് നല്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നു. എല്ലാവരെയും ഉൾക്കൊള്ളുന്ന ഒരു സമൂഹ്യ സങ്കല്പമാണ് ഇതു സംബന്ധിച്ച് ഐക്യരാഷ്ട്ര സഭ മുന്നോട്ട് വയ്ക്കുന്നത്.

2011 ലെ സെൻസസ് പ്രകാരം ഇന്ത്യയിൽ 26.8 ദശലക്ഷം ഭിന്നശേഷിക്കാർ ഉണ്ട്. ഇതിൽ 14.99 ദശലക്ഷം പുരുഷന്മാരും 11.82 ദശലക്ഷം സ്ത്രീകളുമാണ്. 18.63 പേർ ഗ്രാമങ്ങളിലും 8.18 ദശലക്ഷം നഗരങ്ങളിലും വസിക്കുന്നു. ലഭ്യമായ വിവരങ്ങളനുസരിച്ച് 13.4 ദശലക്ഷം പേർ (8.8 ദശലക്ഷം ഗ്രാമങ്ങളിലും 4.6 ദശലക്ഷം നഗരങ്ങളിലും) പ്രായപൂർത്തിയായവരും തൊഴിൽ ചെയ്യാൻ പ്രാപ്തരുമാണ്. ഈ 13.4 ദശലക്ഷത്തിൽ 7.8 ദശലക്ഷം പുരുഷന്മാരും 5.6 ദശലക്ഷം സ്ത്രീകളുമാണ്. മൊത്തം ഭിന്നശേഷിയുള്ളവരിൽ 14.6 ശതമാനം സാക്ഷരരാണ്. ഇത് വിരൽ ചൂണ്ടുന്നത് രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് സംഭാവന നല്കാൻ പ്രാപ്തരായ ഭിന്നശേഷിയുള്ളവർ രാജ്യത്തിന് അവഗണിക്കാനാവാത്ത മനുഷ്യവിഭവശേഷിയുടെ വൻ സ്രോതസാണെന്നത്രെ.

സാമ്പത്തിക സഹായം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് സാമ്പത്തിക സേവനങ്ങളും, താങ്ങാവുന്ന നിലയ്ക്ക് വിവിധ സാമ്പത്തിക പദ്ധതികളും സമൂഹത്തിലെ പിന്നോക്ക വിഭാഗങ്ങൾക്ക് ലഭ്യമാക്കുക എന്നതാണ്. ഇതിൽ ബാങ്കിന്റെ സാമ്പത്തിക ഉത്പന്നങ്ങൾ, ഇൻഷുറൻസ്, പെൻഷൻ, വിവിധ ആവശ്യങ്ങൾക്കുള്ള വായ്പകൾ മുതലായ സേവനങ്ങൾ ഉൾപ്പെടുന്നു. യഥാർത്ഥത്തിൽ സാമൂഹിക ശാക്തീകരണത്തിനുള്ള ഏതൊരു ആസൂത്രണത്തിന്റെയും ആണിക്കല്ലാണ് സാമ്പത്തിക സഹായം. ഇതിൽ പിന്നോക്ക വിഭാഗങ്ങളുടെ സാമ്പത്തികവും സാമൂഹികവുമായ സുരക്ഷ കൂടിയുണ്ട്. ജൻ ധൻ യോജന, പാവപ്പെട്ടവർക്കുള്ള ആരോഗ്യ ഇൻഷുറൻസ് തുടങ്ങിയ പോളിസികളും, മുദ്ര വായ്പയും

ഇത്തരത്തിൽ ദേശീയ തലത്തിൽ തന്നെ മുൻഗണന യുള്ള കേന്ദ്ര പദ്ധതികളാണ്.

സാമ്പത്തിക സഹായം ഗവൺമെന്റിന്റെ സാമൂഹിക ക്ഷേമ പദ്ധതികളെ വലിയ തോതിൽ പിന്താങ്ങുന്നു. എല്ലാവിധത്തിലുമുള്ള പണ വിതരണ പ്രക്രിയകളും ഇതുവഴി സുതാര്യവും ലളിതവും സൗകര്യപ്രദവും ചെലവു കുറഞ്ഞതുമായി തീരുന്നു.

## ഭിന്നശേഷിയുള്ളവർക്കായി സാമ്പത്തിക ആസൂത്രണം

സമൂഹത്തിലെ പിന്നോക്ക വിഭാഗത്തിൽ തന്നെ ദരിദ്രരിൽ ദരിദ്രർ എന്ന വർഗീകരണമാണ് ഭിന്നശേഷിയുള്ളവർക്ക് ഏറ്റവും യോജിച്ചത് എന്നതാണ് യാഥാർത്ഥ്യം. ഭിന്നശേഷിയും ദാരിദ്ര്യവും പരസ്പര ബന്ധിതമാണ് എന്നത് വസ്തുതയാണ്. കാരണം മിക്ക ഭിന്നശേഷിക്കാരും ദരിദ്രരാണ്. സമൂഹത്തിലെ ഏറ്റവും ദരിദ്രരാകട്ടെ ഭിന്നശേഷിയുള്ളവരും. ഇതാണ് പൊതുവെ കാണുന്ന സ്ഥിതി. ഈ അവസ്ഥ കൂടുതൽ വഷളാകുന്നത് ഭിന്നശേഷിക്കാരായ സ്ത്രീകളിലാണ്. അതിനാൽ ഭിന്നശേഷിയുള്ളവർക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിക്കുക എന്നത് മറ്റ് പിന്നോക്ക വിഭാഗങ്ങളെ അപേക്ഷിച്ച് വളരെ പ്രധാനപ്പെട്ടതാണ്. സഞ്ചരിക്കാനുള്ള ബുദ്ധിമുട്ട്, ശാരീരികമായ ക്ലേശങ്ങൾ, സാമ്പത്തിക ആനുകൂല്യങ്ങൾ സംബന്ധിച്ച് അറിവില്ലായ്മ, പലയിടങ്ങളിലായി ചിതറി താമസിക്കുന്നതിനാൽ പ്രത്യേക സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കാനുള്ള തടസം തുടങ്ങിയവയാണ് ഇവരുടെ പ്രശ്നങ്ങൾ.

സാമ്പത്തിക സഹായങ്ങളും സ്വയം തൊഴിൽ/ വിദ്യാഭ്യാസ വായ്പകളും മറ്റും വാങ്ങിയെടുക്കുന്നതിനു ഭിന്നശേഷിക്കാർക്കുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ഇന്ത്യ ഗവൺമെന്റ് 1997 ജനുവരി 24 ന് നാഷണൽ ഹാൻഡിക്യാപ്ഡ് ഫിനാൻസ് ആൻഡ് ഡവലപ്മെന്റ് കോർപ്പറേഷൻ എന്ന പേരിൽ ഒരു സ്ഥാപനം ആരംഭിക്കുകയുണ്ടായി. 400 കോടിയാണ് ഇതിന്റെ ഓഹരി മൂലധനം. 1965 ലെ കമ്പനി നിയമം 25-ാം വകുപ്പ് പ്രകാരം ലാഭരഹിത കമ്പനിയായിട്ടാണ് ഇത് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നത്. 40 ശതമാനമോ അതിലധികമോ ഭിന്നശേഷിയും 18 നു മേൽ പ്രായവുമുള്ള ഇന്ത്യൻ പൗരന്മാർക്ക് നാഷണൽ ഹാൻഡിക്യാപ്ഡ് ഫിനാൻസ് ആൻഡ് ഡവലപ്മെന്റ് കോർപ്പറേഷൻ സൗജന്യ നിരക്കിൽ വായ്പ നല്കി വരുന്നുണ്ട്. ഈ വായ്പ ലഭിക്കുന്നതിന് പ്രായ പരിധി ഇല്ല. തിരിച്ചടവ് വ്യവസ്ഥയിൽ വായ്പ, തിരിച്ചടവ് ആവശ്യമില്ലാത്ത സാമ്പത്തിക സഹായങ്ങൾ എന്നിവയാണ് ഭിന്നശേഷിയുള്ള പൗരന്മാർക്ക് കോർപ്പറേഷൻ നല്കിവരുന്ന പദ്ധതികൾ.

## തിരിച്ചടവ് അടിസ്ഥാനത്തിലുള്ള വായ്പകൾ

1. **സ്വയം തൊഴിൽ വായ്പ** - ഭിന്നശേഷിയുള്ള പൗരന്മാർക്ക് സ്വയം തൊഴിൽ ആരംഭിക്കുന്നതിന് സൗജന്യ നിരക്കിൽ 25 ലക്ഷം വരെയുള്ള വായ്പാ സഹായമാണിത്. 5-8 ശതമാനം വരെയാണ് ഇതിന് പലിശ. പത്തു വർഷം കൊണ്ട് തിരിച്ചടയ്ക്കണം.

2. **വിദ്യാഭ്യാസ വായ്പ** - ഭിന്നശേഷിയുള്ള കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് 4 ശതമാനം പലിശനിരക്കിൽ വായ്പ ലഭിക്കുന്നു. ഇന്ത്യയിലാണ് പഠനമെങ്കിൽ വായ്പ 10 ലക്ഷം. വിദേശത്ത് പഠിക്കാൻ 20 ലക്ഷം എന്നാണ് നിശ്ചയിച്ചിരിക്കുന്നത്. ഏഴു വർഷം കൊണ്ട് തിരിച്ചടയ്ക്കണം. പഠനം കഴിഞ്ഞ് ഒരു വർഷത്തിനു ശേഷമോ ജോലി ലഭിച്ച് ആറു മാസത്തിനു ശേഷമോ ഏതാണ് ആദ്യമെന്നു വച്ചാൽ അതനുസരിച്ച് വായ്പ തിരിച്ചടവ് ആരംഭിക്കണം.

3. **ഹ്രസ്വ വായ്പ** - വരുമാന സമ്പാദനത്തിനുതകുന്ന പ്രവർത്തനങ്ങൾ ആരംഭിക്കാൻ ഭിന്നശേഷിയുള്ളവരിലെ പിന്നോക്ക വിഭാഗങ്ങൾക്ക് നൽകുന്ന സാമ്പത്തിക സഹായമാണ് ഇത്തരം വായ്പ കൊണ്ട് ഉദ്ദേശിക്കുന്നത്. ഈ പദ്ധതി സന്നദ്ധ സംഘടനകൾ മുഖേനയാണ് നടപ്പാക്കുക. ഒരു സന്നദ്ധ സംഘടനയ്ക്ക് പരമാവധി 10 ലക്ഷം രൂപ വരെ ഈ പദ്ധതിക്കായി ലഭിക്കും. ഇതിൽ നിന്ന് ഒരു വ്യക്തിക്ക് പരമാവധി 50000 രൂപ വരെ ഹ്രസ്വകാല വായ്പയായും ലഭിക്കും. ഇതനുസരിച്ച് ഒരു സന്നദ്ധ സംഘടനയ്ക്ക് 20 വികലാംഗരെ സഹായിക്കാം. മൂന്നു വർഷത്തിനുള്ളിൽ ഈ വായ്പ തിരിച്ചടക്കണം.പലിശ നിരക്ക് 5 ശതമാനം മാത്രം.

## തിരിച്ചടവ് ആവശ്യമില്ലാത്ത വായ്പകൾ

1. **തൊഴിൽ പരിശീലനം** - ഈ പദ്ധതി പ്രകാരം

നാഷണൽ ഹാൻഡിക്യാപ്ഡ് ഫിനാൻസ് ആൻഡ് ഡവലപ്മെന്റ് കോർപ്പറേഷൻ തൊഴിൽ പരിശീലനത്തിന് സാമ്പത്തിക സഹായം നല്കി വരുന്നു. പരിശീലന കാലയളവിൽ പ്രതിമാസം 2000 രൂപ വരെയാണ് ഈ സഹായം ലഭിക്കുക.

2. **സ്കോളർഷിപ്പ് പദ്ധതി** - ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പുകൾ നല്കാൻ മന്ത്രാലയം നാഷണൽ ഹാൻഡിക്യാപ്ഡ് ഫിനാൻസ് ആൻഡ് ഡവലപ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ ട്രസ്റ്റ് ഫണ്ട് സ്കോളർഷിപ്പ് പദ്ധതി പ്രകാരം സാങ്കേതിക/പ്രൊഫഷണൽ സ്ഥാപനങ്ങളിൽ പഠിക്കുന്ന ഭിന്നശേഷിയുള്ള 2500 കുട്ടികൾക്ക് സ്കോളർഷിപ്പ് നല്കി വരുന്നു.

രാജ്യത്ത് വിവിധ സംസ്ഥാന ഗവൺമെന്റുകൾ നാമനിർദ്ദേശം ചെയ്തിട്ടുള്ള 36 ഏജൻസികൾ വഴിയാണ് നാഷണൽ ഹാൻഡിക്യാപ്ഡ് ഫിനാൻസ് ആൻഡ് ഡവലപ്മെന്റ് കോർപ്പറേഷൻ പ്രവർത്തിക്കുന്നത്. അഞ്ച് പൊതു മേഖലാ ബാങ്കുകൾ, 18 പ്രാദേശിക ഗ്രാമീണ ബാങ്കുകൾ എന്നിവ വഴിയാണ് സൗജന്യ നിരക്കിലുള്ള വായ്പകൾ നാഷണൽ ഹാൻഡിക്യാപ്ഡ് ഫിനാൻസ് ആൻഡ് ഡവലപ്മെന്റ് കോർപ്പറേഷൻ ഭിന്നശേഷിയുള്ളവർക്ക് വിതരണം ചെയ്തു വരുന്നത്. കഴിഞ്ഞ നാലു സാമ്പത്തിക വർഷമായി ഉന്നത നിലവാരത്തിലുള്ള പ്രവർത്തനമാണ് കോർപ്പറേഷൻ കാഴ്ച വയ്ക്കുന്നത്.

1. **വായ്പാ വിതരണം** - നാളിതുവരെ നാഷണൽ ഹാൻഡിക്യാപ്ഡ് ഫിനാൻസ് ആൻഡ് ഡവലപ്മെന്റ് കോർപ്പറേഷൻ 694.29 കോടി രൂപ വായ്പയിനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. ഭിന്നശേഷിയുള്ള 1.26 ലക്ഷം വ്യക്തികൾക്ക് ഇതിന്റെ ആനുകൂല്യങ്ങൾ ലഭിച്ചു.

2. **തൊഴിൽ പരിശീലനം** - കോർപ്പറേഷൻ ഇതുവരെ ഭിന്നശേഷിയുള്ള 36616 വ്യക്തികൾക്ക് നൈപുണ്യ വികസന പരിശീലനത്തിനായി 46.21 കോടിയുടെ സാമ്പത്തിക സഹായം നല്കിയിട്ടുണ്ട്. 2015 -16 സാമ്പത്തിക വർഷത്തിൽ 17000 മുതൽ 20000 വരെ വികലാംഗർക്ക് നൈപുണ്യ പരിശീനം നല്കുന്നതിനാണ് നാഷണൽ ഹാൻഡിക്യാപ്ഡ് ഫിനാൻസ് ആൻഡ് ഡവലപ്മെന്റ് കോർപ്പറേഷൻ ലക്ഷ്യമിട്ടിരിക്കുന്നത്.

3. **സ്കോളർഷിപ്പ്** - ട്രസ്റ്റ് ഫണ്ടിന്റെ സ്കോളർഷിപ്പ് പദ്ധതി പ്രകാരം നാഷണൽ ഹാൻഡിക്യാപ്ഡ് ഫിനാൻസ് ആൻഡ് ഡവലപ്മെന്റ് കോർപ്പറേഷൻ 2011 -12 മുതൽ ഇതുവരെ 47.94 കോടി രൂപ സാങ്കേതിക, പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തു. ഇതിൽ 7117 പുതിയ സ്കോളർഷിപ്പുകളും 1097 പുതുക്കിയ സ്കോളർഷിപ്പുകളുമാണ്. നാഷണൽ ഫണ്ടിന്റെ സ്കോളർഷിപ്പ് പദ്ധതിയനുസരിച്ച് 2009 -10 മുതൽ ഇതുവരെ 3.51 കോടി രൂപ സാങ്കേതിക, പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തു. ഇതിൽ 2827 പുതിയ സ്കോളർഷിപ്പുകളും 101 പുതുക്കിയ സ്കോളർഷിപ്പുകളുമാണ്.

സൗജന്യ നിരക്കിലുള്ള വായ്പാ പദ്ധതി വേഗത്തിൽ നടപ്പാക്കുന്നതിന് കൂടുതൽ ആളുകളെ പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള നടപടികൾ നാഷണൽ ഹാൻഡിക്യാപ്ഡ് ഫിനാൻസ് ആൻഡ് ഡവലപ്മെന്റ് കോർപ്പറേഷൻ സ്വീകരിച്ചു വരികയാണ്.

1. **ബാക്ക് എൻഡ് സബ്സിഡി -** ഭിന്നശേഷിയുള്ളവരുടെ ശാക്തീകരണ വകുപ്പുമായി ബന്ധപ്പെട്ട് അവർക്ക് ബാക്ക് എൻഡ് വ്യവസ്ഥയിൽ വായ്പകൾ നല്കാൻ കോർപ്പറേഷൻ ആലോചിച്ചുവരുന്നു. ഇന്ത്യാ ഗവൺമെന്റ് ഇത് അനുവദിച്ചാൽ വായ്പയുടെ 35 ശതമാനം വരെ സബ്സിഡിയായി അവർക്ക് ലഭിക്കും.

2. **ബാങ്കിങ് സംവിധാനവുമായി പങ്കാളിത്തം -** വിവിധ ബാങ്കുകളുടെ ശാഖകളിൽ നിന്ന് ഭിന്നശേഷിയുള്ളവർക്ക് സൗജന്യ നിരക്കിൽ വായ്പകൾ ലഭ്യമാക്കി തങ്ങളുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന് നാഷണൽ ഹാൻഡിക്യാപ്ഡ് ഫിനാൻസ് ആൻഡ് ഡവലപ്മെന്റ് കോർപ്പറേഷൻ അതാത് ബാങ്കുകളുമായി കരാർ ഒപ്പിട്ടു തുടങ്ങിയിട്ടുണ്ട്. നിലവിൽ പഞ്ചാബ് നാഷണൽ ബാങ്ക്, ആന്ധ്ര ബാങ്ക്, ഐഡിബിഐ ബാങ്ക്, ബാങ്ക് ഓഫ് ബറോഡ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഹൈദരാബാദ് എന്നീ പൊതുമേഖലാ ബാങ്കുകളുമായി ഇതു സംബന്ധിച്ച കരാർ ഒപ്പിട്ടു കഴിഞ്ഞു. കൂടാതെ

ഉത്തർപ്രദേശ്, മധ്യപ്രദേശ്, ഉത്തരാഖണ്ഡ്, ഗുജറാത്ത്, ഹരിയാന,മഹാരാഷ്ട്ര, ആസാം എന്നീ സംസ്ഥാനങ്ങളിലെ 18 ഗ്രാമീണ ബാങ്കുകളുമായും കരാർ ഒപ്പിട്ടിട്ടുണ്ട്.

3. **നോൺ ബാങ്കിങ് ഫിനാൻഷ്യൽ കോർപ്പറേഷൻ, മൈക്രോ ഫിനാൻസ് സ്ഥാപനങ്ങൾ എന്നിവയുമായി സഹകരണം –** നോൺ ബാങ്കിങ് ഫിനാൻസ് കോർപ്പറേഷനും മൈക്രോ ഫിനാൻസ് സ്ഥാപനങ്ങൾക്കുമാണ് ഗ്രാമീണ മേഖലയിൽ ഭിന്നശേഷിയുള്ളവരുമായി ബന്ധപ്പെടാൻ എളുപ്പം. അതിനാൽ റിസർവ് ബാങ്കിൽ നിന്ന് ചില ഇളവുകൾ വാങ്ങി നാഷണൽ ഹാൻഡിക്യാപ്ഡ് ഫിനാൻസ് ആൻഡ് ഡവലപ്മെന്റ് കോർപ്പറേഷൻ ഈ സ്ഥാപനങ്ങളുമായി സഹകരിച്ച് ഭിന്നശേഷിയുള്ളവർക്ക് വായ്പ ലഭ്യമാക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

4. **ഭിന്നശേഷിയുള്ളവർക്ക് ജോബ് പോർട്ടൽ –** ഭിന്നശേഷിയുള്ളവരുടെ ശാക്തീകരണ വകുപ്പുമായി ആലോചിച്ച് ഇന്ത്യ ഗവൺമെന്റ് ഒരു പ്രത്യേക ജോബ് പോർട്ടൽ ഭിന്നശേഷിയുള്ളവർക്കായി വികസിപ്പിച്ചിട്ടുണ്ട്. അവർക്കുള്ള തൊഴിലവസരങ്ങൾ, സ്വയം തൊഴിൽ വായ്പകൾ, സൗജന്യ പരിശീലന പരിപാടികൾ തുടങ്ങിയവ ഒറ്റ കേന്ദ്രത്തിൽ നിന്ന് ലഭിക്കാനുള്ള ക്രമീകരണമാണ് ഇത്. 2016 ജനുവരി 1ന് ഈ സംവിധാനത്തിന്റെ ഉദ്ഘാടനം കേന്ദ്ര സാമൂഹ്യ നീതി ശാക്തീകരണ വകുപ്പ് മന്ത്രി നിർവഹിക്കുകയുണ്ടായി. ഭിന്നശേഷിയുള്ളവർക്ക് വളരെ വേഗത്തിൽ വിവിധ സാമ്പത്തിക സഹായങ്ങളും പദ്ധതികളും ലഭ്യമാക്കുന്നതിനുള്ള വലിയ കാൽവയ്പാണ് ഇത്. വികലാംഗ ശാക്തീകരണ വകുപ്പ് വഴി ഭിന്നശേഷിയുള്ളവരുടെ സമഗ്ര ക്ഷേമം, സാമ്പത്തിക സഹായം തുടങ്ങിയ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് ഇന്ത്യ ഗവൺമെന്റ് പ്രധാനപ്പെട്ട ചില തീരുമാനങ്ങൾ സ്വീകരിച്ചുട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു.

- ബാങ്കുകൾ ദുർബല വിഭാഗങ്ങളെ ഉദ്ദേശിച്ച് മാറ്റിവച്ചിരിക്കുന്ന 10 ശതമാനം വായ്പകളിൽ ഭിന്നശേഷിയുള്ളവർക്ക് പ്രഥമ പരിഗണന നല്കുക.
- സ്വാവലംബൻ ആരോഗ്യ പദ്ധതി നടപ്പാക്കി ഭിന്നശേഷിയുള്ളവർക്ക് പ്രതിവർഷം കുറഞ്ഞത് 350 രൂപയെങ്കിലും നല്കുക.
- ഭിന്നശേഷിയുള്ള കുട്ടികൾക്ക് പ്രി മെട്രിക് – പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് നല്കുക.
- ഉയർന്ന ക്ലാസുകളിലും ഉന്നത വിദ്യാഭ്യാസത്തിനും ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നല്കുക.
- ആക്സസിബിൾ ഇന്ത്യ പ്രചാരണം സജീവമാക്കുക.
- ഭിന്നശേഷിയുള്ളവർക്കായി നൈപുണ്യ പരിശീലനത്തിന് ദേശീയ പ്രവർത്തന പദ്ധതി ആരംഭിക്കുക.

*(നാഷണൽ ഹാൻഡികാപ്ഡ് ഫിനാൻസ് ആന്റ് ഡവലപ്മെന്റ് കോർപ്പറേഷന്റെ ചെയർമാനാണ് ലേഖകൻ)*

## ഭിന്നശേഷിക്കാരിലെ അപൂർവ വ്യക്തിത്വങ്ങൾ

**ഗിരിഷനാഗരാജെ ഗൗഡ**: 2012ലെ ലണ്ടൻ പാരാലിപിംക്സിൽ ഹൈജമ്പിൽ വെള്ളി, അതേവർഷം നടന്ന മലേഷ്യൻ പാരാ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ വെള്ളി, കുവൈറ്റ് പാരാ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ സ്വർണ്ണവും ലഭിച്ചു. 2013ൽ രാജ്യം പത്മശ്രീ നൽകി ആദരിച്ചു. ഹൈജംപിൽ 'സിസ്സേഴ്സ് ജംപ്' എന്ന രീതി ആണ് അവലംബിക്കുന്നത്.

**ദേവേന്ദ്ര ജജാരിയ**: 2004ലെ ഏതൻസ് പാരാലിംപിക്സിൽ ജാവലിൻ ത്രോയിൽ സ്വർണ്ണമെഡൽ. 59.77 എന്ന ലോക റെക്കോർഡ് തകർത്തുകൊണ്ട് 62.15 മീറ്റർ എന്ന പുതിയ ലോകറെക്കോർഡ് തന്റെ പേരിൽ കുറിച്ചു. അർജുന, പത്മശ്രീ എന്നീ ബഹുമതികൾ ലഭിച്ചിട്ടുണ്ട്.

**മുരളീകാന്ത് പെറ്റ്കർ**: നീന്തൽ, ജാവലിൻ ത്രോ എന്നീ ഇനങ്ങളിൽ വിവിധ അന്തർദേശീയ മത്സരങ്ങളിൽ രാജ്യത്തെ പ്രതിനിധീകരിച്ച കായികതാരം.



# സാമൂഹ്യ ബോധവത്കരണത്തിന്റെ പ്രസക്തി

ഡോ. സന്ധ്യ ലിമയെ

ആഗോളതലത്തിൽ ഭിന്നശേഷിയുള്ള വ്യക്തികളെ സമൂഹം കാണുന്നത് തന്നെ അവഗണനയും, ഒറ്റപ്പെടുത്തലും, ഭ്രഷ്ടും, തിരസ്കാരവും കൊണ്ട് മുറിവേറ്റ ന്യൂനപക്ഷമായിട്ടാണ്. 20–ാം നൂറ്റാണ്ടിന്റെ അവസാന പകുതിയിൽ മിക്ക രാജ്യങ്ങളും ഭിന്നശേഷിയുള്ള വ്യക്തികൾക്ക് ഗവൺമെന്റിന്റെയും ഗവൺമെന്റിതര സംഘടനകളുടെയും മനുഷ്യാവകാശപരമായ സമീപനത്തിലൂടെ ചികിത്സയ്ക്കും പുനരധിവാസത്തിനുമായി ധനസഹായങ്ങൾ നല്കിയിട്ടുണ്ട്. സ്വാതന്ത്ര്യത്തിനു ശേഷം ഇന്ത്യാ ഗവൺമെന്റ് ഈ പാർശ്വവത്കൃത വിഭാഗത്തോടുള്ള കടമ അംഗീകരിക്കുകയും അവരുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമായി വിവിധ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തു.

സാമൂഹിക ഉൾപ്പെടലുമായി ബന്ധപ്പെട്ട് ഭിന്നശേഷിയുള്ള വ്യക്തികൾ ശാരീരികവും അവസ്ഥാപരവും സാമൂഹികവുമായ നിരവധി പ്രതിബന്ധങ്ങളാണ് അഭിമുഖീകരിക്കുന്നത്. അവസ്ഥാപരമായ തടസം സമൂഹത്തിന്റെ പ്രതികൂലമായ നിലപാടു തന്നെ. ഭിന്നശേഷിക്കാരെ ഒരു ശാപമായിട്ടാണ് പലപ്പോഴും സമൂഹം കാണുന്നത്. ഒരാൾ വികലാംഗനാകുന്നത് മുജ്ജന്മത്തിൽ ചെയ്ത പാപം മൂലമാണ്; ദൈവശിക്ഷയെ ആർക്കും മാറ്റാനാവില്ല – എന്നിങ്ങനെയുള്ള മുൻവിധിയുടെ ഫലമായി വികലാംഗർ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും സമ്പദ്‌വ്യവസ്ഥയിൽ നിന്നും പാർശ്വവത്ക്കരിക്കപ്പെടുന്നു. സാധാരണ വ്യക്തികളുമായി താരതമ്യപ്പെടുത്തുമ്പോൾ അനുദിന ജീവിതത്തിൽ ഇവർ നിരവധി അസൗകര്യങ്ങൾ അനുഭവിക്കുന്നു. ഈ പ്രതികൂല അനുഭവങ്ങൾ ഭിന്നശേഷിയുള്ള നിരവധി വ്യക്തികളുടെയും അവരുടെ കുടുംബങ്ങളുടെയും ജീവിതത്തെ ദാരിദ്ര്യത്തിലേയ്ക്ക് തള്ളിവിടുന്നു. പലരും ഒറ്റപ്പെടൽ അനുഭവിക്കുന്നു. തങ്ങൾ സമൂഹത്തിന് ആവശ്യമില്ലാത്തവരും ഭാരവുമാണെന്ന് അവർക്ക് തോന്നുന്നു. അവരുടെ കുടുംബം, മാതാപിതാക്കൾ, കുഞ്ഞുങ്ങൾ, സഹോദരങ്ങൾ പോലും സമൂഹത്തിന്റെ ഈ അവഗണനയും ദാരിദ്ര്യവും സാമൂഹിക തിരസ്കാരവും അനുഭവിക്കുന്നു.

ഒറ്റയ്ക്കും കൂട്ടായുമുള്ള പാർശ്വവത്ക്കരണമാണ് സാമൂഹിക തിരസ്കാരത്തിന്റെ കാതൽ. സാമൂഹിക ഘടനയിൽ പാർശ്വവത്ക്കരണത്തിന് ബഹുമുഖ അടിസ്ഥാനങ്ങളുണ്ട്. സാമൂഹിക ഘടകങ്ങളായ ജാതി, വംശം, മതം, ഭൂമിശാസ്ത്രപരമായ കിടപ്പ് തുടങ്ങിയ തിരിവുകൾ അടിസ്ഥാനമാക്കിയുള്ള അനൗദ്യോഗിക വിഭാഗീയതയും ഭിന്നശേഷിയുള്ളവരുടെ പ്രശ്നങ്ങളെ രൂക്ഷമാക്കുന്നു. പൊതു സംസ്കാര നിർവചനത്തിൽ പുരുഷത്വം ശാരീരിക യോഗ്യത, അധികാരം എന്നിവയുടെ മാനദണ്ഡമായ

കണക്കാക്കുമ്പോൾ ഭിന്നശേഷിക്കാർ പരാജയപ്പെടുന്നു.വികലാംഗയായ സ്ത്രീയാകട്ടെ വീട്ടമ്മ, ഭാര്യ, അമ്മ തുടങ്ങിയ ചുമതലകൾ വഹിക്കാൻ കഴിവില്ലാത്തവളും ശാരീരികമായി സൗന്ദര്യം, സ്ത്രൈണത തുടങ്ങിയ ഗുണങ്ങൾ തീരെ ഇല്ലാത്തവരും ആകാം. ഏറ്റവും കൂടുതൽ പാർശ്വവത്ക്കരിക്കപ്പെടുന്നതും, നൂറ്റാണ്ടുകളായി ശാരീരികമായി ദുരുപയോഗിക്കപ്പെടുന്നതും മാനസികവും, സാമൂഹികവുമായി അവഗണിക്കപ്പെടുന്നതും അധിക്ഷേപിക്കപ്പെടുന്നതും ലൈഗികമായി പീഡിപ്പിക്കപ്പെടുന്നതും ഇവരാണ്.

പ്രൈമറി സ്കൂൾ വിദ്യാഭ്യാസ കാലത്ത് കുട്ടികൾക്കിടയിൽ ചങ്ങാത്തം വളരുന്നത് പൊതു താല്പര്യങ്ങൾ, സ്കൂൾ പ്രവർത്തനങ്ങൾ, കളികൾ എന്നിവയിലൂടെയാണ്. എന്നാൽ ഭിന്നശേഷിയുള്ള കുട്ടികളിൽ പലർക്കും സഹപാഠികളുമായി അടുത്ത് ഇടപെടാനുള്ള ഇത്തരം സാമൂഹിക ശേഷി കാണാറില്ല. സൗഹൃദങ്ങൾ ഉണ്ടാകുന്നതിന് ഏറ്റവും ആവശ്യം പരസ്പര ആശയവിനിമയമാണ്. പരസ്പരം ആശയങ്ങൾ പങ്കുവയ്ക്കാനും സുഹൃദ്ബന്ധങ്ങൾ സ്ഥാപിക്കാനും ഉള്ള കഴിവ് കുട്ടികൾ ആർജ്ജിക്കുന്നത് പ്രാഥമിക സാമൂഹിക വൃത്തമായ കുടുംബത്തിലെ ഇടപെടലിലൂടെയാണ്. അതിനു ശേഷം ബന്ധുഗൃഹങ്ങൾ, സ്കൂൾ തുടങ്ങിയ സ്ഥാപനങ്ങളിലൂടെയും. കുട്ടികളുടെ സ്വഭാവം രൂപപ്പെടുന്നത് ശൈശവ കാലത്താണ്. അതിനാൽ ആദ്യകാലങ്ങളിലെ സാമൂഹിക അനുഭവങ്ങൾ അവരുടെ വളർച്ചയിൽ വലിയ സ്വാധീനം ചെലുത്തുന്നു. കേൾവി കുറവും ബുദ്ധിമാന്ദ്യവുമുള്ള കുട്ടികൾക്ക് ചുറ്റുമുള്ളവരുമായി ഫലപ്രദമായി ആശയവിനിമയം നടത്താൻ സാധിക്കില്ല. അതുകൊണ്ടു തന്നെ പുതിയ സൗഹൃദങ്ങൾ സ്ഥാപിക്കാനും സാധിക്കില്ല. അത് അവരുടെ ആത്മവിശ്വാസം കുറയ്ക്കുന്നു, സാമൂഹിക ഉൾക്കൊള്ളലിനെ ബാധിക്കുന്നു. ഏറ്റവും വലിയ പ്രശ്നവും ഒറ്റപ്പെടലിന്റെ അടിസ്ഥാന കാരണവും ആശയവിനിമയത്തിനുള്ള ബുദ്ധിമുട്ടാണ്. മറിച്ച് കാഴ്ചക്കുറവും ശാരീരിക ബുദ്ധിമുട്ടും ഉള്ളവരെ സംബന്ധിച്ചിടത്തോളം അവരുടെ പ്രത്യക്ഷത്തിലുള്ള പരിമിതികളുടെ വെളിച്ചത്തിൽ സമൂഹം അവരെ വേഗത്തിൽ നിർവചിക്കുകയും അവരുടെ പരിമിതി അംഗീകരിക്കുകയും സ്ഥിരമായുള്ള മനോഭാവം പുലർത്തുകയും ചെയ്യുന്നു.

ഭിന്നശേഷിയുള്ളവർക്ക് പൊതു സമൂഹവുമായി ഇടപെടാനുള്ള അവസരങ്ങൾ ലഭ്യമാക്കണം. അതുവഴി അവരെയും സമൂഹത്തിന്റെ ഭാഗമാക്കാൻ സഹായിക്കണം. ഭിന്നശേഷിയുള്ളവരെ വിശേഷിപ്പിക്കാൻ ഉപയോഗിക്കുന്ന ഭാഷ പോലും അവരാണ് അവരുടെ അവസ്ഥയ്ക്ക് ഉത്തരവാദികൾ എന്ന് സ്വയം അംഗീകരിക്കാൻ പ്രേരകമാണ്. അവർക്ക് വിദ്യാഭ്യാസത്തിനും തൊഴിലിനും മറ്റുള്ളവരുമായി സാർത്ഥകമായ ബന്ധങ്ങൾ സ്ഥാപിക്കുന്നതിനുമുള്ള അവസരങ്ങൾ നിഷേധിക്കപ്പെടുന്നു. പ്രത്യേക ഉപകാരമില്ലാത്തവരായി കണക്കിലെടുത്ത് സമൂഹം അവരെ ഭാരമായി കരുതുന്നു. കാരണം ഭിന്നശേഷിയുള്ള അനേകം പേർക്ക് അവർ ജീവിക്കുന്ന സമൂഹത്തിനോ സമ്പദ് വ്യവസ്ഥയ്ക്കോ ഒരു സംഭാവനയും നല്കാൻ സാധിക്കുന്നില്ല. എന്നാൽ കൃത്യമായ സഹായം ലഭിക്കുന്നവർ നന്നായി ജോലി ചെയ്യുന്നു, എല്ലാ പ്രവർത്തനങ്ങളിലും പങ്കാളികളാകുന്നു. നിരവധി പേർ പ്രത്യേക തൊഴിൽ മേഖലകളിൽ പരിശീലനം നേടി കൂട്ടായ്മയിൽ ജോലി ചെയ്യുന്നു. കഴിവുകൾ ഉപയോഗിക്കാൻ സാധിച്ചാൽ മാത്രമെ അവരുടെ പ്രതീക്ഷകൾ ഉയരുകയുള്ളൂ. തൊഴിലും അതിജീവന ഉപാധിയും നേടി ശാക്തീകരിക്കുന്നതിനു പകരം ഭിന്നശേഷിയുള്ളവരിൽ ഭൂരിഭാഗവും ഗവൺമെന്റിൽ നിന്നുള്ള ആനുകൂല്യങ്ങൾ വാങ്ങി കുടുംബത്തിന്റെ തണലിൽ ജീവിക്കുകയാണ്. തൊഴിൽ ചെയ്യുന്ന കാലത്ത് ലഭിക്കുന്ന തുച്ഛമായ വേതനം വാർധക്യത്തിൽ സൗകര്യപ്രദമായ ജീവിത സാഹചര്യങ്ങൾ ഒരുക്കുന്നതിന് ഇവർക്കു തടസമാകുന്നു എന്നതാണ് മറ്റൊരു വെല്ലുവിളി.

ഗതാഗത സംവിധാനം, കെട്ടിടങ്ങൾ എന്നിവ ഭിന്നശേഷിക്കാർക്കും ഇണങ്ങുന്ന രീതിയിൽ രൂപകല്പന ചെയ്യണം. മുംബൈയിൽ ട്രെയിൻ, റെയിൽവെ സ്റ്റേഷൻ തുടങ്ങിയവയുടെ രൂപകല്പന ഭിന്നശേഷിയുള്ള യാത്രക്കാർക്ക് ഒരു തരത്തിലും യോജിച്ചവയല്ല. സാധാരണ യാത്രക്കാരെ പോലെ ട്രെയിനിൽ സുരക്ഷിതമായി യാത്ര ചെയ്യാനുള്ള അവകാശം ഭിന്നശേഷിയുള്ള യാത്രക്കാർക്കും ഉണ്ട് എന്ന വസ്തുത സമൂഹം തിരിച്ചറിയുകയും, അംഗീകരിക്കുകയും വേണം. അവരുടെ പരിമിതികൾ മനസിലാക്കി വേണ്ട സൗകര്യങ്ങൾ ലഭ്യമാക്കാൻ റെയിൽവെ ബോർഡി

നോട് ആവശ്യപ്പെടാനുള്ള എല്ലാ അവകാശവും അവർക്കുണ്ട്. ഗവൺമെന്റ് വികലാംഗർക്കായുള്ള നയങ്ങൾ രൂപീകരിക്കുമ്പോൾ ഒരിക്കലും ഭിന്നശേഷിയുള്ള വ്യക്തികളുടെ സംഘടനകളെ പരിഗണിക്കുകയോ, അവരോട് ആലോചിക്കുകയോ, നയരൂപീകരണത്തിൽ അവരെ ഉൾപ്പെടുത്തുകയോ ചെയ്യുന്നില്ല. അതിനാൽ ചിതറി കിടക്കുന്നതും സങ്കീർണവും, ഉദ്യോഗസ്ഥാധിപത്യം നിറഞ്ഞതുമായ ഒരു സംവിധാനത്തോടാണ് തങ്ങൾ പോരാടുന്നത് എന്നാണ് ഭിന്നശേഷിയുള്ളവർക്ക് അനുഭവപ്പെടുന്നത്. ഈ സംവിധാനമാകട്ടെ ഒരിക്കലും ഭിന്നശേഷിയുള്ളവരുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനും അവരെ സമൂഹത്തിന്റെ ഭാഗമാക്കുന്നതിനു ശ്രമിക്കുന്നുമില്ല. ഈ രാഷ്ട്രീയ നിയമ പ്രക്രിയ ഭിന്നശേഷിയുള്ളവരുടെ അന്യവത്ക്കരണത്തിലേയ്ക്കും പാർശ്വവത്ക്കരണത്തിലേയ്ക്കും ഒടുവിൽ സാമൂഹിക തിരസ്കാരത്തിലേയ്ക്കും നയിക്കുന്നു.

## മാർഗങ്ങൾ

എല്ലാ തടസങ്ങളും നീക്കി പൗരന്മാർ എന്ന നിലയിലുള്ള ഉത്തരവാദിത്തങ്ങൾ നിറവേറ്റാനുള്ള അവസരം വീട്ടിലും, സമൂഹത്തിലും തൊഴിലിടങ്ങളിലും നല്കുക എന്നതാണ് ഭിന്നശേഷിയുള്ളവരെ ശാക്തീകരിക്കാനുള്ള പ്രധാന നടപടി. ആശ്രിതത്വത്തിന്റെ കീഴ്വഴക്കം അവസാനിപ്പിക്കാൻ കാലമായിരിക്കുന്നു. പകരം ഭിന്നശേഷിയുള്ളവരെ ശാക്തീകരിച്ച്, സഹായിച്ച്, ഒപ്പം ചേർത്ത് ചുമതലകൾ നല്കുന്ന ഒരു സംവിധാനം സമൂഹത്തിൽ ഉണ്ടാകണം. ഈ പ്രതിബന്ധങ്ങൾ തരണം ചെയ്യേണ്ട ഉത്തരവാദിത്തം ഗവൺമെന്റിനു മാത്രമല്ല, ഭിന്നശേഷിയുള്ളവരും തൊഴിലാളികളും ആരോഗ്യ പ്രവർത്തകരും വിദ്യാഭ്യാസ പ്രവർത്തകരും പ്രാദേശിക സമൂഹവും സേവന ദാതാക്കളും ഒരുമിച്ചുചേർന്ന് ചുമതല വഹിച്ചാൽ മാത്രമെ ഇവരുടെ ജീവിത സാധ്യതകളും സാമൂഹിക സ്വീകാര്യവും മെച്ചപ്പെടുത്താൻ സാധിക്കുകയുള്ളു. അതിനാൽ ശ്രദ്ധാപൂർവം ദീർഘവീക്ഷണത്തോടെ നടപടികൾ ആവിഷ്കരിച്ച് നടപ്പാക്കണം. ചില നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. വ്യത്യസ്ത വൈകല്യങ്ങൾ ഉള്ളവർ, അത്തരത്തിലുള്ളവരുടെ ആവശ്യങ്ങൾ, കഴിവുകൾ തുടങ്ങിയവ സംബന്ധിച്ച് ബോധവത്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.
2. വൈദ്യശുശ്രൂഷാ രംഗത്ത് പ്രവർത്തിക്കുന്നവർ, അധ്യാപകർ, പൊതു സേവകർ, അഭിഭാഷകർ, തൊഴിലാളികൾ, ഉദ്യോഗസ്ഥർ, പ്രാദേശിക നേതാക്കൾ എന്നിവർ ഉൾപ്പെടുന്ന സമിതി ഭിന്നശേഷിയുള്ളവരെ സംബന്ധിച്ചും അവരുടെ കഴിവുകൾ എങ്ങനെ മെച്ചപ്പെടുത്താം, അവരോടുള്ള സാമൂഹ്യ മനോഭാവം എങ്ങനെ മാറ്റാം തുടങ്ങിയവ സംബന്ധിച്ചും പരിശീലനം നല്കണം.
3. ഭിന്നശേഷിയുള്ളവരുടെ കഴിവുകൾ മെച്ചപ്പെടുത്തി അവരെ സ്വയം ശാക്തീകരിക്കണം.
4. ഭിന്നശേഷിയുള്ള വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിന് വേണ്ട പ്രത്യേക അധ്യാപക പരിശീലനത്തിനായി ബിഎഡ്, എംഎഡ് കോഴ്സുകൾ നിർബന്ധമായും ആരംഭിക്കണം.
5. സമൂഹത്തിന് സ്വന്തമായി സംഭാവനകൾ നല്കാൻ ഭിന്നശേഷിയുള്ളവർക്ക് അവസരങ്ങൾ നല്കി അവരെ മുഖ്യധാരാ സമൂഹത്തിന്റെ ഭാഗമാക്കണം.
6. ഭിന്നശേഷിയുള്ളവരുടെ ആവശ്യങ്ങൾ എല്ലാ മുഖ്യധാരാ നയരൂപീകരണത്തിനൊപ്പം സജീവമായി പരിഗണിക്കപ്പെടണം.
7. ഗവൺമെന്റിൽ നിന്നു ഭിന്നശേഷിയുള്ളവർക്കു ലഭിക്കുന്ന സഹായങ്ങളുടെയും സേവനങ്ങളുടെയും രീതി മാറേണ്ടതുണ്ട്. ഇതു സംബന്ധിച്ച് ചർച്ചകൾ നടക്കണം.
8. ഭിന്നശേഷിയുള്ളവരെ സമൂഹത്തിൽ ഉൾക്കൊള്ളുന്നതിന് തടസങ്ങളില്ലാത്ത സാഹചര്യങ്ങൾ രൂപീകരിക്കാൻ സാർവത്രികമായ മാതൃക സ്വീകരിക്കണം.

*(മുംബെയിലെ ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസിൽ അസോസിയേറ്റ് പ്രൊഫസറാണ് ലേഖിക)*

# ഭിന്നശേഷിക്കാരുടെ യാത്രാ സൗകര്യങ്ങൾ

ഡോ. ദേവർഷി ചൗരസ്യ




## പ്രശ്ന പരിഹാരത്തിനുള്ള ആഗോള പരിശ്രമം

ലഭ്യത എന്നാൽ എല്ലാവർക്കും തുല്യമായ ലഭ്യതയാണ്. ലഭ്യമായ സൗകര്യങ്ങളും സേവനങ്ങളും ഭിന്നശേഷിയുള്ളവർക്കു കൂടി ഉപയോഗപ്പെടുത്താൻ സാധിക്കാതെ വരുമ്പോൾ അവരെ നാം പൂർണമായി ഉൾക്കൊള്ളുന്നില്ല എന്നാണ് അർത്ഥം (ഐക്യരാഷ്ട്രസഭ, 2007). ഭിന്നശേഷിയുള്ളവരുടെ അവകാശം സംബന്ധിച്ച ഐക്യരാഷ്ട്ര സഭയുടെ ഉടമ്പടിയിൽ ഇന്ത്യയും ഒപ്പുവച്ചിട്ടുള്ളതാണ്. ഈ ഉടമ്പടിയുടെ വകുപ്പ് 9 ൽ ഓരോ ഗവൺമെന്റും ഭിന്നശേഷിയുള്ളവർക്ക് ഉറപ്പാക്കേണ്ട കടമകളെ കുറിച്ച് സൂചിപ്പിക്കുന്നു - 1. വിവരങ്ങൾ, 2. ഗതാഗതം, 3. ഭൗതിക സാഹചര്യങ്ങൾ, 4. ആശയവിനിമയ സങ്കേതം, 5. എല്ലാ അടിയന്തര സേവനങ്ങളുടെയും ലഭ്യത എന്നിവയാണ് അവയിൽ പ്രധാനപ്പെട്ടവ.

തുല്യ അവസരങ്ങൾ നേടുന്നതിനും, സ്വതന്ത്രമായി ജീവിക്കുന്നതിനും, സമൂഹത്തിലെ എല്ലാ ജീവിത മണ്ഡലങ്ങളിലും പൂർണമായി വ്യാപരിക്കുന്നതിനും ഭിന്ന ശേഷിയുള്ളവർക്ക് സാർവത്രിക ലഭ്യത അനിവാര്യമാകുന്നു. ഭിന്നശേഷിയുള്ളവരുടെ (തുല്യ അവസരം, അവകാശങ്ങളുടെ സംരക്ഷണം, പൂർണ പങ്കാളിത്തം) നിയമം - 1995ലെ 44,45,46 വകുപ്പുകൾ ഈ കാര്യങ്ങൾ വളരെ വ്യക്തമായി ചൂണ്ടിക്കാണിക്കുന്നുണ്ട്. ഗതാഗതത്തിൽ വാഹനങ്ങളിലെ പരിഗണന, വഴികളിലെ പരിഗണന, പരിസരങ്ങളിലെ പരിഗണന എന്നിവയാണ്.

## ഇന്ത്യൻ പശ്ചാത്തലം

ഇന്ത്യൻ നഗരങ്ങളിലെ മഹാഭൂരിപക്ഷം ജനങ്ങളും ഒരോ ദിവസവും ജോലിസ്ഥലത്തേയ്ക്കും വിദ്യാലയങ്ങളിലേയ്ക്കും ഉല്ലാസസ്ഥലങ്ങളിലേയ്ക്കും മറ്റും യാത്ര ചെയ്യുന്നതിന് പൊതു ഗതാഗത സംവിധാനത്തെയാണ് ഉപയോഗപ്പെടുത്തുന്നത്. സ്വകാര്യ വാഹനങ്ങളുടെ എണ്ണക്കുറവും, ദീർഘമായ യാത്രകളും, ഇന്ധനത്തിന്റെ വിലയും എല്ലാറ്റിനുമുപരി റോഡുകളുടെ ദുസ്ഥിതിയും മൂലം പൊതുജനം യാത്രകൾക്കായി ബസുകളെയും ട്രെയിനുകളെയുമാണ് കൂടുതലായി ആശ്രയിക്കുന്നത്. അതിനാൽ തന്നെ വൻ തുകയാണ് നഗരങ്ങളിൽ പൊതുഗതാഗത സൗകര്യങ്ങൾക്കായി രാജ്യമെമ്പാടും ചെലവഴിക്കുന്നത്. എന്നാലും അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും രാജ്യത്തെ ഭിന്നശേഷിയുള്ള കുട്ടികൾക്ക് ഉപകാരപ്പെടുന്നില്ല. എന്നു മാത്രമല്ല അത് ക്ലേശമനുഭവിക്കുന്ന വിഭാഗങ്ങളായ പ്രായമായവർ, കുട്ടികൾ, ഗർഭിണികൾ, ഭിന്നശേഷിയുള്ളവർ തുടങ്ങിയവർക്ക് വളരെ ദുർഘടമായ സാഹചര്യങ്ങളാണ് സൃഷ്ടിക്കുന്നതും. ചലനശേഷി നഷ്ടപ്പെട്ടവരുൾപ്പെടെയുള്ളവർ അപര്യാപ്തമായി രീതിയിൽ രൂപകല്പന ചെയ്ത വാഹനങ്ങളിൽ യാത്ര ചെയ്യാൻ നിർബന്ധിതരാകുന്നു.

ഇന്ത്യൻ നഗരങ്ങളിലെ ലക്ഷക്കണക്കിന് യാത്രക്കാർ ദിവസേന ട്രെയിനും ബസുകളും ആശ്രയിക്കുന്നു. പക്ഷെ മിക്കവാറും അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും രൂപകല്പന ചെയ്തിരിക്കുന്നത് സാമാന്യജനങ്ങൾക്കു വേണ്ടി മാത്രമാണ്. ന്യൂന

പക്ഷമായ ഭിന്നശേഷിക്കാരുടെ കാര്യം പലപ്പോഴും അവഗണിക്കപ്പെടുന്നു. ഇതിൽ പ്രായമായവരുടെയും കുട്ടികളുടെയും ഗർഭിണികളുടെയും എണ്ണവുമായി താരതമ്യം ചെയ്താൽ ഭിന്ന ശേഷിയുള്ളവരുടെ സംഖ്യ പല മടങ്ങ് ഉയരും. ബോധവത്ക്കരണത്തിലൂടെയും സാമൂഹിക സംവാദങ്ങളിലൂടെയും ആയിരിക്കണം ഓരോ ഉപഭോക്താവിനും യോജിച്ച വാഹന മാതൃകകളും അടിസ്ഥാന സൗകര്യവികസവും രൂപകല്പന ചെയ്യേണ്ടത്. അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ലോകത്തിൽ ആധുനിക സാങ്കേതിക വിദ്യയുടെയും, സമൂഹനീതിയെ കുറിച്ചുള്ള അവബോധത്തിന്റെയും, മൂല്യ സങ്കല്പത്തിന്റെയും പിന്തുണയോടുകൂടി എല്ലാ ഗുണഭോക്താക്കളുടെയും ആവശ്യങ്ങൾക്കനുസരിച്ച് നമ്മുടെ സംവിധാനങ്ങൾ രൂപപ്പെടുത്തേണ്ടത് അനിവാര്യമാണ്.

## പ്രശ്നങ്ങളും വെല്ലുവിളികളും

പൊതു സ്ഥലങ്ങളും, വാഹനങ്ങൾ ഉൾപ്പെടെയുള്ള ഗതാഗത സൗകര്യങ്ങളും ഭിന്നശേഷിയുള്ളവരെ കൂടി ഉദ്ദേശിച്ചല്ല രൂപകല്പന ചെയ്തിരിക്കുന്നത്. ദേശീയ തലത്തിൽ നഗരങ്ങളിൽ ഫലപ്രദമായ ബസ് റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റം (ബിആർടിഎസ്) എന്ന ഗതാഗത സംവിധാനം ആരംഭിക്കുന്നതിന് ജൻറം അഥവ ജവഹർലാൽ നെഹ്റു ദേശീയ നഗര നവീകരണ ദൗത്യത്തിലൂടെ പദ്ധതിയിടുന്നുണ്ട്. ഭിന്നശേഷിയുള്ളവരുടെ യാത്രാ പ്രശ്നങ്ങൾ പരിഗണിക്കാമെന്ന് ബിആർടിഎസ് സമ്മതിച്ചെങ്കിലും ബോധവത്ക്കരണത്തിന്റെയും സംവേദനത്തിന്റെയും അഭാവം മൂലം അതിനുള്ള മാനദണ്ഡങ്ങൾ നടപ്പാക്കുന്നതിനും ഭിന്നശേഷിയുള്ളവർക്ക് ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും നമുക്ക് സാധിച്ചിട്ടില്ല. നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തമായ പരിപാലനമാണ് മറ്റൊരു പ്രശ്നം. എവിടെയെങ്കിലും ഭിന്നശേഷിയുള്ളവർക്കായി എന്തെങ്കിലും പൊതു സൗകര്യങ്ങൾ ഉണ്ടെങ്കിൽത്തന്നെ അവ ഉപയോഗിക്കപ്പെടാതെയും കിടക്കുന്നു. കാരണം അവയെ ഇതര സൗകര്യങ്ങളുമായി യോജിപ്പിക്കുന്നില്ല. അതുമല്ലെങ്കിൽ മറ്റ് സാമഗ്രികൾക്കിടയിൽ ഉപയോഗപ്രദമല്ലാത്ത അവസ്ഥയിൽ കിടക്കുന്നു. ഇതിൽ പ്രത്യേകം എടുത്ത് പറയേണ്ടത് പാർശ്വ പാതകളുടെ കാര്യമാണ്. അടയാളങ്ങളോ ചൂണ്ടു പലകയോ ഒരിടത്തും സ്ഥാപിച്ചിട്ടില്ലാത്തതിനാൽ അങ്ങനെയുള്ള സൗകര്യങ്ങൾ ഉണ്ട് എന്ന് ആർക്കും അറിയില്ല. അതിനാൽ ഇത്തരത്തിലുള്ള വിവരങ്ങൾ അവ ഉപയോഗിക്കുന്നവരെയും മറ്റ് പൗരന്മാരെയും അറിയിക്കുന്നതിനുള്ള സംവിധാനം ക്രമീകരിക്കണം. ജനപ്പെരുപ്പത്തിന്റെ വൻ സമ്മർദ്ദം അനുഭവിക്കുന്ന ഇന്ത്യയെ പോലെ ഒരു രാജ്യത്ത് പൊതുജനങ്ങൾക്കു പോലും ദുഷ്ക്കരവും ഭിന്നശേഷിയുള്ളവരെ പാടെ അവഗണിക്കുന്നതുമായ അടിസ്ഥാന സൗകര്യങ്ങൾ മൂലമാണ്, പൊതുഗതാഗത സംവിധാനം ഉപയോഗിക്കുന്നതിന് മറ്റുള്ളവർ ഭിന്നശേഷിയുള്ളവരെ നിരുത്സാഹപ്പെടുത്തുന്നത്. ഇപ്പോൾ നാം നമ്മുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ടെങ്കിലും ഭിന്നശേഷിയുള്ളവർക്ക് ഇത് സ്വതന്ത്രമായി ഉപയോഗിക്കാനുള്ള ആത്മവിശ്വാസം ഇനിയും വന്നിട്ടില്ല. കാരണം കഴിഞ്ഞ കാല അനുഭവങ്ങൾ തന്നെ. ഭിന്നശേഷിയുള്ളവർ പ്രത്യേക വിഭാഗമാണ്. അവർക്ക് കൃത്രിമമായി നിർമ്മിച്ച പരിസരങ്ങൾ ഉപയോഗിക്കാൻ നിയന്ത്രണങ്ങൾ ഉണ്ട്. സാധാരണ ആളുകളെ അപേക്ഷിച്ച് അവർക്ക് സമൂഹത്തിന്റെ കൂടുതലായ ശ്രദ്ധയും ആവശ്യമാണ്.

ഭിന്നശേഷിയുള്ളവർ ഉൾപ്പെടെ എല്ലാവർക്കും എല്ലാ സൗകര്യങ്ങളും ലഭ്യമാക്കുക എന്ന ലക്ഷ്യം വച്ച് ഇന്ത്യ ഗവൺമെന്റ് രാജ്യവ്യാപകമായി സുഗമ്യ ഭാരത് അഭിയാൻ എന്ന പേരിൽ ഒരു ബോധവത്ക്കരണ യജ്ഞം ആരംഭിച്ചിട്ടുണ്ട്.

## രൂപകല്പനാ മാർഗനിർദ്ദേശങ്ങളും നിലവാരവും

മിക്ക രാജ്യങ്ങളിലും രൂപകല്പനാ മാർഗനിർദ്ദേശങ്ങളും നിലവാരങ്ങളും നിലവിലുണ്ട്. ദേശീയ നിലവാരങ്ങൾ ഇല്ലായെങ്കിൽ മറ്റു രാജ്യങ്ങളുടെ നിലവാരങ്ങൾ ഉപയോഗിക്കാം. നമ്മുടെ രാജ്യത്തെ ഭിന്നശേഷിയുള്ളവർക്കും പ്രായമായവർക്കും വേണ്ടിയുള്ള കേന്ദ്ര പൊതു മരാമത്ത് വകുപ്പിന്റെ നിലവിലുള്ള നിർമ്മാണ മാനദണ്ഡങ്ങൾ കുറച്ചു കൂടി മെച്ചപ്പെട്ട രൂപ കല്പന സ്വീകരിച്ച് നടപ്പാക്കേണ്ടിയിരിക്കുന്നു. എല്ലാ തലങ്ങളിലും ഇത്തരത്തിലുള്ള പരിശ്രമങ്ങൾ ഉണ്ടാവണം. നിരവധി സ്ഥാപനങ്ങൾ ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. ശില്പശാലകളും സെമിനാറുകളും നടത്തി ഈ സ്ഥാപനങ്ങൾ സാധാരണക്കാർക്കിടയിലും നഗര വികസനത്തിന്റെ ഉത്തരവാദിത്തം വഹിക്കുന്ന വിവിധ ഗവൺമെന്റ് വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കിടയിലും ബോധവത്ക്കരണം നടത്തുന്നു. വിദ്യാഭ്യാസ ഗവേഷണ സ്ഥാപന

ങ്ങൾക്കും ഈ മേഖലയിൽ വലിയ സംഭാവനകൾ ചെയ്യാവുന്നതാണ്. വിദ്യാർത്ഥികൾക്കിടയിൽ അവബോധം സൃഷ്ടിക്കുകയാണ് പ്രധാനം. ബന്ധപ്പെട്ട ഗവേഷണ പദ്ധതികളിലൂടെ വിവരങ്ങൾ ശേഖരിക്കുവാനും അപഗ്രഥിക്കുവാനും അതുവഴി സമൂഹത്തിന്റെ മാറ്റത്തിന് ഗുണപരമായ പ്രശ്നപരിഹാരം നിർദ്ദേശിക്കാനും അവർക്ക് സാധിക്കും.

## നവ വികാസത്തിന്റെ ആവശ്യം

സമൂഹത്തിന്റെ എല്ലാ തലങ്ങളിലുമുള്ളവരുടെ അഭിരുചികൾക്കനുസൃതമായ ബഹുമുഖമായ മാതൃകാ സംവിധാനം നടപ്പിലാക്കാനാണ് ജൻറത്തിന്റെ ഗതാഗത പദ്ധതിക്ക് ഗവൺമെന്റ് സാമ്പത്തിക സഹായം നല്കുന്നത്. അതു പ്രകാരം മികച്ച നിലവാരമുള്ള ബസ് സ്റ്റോപ്പുകൾ, മെട്രോ സ്റ്റേഷനുകൾ, തുടങ്ങിയവയുടെ നിർമ്മാണം ആരംഭിച്ചു കഴിഞ്ഞു. ഉദാഹരണത്തിന് കാഴ്ച ഇല്ലാത്ത ഒരാൾക്ക്, അല്ലെങ്കിൽ വീൽ ചെയറിൽ വരുന്ന ഒരാൾക്ക് ആവശ്യമായ എല്ലാ സഹായങ്ങളും ലഭിക്കുന്ന തരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങളാണ് ബസ് സ്റ്റോപ്പുകളിലും മെട്രോ സ്റ്റേഷനുകളിലും ഒരുക്കുന്നത്. പൊതു ഗതാഗത സൗകര്യം ഉപയോഗിക്കുന്ന എല്ലാവരും യാത്രയുടെ തുടക്കത്തിലും അവസാനത്തിലും കാൽനടക്കാരാണ്. അതിനാൽ തെരുവുകളിൽ കാൽനടക്കാർക്ക് ആവശ്യമായ നടപ്പാതകൾ പോലുള്ള അടിസ്ഥാന സൗകര്യങ്ങൾ, കുഞ്ഞുങ്ങൾക്കും പ്രായമായവർക്കും വേണ്ടി കൈവിരികളുള്ള റാമ്പുകൾ എന്നിവ പ്രത്യേകമായി നിർമ്മിക്കും. ഇത്തരത്തിലുള്ള സൗകര്യങ്ങളുടെ അപര്യാപ്തതയാണ് സമൂഹത്തിലെ മുഖ്യധാരയിലേക്ക് എത്താൻ ഭിന്നശേഷിയുള്ളവർ അനുഭവിക്കുന്ന പ്രധാന പ്രതിബന്ധം. പൊതുഗതാഗത സൗകര്യങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കാനുള്ള ഏറ്റവും ലളിതമായ മാർഗം കാൽനടക്കാരുടെ സുരക്ഷയും സൗകര്യവും വർധിപ്പിക്കുക എന്നാണ്.

അടിസ്ഥാന സൗകര്യ പരിപാലനം, ശുചിമുറി സൗകര്യങ്ങൾ, കാൽനടക്കാർക്ക് നിരത്ത് മുറിച്ച് കടക്കാനുള്ള അടയാളങ്ങൾ, റാമ്പ് സൗകര്യം, തറയോട് വിരിച്ച് വൃത്തിയാക്കിയ പൊതു സ്ഥലങ്ങൾ എന്നിവയൊക്കെയാണ് നല്ല നിലവാരത്തിൽ ഗതാഗത സംവിധാനങ്ങൾ നിലനിർത്താൻ സഹായിക്കുന്നത്.

## സുഗമ്യ ഭാരത് അഭിയാൻ

ഇന്ത്യയിൽ രാജ്യവ്യാപകമായി നടക്കുന്ന ഒരു ബോധവത്ക്കരണ യജ്ഞമാണ് ഇത്. സമൂഹത്തിന്റെ എല്ലാ തലങ്ങളിലും – വിദ്യാലയങ്ങളിലും കലാലയങ്ങളിലും, ഉദ്യോഗസ്ഥർക്കിടയിലും, വികസന പ്രവർത്തകർക്കിടയിലും, ഗ്രാമ നഗര ഭരണസ്ഥാപനങ്ങളിലും, രാഷ്ട്രീയക്കാരിലും ജീവിത ശൈലി പോലെ ഈ സന്ദേശം എത്തേണ്ട കാലമായിരിക്കുന്നു. ഉന്നത നിലവാരവും സ്ഥിരതയുമുള്ള ഗതാഗത സംവിധാനമാണ് പ്രധാന ഘടകമായി അംഗീകരിച്ചിരിക്കുന്നത്. എല്ലാവർക്കും പൊതു ഗതാഗത സംവിധാനത്തിന്റെ – ബസ്, ട്രെയിൻ, വിമാനം, കപ്പൽ – തുടങ്ങിയവയുടെ ലഭ്യത സുഗമമാക്കുകയാണ് ലക്ഷ്യം.

എല്ലാവർക്കും പ്രത്യേകിച്ച് ഭിന്നശേഷിക്കാർക്ക് സഹായകമാകുന്ന വിധത്തിൽ പ്രാപ്തിയുള്ള ഡ്രൈവർമാർ, കണ്ടക്ടർമാർ, ജോലിക്കാർ, സുരക്ഷാ വിഭാഗം ജീവനക്കാർ എന്നിവരെ വികസിപ്പിച്ചെടുക്കാൻ പരിശീലനം വേണം. പരിശീലനത്തിന്റെ അഭാവത്തിൽ ഉദ്ദേശിക്കുന്ന ഫലം ഇവരിൽ നിന്ന് ലഭിക്കില്ല. ഭിന്നശേഷിയുള്ളവർക്ക് ഈ സൗകര്യങ്ങൾ അപ്രാപ്യവുമാകും.

വാഹനങ്ങളിൽ വിവര സാങ്കേതിക വിദ്യയുടെയും ഹരിത സാങ്കേതിക വിദ്യയുടെയും ഉപയോഗം പൊതു ഗതാഗത സംവിധാനത്തെ ഭിന്നശേഷിയുള്ളവർക്ക് കൂടുതൽ പ്രാപ്യവും സുരക്ഷിതവുമാക്കി തീർക്കും. എലിസബത്ത് ബാർട്ടണും ലൈനെ മിച്ചെലും ചേർന്ന് രചിച്ച ഇൻക്ലൂസിവ് അർബൻ ഡിസൈൻ – സ്ട്രീറ്റ് ലൈഫ്(2008) എന്ന കൃതിയിൽ ആളുകൾ ഭിന്നശേഷിയുള്ളവരാകുന്നത് അവർക്ക് ലഭ്യമാക്കുന്ന സാഹചര്യങ്ങൾ അനുസരിച്ചാണ് എന്ന് അഭിപ്രായപ്പെടുന്നു. നഗരങ്ങളെ സുന്ദരമാക്കാൻ നാം യാഥാർത്ഥത്തിൽ ആഗ്രഹിക്കുന്നെങ്കിൽ ആദ്യം അവയെ എല്ലാവർക്കും, പ്രായവും ലിംഗവും ശാരീരിക അവസ്ഥകളും സാമ്പത്തിക നിലയും കണക്കാക്കാതെ പ്രാപ്യവും സുരക്ഷിതവും സൗകര്യപ്രദവുമാക്കുകയാണ് വേണ്ടത്.

*(ഭോപാലിലെ സ്കൂൾ ഓഫ് പ്ലാനിങ് ആന്റ് ആർക്കിടെക്ചറിൽ അസോസിയേറ്റ് പ്രൊഫസറാണ് ലേഖകൻ)*




# പ്രാപ്യത: ഒരു പ്രായോഗിക പഠനം

ശിവാനി ഗുപ്ത

ഭിന്നശേഷിയുള്ളവരെ സാമൂഹ്യമായി ഉൾപ്പെടുത്തുന്നതിനുള്ള ഏക മാർഗം പ്രാപ്യതയാണ്. ആത്മവിശ്വാസത്തോടെയും സുരക്ഷിതമായും സമൂഹത്തിൽ ഇടപെടാനും സ്വതന്ത്രമായി ജീവിക്കുവാനും ഭിന്നശേഷിയുള്ളവരെ ഇതു സജ്ജരാക്കുന്നു. ഭിന്നശേഷിയും പ്രാപ്യതയും വിപരീതാനുപാതത്തിലാണെന്നാണ് പറയുന്നത്. അതായത് പ്രാപ്യത വർധിക്കുമ്പോൾ ഭിന്നശേഷി നില കുറയുന്നു. പ്രാപ്യതയെന്നതു ജന്മാവകാശം തന്നെയാണ്.

എന്താണ് സാർവലൗകിക രൂപകൽപന? കെട്ടിടങ്ങളും മറ്റും നിർമിക്കുമ്പോൾ, വിവേചനമില്ലാതെ എല്ലാ മനുഷ്യർക്കും അവ ഉപയോഗിക്കുവാൻ സാധിക്കണം. ഇത്തരം രൂപകൽപനാ സമീപനം എല്ലാ കാര്യങ്ങളിലും സ്വീകരിക്കണമെന്നതാണ് സാർവലൗകിക രൂപകൽപനകൊണ്ട് ഉദ്ദേശിക്കുന്നത്. അത് എല്ലാവരേയും ഉൾക്കൊള്ളുന്നതും എല്ലാവർക്കും ഗുണം ലഭിക്കുന്നതുമായിരിക്കണം.

ഭിന്നശേഷിയുള്ളവർക്കു 'പ്രത്യേക രൂപകൽപന' എന്ന ചിന്തയിൽനിന്നു 'എല്ലാവർക്കും യോജിക്കുന്ന രൂപകൽപന' എന്നതിലേക്കുള്ള അടിസ്ഥാനപരമായ മാറ്റമാണ് സാർവലൗകിക രൂപകൽപനയിൽ ഉൾക്കൊള്ളുന്നത്. കെട്ടിടങ്ങൾ, നയങ്ങൾ, സാങ്കേതികവിദ്യ, ഉത്പന്നങ്ങൾ തുടങ്ങിയവയെല്ലാം ഈ സിദ്ധാന്തത്തെ അടിസ്ഥാനമാക്കിയാവണം. ഇവ ഉപയോഗിക്കുന്ന എല്ലാവർക്കും പ്രയോജനപ്പെടുകയും വേണം. സ്വതന്ത്രം, സുരക്ഷിതം, ഉപയോഗം തുടങ്ങിയ കാര്യങ്ങളിൽ ഇവ ഏറ്റവും ഉയർന്ന നിലവാരത്തിലായിരിക്കണം.

ഭിന്നശേഷി വ്യക്തികൾക്കുള്ള തുല്യാവസരങ്ങൾ സംബന്ധിച്ചുള്ള ഐക്യരാഷ്ട്ര സഭയുടെ മാനദണ്ഡ ചട്ടം പ്രാപ്യത സംബന്ധിച്ച മാർഗനിർദ്ദേശം നല്കിയിട്ടുണ്ട്. അടുത്തു നടന്ന, ഭിന്നശേഷിയുള്ള വ്യക്തികളുടെ അവകാശം സംബന്ധിച്ച കൺവൻഷൻ പ്രാപ്യതയെ പൊതുതത്വമായി എടുത്തുകൊണ്ടു പ്രത്യേക ആർട്ടിക്കിൾ തന്നെ അവതരിപ്പിച്ചിട്ടുണ്ട്.

ഒരു പ്രത്യേക ആർട്ടിക്കിൾ (ആർട്ടിക്കിൾ 9)എന്ന നിലയിൽ പ്രാപ്യതയെ ആർട്ടിക്കിൾ 21 (അഭിപ്രായസ്വാതന്ത്ര്യവും വിവരാവകാശവും), ആർട്ടിക്കിൾ 20 ( വ്യക്തിഗത ചലനക്ഷമത) എന്നിവയുമായി ചേർത്തുവച്ചു വായിച്ചാൽ മാത്രമേ പ്രാപ്യതാവശ്യത്തെക്കുറിച്ചു പൂർണമായി മനസിലാക്കുവാൻ സാധിക്കുകയുള്ളൂ. പൊതു കടമകൾ ( ആർട്ടിക്കിൾ നാല്) എന്ന വിഭാഗത്തിൽ കൺവൻഷൻ എല്ലാ രാജ്യങ്ങളിലേയും ഭിന്നശേഷിയുള്ള എല്ലാ പൗരന്മാർക്കും പ്രാപ്യത ലഭ്യമാക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതു സാക്ഷാത്കരിക്കുന്നതിനുള്ള ആശയങ്ങളും കൺവൻഷൻ മുന്നോട്ടു വയ്ക്കുന്നു.

ഈ ദശകത്തിൽ (2013-2022) ഏഷ്യൻ-പസിഫിക് മേഖല ഭിന്നശേഷിയുള്ളവർക്കുവേണ്ടി മൂന്നു കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാനാണ് പ്രധാനമായും ലക്ഷ്യമിട്ടിരിക്കുന്നത്. ഭൗതിക സൗകര്യങ്ങളുടെ പ്രാപ്യത, പൊതുഗതാഗതം, അറിവും വിവരവും സംവേദനവും എന്നിവ തടസമില്ലാതെ ഭിന്നശേഷിയുള്ളവർക്കു ലഭ്യമാക്കുക എന്നിവയാണ് അവ. ഈ ലക്ഷ്യം നേടുന്നതിനായി അക്സെസിബിൾ ഇന്ത്യ കാമ്പയിൻ (എഐസി) ആരംഭിച്ചിരിക്കുകയാണ്.

## അക്സെസിബിൾ ഇന്ത്യ കാമ്പയിൻ (എഐസി)

ഭിന്നശേഷിയുള്ളവർക്കു തടസമില്ലാതെ എല്ലായിടത്തും പ്രവേശിക്കുവാൻ സാഹചര്യമൊരുക്കുകയെന്ന ലക്ഷ്യത്തോടെ ദേശീയാടിസ്ഥാനത്തിൽ നടത്തുന്ന ഒരു പ്രചാരണ പരിപാടിയാണ് അക്സെസിബിൾ ഇന്ത്യ കാമ്പയിൻ (എഐസി). ഭിന്നശേഷിയുള്ളവർക്കു എല്ലാ മേഖലകളിലും തുല്യ അവസരം ലഭ്യമാക്കുവാൻ ഇതു ലക്ഷ്യമിടുന്നു. സ്വതന്ത്രമായി ജീവിക്കുവാനും സമൂഹത്തിലെ മറ്റുള്ളവരെപ്പോലെ ജീവിതത്തിന്റെ എല്ലാതുറകളിലും പങ്കാളികളാകാനും ഭിന്നശേഷിയുള്ളവരെ പ്രാപ്തരാക്കാൻ എഐസി ലക്ഷ്യമിടുന്നു.

സാമൂഹ്യനീതി-ശാക്തീകരണ മന്ത്രാലയത്തിന്റെ കീഴിലുള്ള ഭിന്നശേഷി ശാക്തീകരണ ഡിപ്പാർട്ട്മെന്റ് (ഡിപ്പാർട്ട്മെന്റ് ഓഫ് എംപവർമെന്റ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ്) ആണ് ഈ പ്രചാരണ പരിപാടി ആരംഭിച്ചിട്ടുള്ളത്.

ഭിന്നശേഷിക്കാർക്കു സുഗമമായി ഉപയോഗിക്കാവുന്ന വിധത്തിൽ പൊതു ഭൗതിക സാഹചര്യങ്ങൾ, ഗതാഗത സംവിധാനം, വിവര വിനിമയ സംവിധാനം തുടങ്ങിയവ മെച്ചപ്പെടുത്തുകയാണ് ഈ പ്രചാരണത്തിലൂടെ ലക്ഷ്യമിടുന്നത്. ഇതിനായി എഐസി ഒരു ബഹുമുഖ പ്രചാരണ തന്ത്രത്തിനു രൂപം നല്കിയിട്ടുണ്ട്. അതിലെ മുഖ്യഘടകങ്ങൾ ഇവയാണ്.

എ) ഈ പ്രചാരണ പരിപാടിക്കു പ്രമുഖരുടെ പങ്കാളിത്തം ഉറപ്പാക്കുക.

ബി) പൊതു അവബോധം സൃഷ്ടിക്കുക

സി) ശില്പാശാലകൾ വഴി ശേഷി വർധിപ്പിക്കൽ

ഡി) നിയമ, സാങ്കേതികവിദ്യ എന്നിവ സംബന്ധിച്ചുള്ള പരിജ്ഞാനം നൽകുകയും വിഭവസമാഹരണവും

ഇ) പൊതു- സ്വകാര്യ പങ്കാളിത്തം പ്രയോജനപ്പെടുത്തുക.

ഈ പ്രചാരപരിപാടിക്കു പിന്തുണ തേടി ഡിഇപഡബ്ള്യുഡി വിവിധ സംസ്ഥാനങ്ങളുമായി ധാരാണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഈ പരിപാടിക്കായുള്ള സ്ട്രാറ്റജിക് പേപ്പർ തയാറാക്കിയിട്ടുള്ളത് ഇഞ്ചിയൺ സ്ട്രാറ്റജിയിലെ (2013–22) സൂചകങ്ങളെ അടിസ്ഥാനമാക്കിയാണ്.

ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായാണ് പ്രാപ്യതയ്ക്ക് അത് അർഹിക്കുന്ന ശ്രദ്ധ നല്കുന്നത്. അതുകൊണ്ടുതന്നെ രാജ്യമൊട്ടാകെ ഇതിനെ ഹൃദയപൂർവം സ്വാഗതം ചെയ്യുകയും ചെയ്തു. ഭാവിയിൽ പ്രാപ്യത കൂടുതലായി ലഭിക്കുന്നതിനുള്ള തുടക്കം കൂടിയായിട്ടാണ് എഐസിയെന്ന് കരുതപ്പെടുന്നു.

പ്രാപ്യതയെക്കുറിച്ച് രാജ്യത്തൊട്ടാകെ അവബോധമുണ്ടാക്കുന്നുവെന്നതാണ് ഈ പ്രചാരണപരിപാടിയുടെ ഏറ്റവും നല്ല വശങ്ങളിലൊന്ന്. കേവലം ഭൗതിക പ്രാപ്യത മാത്രമല്ല, വിവരസംവേദന സംവിധാനമുൾപ്പെടെയുള്ള കാര്യങ്ങൾ കൂടി ഉൾപ്പെടുത്തിയുള്ള സമഗ്ര സമീപനമാണ് ഈ പ്രചാരണത്തിൽ എടുത്തിട്ടുള്ളത്.

## വെല്ലുവിളികളും പോരായ്മകളും

- പ്രാപ്യതാ നിലവാരത്തിനു അളവുകോലായി സ്വീകരിക്കേണ്ടത് നിർമാണവുമായി ബന്ധപ്പെടുത്തിയാണോ ഗതാഗത സംവിധാനം അടിസ്ഥാനമാക്കിയാണോ ആശയവിനിമയ സംവിധാനം ആധാരമാക്കിയാണോ എന്നതിൽ ആശയക്കുഴപ്പം ഇപ്പോഴും നിലനില്ക്കുകയാണ്. ഒരു രാജ്യമെന്ന നിലയിൽ ഇന്ത്യ പ്രത്യേക പ്രാപ്യത നിലവാരമൊന്നും പാലിച്ചുപോരുന്നില്ല. പ്രത്യേകിച്ചും ഗതാഗത അടിസ്ഥാനസൗകര്യങ്ങളുമായി ബന്ധപ്പെടുത്തുമ്പോൾ. ചിഹ്നങ്ങളും എഴുത്തുകളും മറ്റും നല്കുന്നതിനു ഒരു നിലവാരം വികസിപ്പിച്ചെടുക്കുന്നതിനു ലക്ഷ്യമിട്ടിട്ടുണ്ടെങ്കിലും ഗതാഗത അടിസ്ഥാനസൗകര്യവുമായി ബന്ധപ്പെടുത്തി വലിയൊരു വിടവ് ഇപ്പോഴും ഇവിടെ നിലനിൽക്കുകയാണ്. നിർമാണ മേഖലയിൽ വൻ മാറ്റം വരുത്താവുന്ന വ്യത്യസ്തമായ നിരവധി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെങ്കിലും ഇതൊന്നും തന്നെ പാലിക്കപ്പെട്ടിട്ടില്ല.
- പ്രാപ്യത സംബന്ധിച്ച ഓഡിറ്റിംഗിന് എഐസി ശക്തമായ ഊന്നൽ നല്കുന്നുണ്ട്. എന്നാൽ ആവശ്യത്തിനു പരിശീലനം സിദ്ധിച്ച ഓഡിറ്റർമാരുടെ അഭാവം രാജ്യത്തു വല്ലാതെ

യുണ്ട്. ആക്സസ് ഓഡിറ്റർ ആകുന്നതിനുള്ള പരിശീലന സംവിധാനവും രാജ്യത്തു ലഭ്യമല്ല.

- നഗര പ്രദേശങ്ങൾ കേന്ദ്രീകരിച്ചാണ് പൂർണമായും ഈ പ്രചാരണം മുന്നോട്ടു പോകുന്നത്. ഗ്രാമീണ മേഖലയിലെ പ്രാപ്യത മെച്ചപ്പെടുത്തുന്നതിനുള്ള ഒരു ലക്ഷ്യവും ഈ പ്രചാരണത്തിലില്ല.
- കെട്ടിടമായാലും പൊതു ഗതാഗത സംവിധാനമായാലും ഗവണ്മെന്റിന്റെ ഉടമസ്ഥതയിലുള്ള അടിസ്ഥാന സൗകര്യങ്ങളിലാണ് ഈ പ്രചാരണം കൂടുതലായും ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. പൊതുസൗകര്യങ്ങളും സേവനങ്ങളും നൽകുന്ന സ്വകാര്യമേഖല ഈ പ്രചാരണ സംവിധാനത്തിൽ വരുന്നില്ല. സ്വകാര്യമേഖല പൊതു സേവനങ്ങൾ നൽകുന്നിടത്ത് പൊതു ഖജനാവിൽനിന്നു പണം മുടക്കി സൗകര്യങ്ങളൊരുക്കുവാൻ ഗവണ്മെന്റിനു ബാധ്യതയൊന്നുമില്ലെങ്കിലും സ്വകാര്യമേഖല പൊതു സേവനങ്ങൾ നൽകുന്നിടത്ത് പ്രാപ്യത ഉറപ്പാക്കുവാൻ മോണിട്ടറിംഗ് ഗവണ്മെന്റ് നടത്തണം.
- ആളുകൾ ഉപയോഗിക്കുന്ന ഏറ്റവും ചെലവു കുറഞ്ഞതും സൗകര്യപ്രദവുമായ ഗതാഗത സംവിധാനമാണ് ബസ് സർവീസ്. ഈ റോഡു ഗതാഗത സംവിധാനത്തിൽ കൂടുതൽ പ്രാപ്യത ലഭ്യമാക്കുന്നതിനു ഒരു ശ്രദ്ധയും നൽകുന്നില്ല. (ഒരു പക്ഷേ, ഈ മേഖലയുടെ നല്ലൊരു പങ്കും സ്വകാര്യമേഖലയുടെ നിയന്ത്രണത്തിലായതുകൊണ്ടാകാം).

## നിയമപരിഷ്കാരങ്ങൾ

ഭിന്നശേഷി അവകാശ നിയമത്തിനുമപ്പുറത്ത് ഭിന്നശേഷിയുള്ളവരുടെ ആവശ്യങ്ങൾ നിറവേറ്റാൻ നിരവധി നിയമങ്ങളും നയ ചട്ടക്കൂടുകളും നടപ്പാക്കേണ്ടതുണ്ട്. ബിൽഡിംഗ് നിയമങ്ങൾ, നഗര-ഗ്രാമ വികസന നിയമങ്ങൾ, റോഡ്, റെയിൽ, വിമാനം, മാരിടൈം,തുടങ്ങിയവയുമായി ബന്ധപ്പെടുത്തിയുള്ള പൊതുഗതാഗത നിയമങ്ങൾ, ഇന്റർനെറ്റ്, ബ്രോഡ്കാസ്റ്റിംഗ് ആൻഡ് ടെലികമ്യൂണിക്കേഷൻ നിയമങ്ങൾ, അടിയന്തര ദുരന്തനിവാരണ മാനേജ്മെന്റ് നിയമങ്ങൾ, ഭവന നിയമം, വിദ്യാഭ്യാസം, ആരോഗ്യം, ടൂറിസം, പോലീസ്, കോടതി, സ്പോർട്സ്, സംസ്കാരം തുടങ്ങി വിവിധ പൊതുസേവനങ്ങളുമായി ബന്ധപ്പെടുത്തിയിട്ടുള്ള നിയമങ്ങളിൽ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്.

ചില രാജ്യങ്ങൾ പ്രാപ്യതാ നിയമം (അക്സ്സിബിലിറ്റി നിയമം) ഇതിനകം പ്രാബല്യത്തിൽ വരുത്തിക്കഴിഞ്ഞു. കാനഡ, ഫിലിപ്പൈൻസ് എന്നീ രാജ്യങ്ങളിൽ പ്രാപ്യത മെച്ചപ്പെടുത്തുന്നതിനുള്ള നിയമങ്ങൾ 1983 മുതലുണ്ട്. പ്രധാനമായും ഭിന്നശേഷിയുള്ള ആളുകളുടെ യാത്രാ സൗകര്യം മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെയാണ് ഈ രാജ്യങ്ങൾ നിയമം പാസാക്കിയത്. ചില കെട്ടിടങ്ങൾ, സ്ഥാപനങ്ങൾ, പൊതു ഇടങ്ങൾ തുടങ്ങിയവയിൽ ഭിന്നശേഷിക്കാർക്കുള്ള സൗകര്യങ്ങളും ആവശ്യമായ ഉപകരണങ്ങളും സ്ഥാപിക്കാൻ ഈ നിയമങ്ങൾ നിഷ്കർഷിക്കുന്നു.

## അനുകൂലാന്തരീക്ഷം സൃഷ്ടിക്കൽ

- ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യൻ സൈൻ ലാംഗ്വേജ്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻക്ലൂസീവ് ആൻഡ് യൂണിവേഴ്സൽ ഡിസൈൻ എന്നിങ്ങനെ രണ്ടു വിദ്യാഭ്യാസ, പരിശീലന സ്ഥാപനങ്ങൾ ആരംഭിക്കുവാൻ നിർദ്ദേശങ്ങൾ ഉയർന്നു വന്നിട്ടുണ്ട്.
- ബിൽഡിംഗ് നിലവാരം, വാഹനങ്ങളുടെ രൂപകൽപ്പന, ട്രാൻസ്പോർട്ട് ടെർമിനസ് നിലവാരം, പൊതു സേവനങ്ങളുടെയും സൗകര്യങ്ങളുടേയും നിലവാരം, ബ്രോഡ്കാസ്റ്റിംഗ് നിലവാരം തുടങ്ങിയവയ്ക്കായി മെച്ചപ്പെട്ട രൂപകൽപനാ നിലവാരത്തിൽ വികസിപ്പിക്കുകയും നടപ്പാക്കുകയും ചെയ്യുക.
- ആർക്കിടെക്ചർ, എൻജിനീയറിംഗ്, ഡിസൈനിംഗ്, പ്രൊക്യർ മാനേജ്മെന്റ് തുടങ്ങി എല്ലാ പ്രഫഷണൽ കോഴ്സുകൾക്കും സാർവലൗകിക രൂപകൽപനയും പ്രാപ്യതയും നിർബന്ധമായും പാഠ്യവിഷയമാക്കുക. മാത്രവുമല്ല, സാർവലൗകിക രൂപകല്പനയിൽ പ്രത്യേക കോഴ്സും ആരംഭിക്കണം.
- ഫയർ സേഫ്റ്റി നിബന്ധനകൾപോലെ തന്നെ പ്രാപ്യത സംബന്ധിച്ചുള്ള നിബന്ധനകൾ

പാലിച്ചിട്ടുണ്ടോയെന്നു പരിശോധിച്ചശേഷമേ പുതിയ കെട്ടിടങ്ങൾക്കു ഒക്കുപ്പെൻസി സർട്ടിഫിക്കറ്റ് നൽകാവൂ. ഇപ്പോൾ ഇത്തരത്തിലുള്ള പ്രാപ്യത നിബന്ധന വച്ചിട്ടില്ല.

ഇന്ത്യയിലെ പൊതുവാങ്ങൽ നിയമങ്ങളും കൈക്കൊണ്ടുപോരുന്ന നടപടിക്രമങ്ങളും പ്രാപ്യത സംബന്ധിച്ച പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ പര്യാപ്തമല്ല. പൊതുവാങ്ങൽ സംവിധാനത്തിലൂടെ നിരവധി ഉത്പന്നങ്ങൾ വാങ്ങുകയും അതിനായി പൊതുഖജനാവിലെ പണം ചെലവഴിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഇത്തരത്തിൽ വാങ്ങുന്ന വസ്തുക്കളിൽ ഭിന്നശേഷിയുള്ളവർക്കു കൂടി പ്രാപ്യത ഉറപ്പാക്കുകയെന്നത് വളരെ പ്രധാനപ്പെട്ടതാണ്.

ഭിന്നശേഷിയുള്ളവരുടെ പ്രാപ്യത, പൊതുവാങ്ങലിനുള്ള മാനദണ്ഡമായി ഉൾപ്പെടുത്തിയാൽ അതു വലിയ മാറ്റമായിരിക്കും ഉണ്ടാക്കുക. സ്വകാര്യമേഖലയിലും മാനുഫാക്ചറിംഗ് ഉത്പന്ന നിർമാണ കമ്പനികളിലും പുരോഗമനപരമായ വിപണി സ്വാധീനം സൃഷ്ടിക്കുവാൻ ഇതു സഹായിക്കും.

## സ്വകാര്യമേഖലാ സേവനങ്ങളുടേയും സൗകര്യങ്ങളുടേയും പ്രാപ്യത

സേവനങ്ങളും സൗകര്യങ്ങളും കൂടുതൽ കൂടുതൽ സ്വകാര്യവത്കരിക്കുന്ന സാഹചര്യത്തിൽ ആ മേഖലയിലും പ്രാപ്യതാ മാനദണ്ഡചട്ടങ്ങൾ നടപ്പിലാക്കുന്നത് പ്രധാനപ്പെട്ടതാണ്. സ്വകാര്യമേഖലയിൽ പ്രാപ്യത ഉറപ്പുവരുത്തണമെന്നു നിഷ്കർഷിക്കുന്ന നിയമങ്ങളൊന്നുംതന്നെ ഇന്ത്യയിൽ ഇപ്പോഴില്ല.

എന്നാൽ സേവനങ്ങളും സൗകര്യങ്ങളുമൊരുക്കുന്ന സ്വകാര്യമേഖലയ്ക്കു ഭിന്നശേഷിയുള്ള ആളുകൾക്കു പ്രാപ്യത ലഭ്യമാക്കുവാനുള്ള ബാധ്യതയുണ്ട്. ഇന്റർനെറ്റിലൂടെ ഉൾപ്പെടെ നല്കുന്ന വിവിധ പൊതുസേവനങ്ങൾ ഭിന്നശേഷിയുള്ളവർക്കും പ്രാപ്യമാകണം. ഇത് ഉറപ്പാക്കാൻ ഗവൺമെന്റിനു സഹായകരമാവുന്ന ചില നിർദ്ദേശങ്ങൾ മുന്നോട്ടു വയ്ക്കുകയാണ്:

- സ്വകാര്യമേഖല പ്രാപ്യതാ മാനദണ്ഡങ്ങൾ പാലിക്കുന്നുവെന്നു ഉറപ്പുവരുത്തുന്നതിനുള്ള വഴിയായി പൊതുവാങ്ങൽ സംവിധാനത്തെ ഉപയോഗപ്പെടുത്തണം. ഉദാഹരണത്തിന്, പൊതുഖജനാവിലെ പണം ഉപയോഗിച്ചു വാങ്ങുന്ന എല്ലാ എലിവേറ്ററുകളും പ്രാപ്യതാ മാനദണ്ഡവും നിലവാരവും പാലിച്ചിരിക്കണമെന്നു ഗവണ്മെന്റിനു നിഷ്കർഷിക്കാം. വലിയ തോതിൽ ഗവണ്മെന്റ് വാങ്ങൽ നടത്തുന്നതിനാൽ പ്രാപ്യതാ നിലവാരം പാലിച്ചുകൊണ്ടുള്ള എലിവേറ്ററുകൾ നിർമിക്കാൻ സ്വകാര്യ നിർമാതാക്കൾക്കു പ്രോത്സാഹനമാകും.
- പൊതു സേവനങ്ങൾ നല്കുന്നതിനും സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും സ്വകര്യ മേഖലയ്ക്ക് ആദ്യം വേണ്ടത് ഗവണ്മെന്റിൽനിന്നുള്ള ലൈസൻസ് ആണല്ലോ. ലൈസൻസിംഗ് ഘട്ടത്തിൽത്തന്നെ പ്രാപ്യതാ നിബന്ധനകൾ നിർബന്ധമാക്കിയാൽ കാര്യങ്ങൾ നടപ്പാക്കുക എളുപ്പമായിക്കിട്ടും. ഉദാഹരണത്തിന്, ബസ് സർവീസ് നടത്താൻ സ്വകാര്യ ഗതാഗത കമ്പനികൾക്കു ലൈസൻസ് നല്കുന്ന സമയത്തുതന്നെ പ്രാപ്യതാ ക്ലോസ് ഉൾപ്പെടുത്തിയാൽ എല്ലാ ബസുകളിലും ഈ സൗകര്യം ഏർപ്പാടാക്കപ്പെടും. ബസ് ജീവനക്കാരുടെ ഇടയിൽ ഭിന്നശേഷിയുള്ളവരുടെ പ്രാപ്യതയെക്കുറിച്ചു അവബോധവും സൃഷ്ടിക്കപ്പെടും. ഇത് ബസ് നിർമാണക്കമ്പനികളിലും പ്രതിഫലനമുണ്ടാക്കും. അത്തരത്തിലുള്ള ബസ് രൂപകല്പന ചെയ്യുവാൻ അവർക്കു പ്രചോദനമാവുകയും ചെയ്യും.
- പ്രാപ്യത ഉറപ്പാക്കാൻ സർട്ടിഫിക്കേഷൻ ഉപയോഗിക്കാം. ടൂറിസം മന്ത്രാലയം ഹോട്ടലുകൾക്കു നല്കുന്ന സ്റ്റാർ റേറ്റിംഗ്, അല്ലെങ്കിൽ സ്വകാര്യമേഖല നല്കുന്ന തേരി ഗ്രീൻ റേറ്റിംഗ് തുടങ്ങിയവയൊക്കെ ഉദാഹരണങ്ങളാണ്. ഇത്തരം റേറിംഗിനും സർട്ടിഫിക്കേഷനുമൊക്കെയുള്ള മാനദണ്ഡങ്ങളിൽ പ്രാപ്യത കൂടി ഉൾപ്പെടുത്തുക.
- പ്രാപ്യത, ഉൾപ്പെടുത്തൽ എന്നിവ കൂടി ഗുണമേന്മ പരിശോധന സംവിധാനത്തിൽ ഒരു മാനദണ്ഡമായി ഉൾപ്പെടുത്തുക.

*(ഭിന്നശേഷിയുള്ളവർക്കായുള്ള രാജ്യത്തെ മികച്ച സേവന സംഘടനകളിലൊന്നായ 'ആക്സസ് എബിലിറ്റിയുടെ സ്ഥാപകയാണ് ലേഖിക)*




# ഭിന്നശേഷി: ഒരു ബഹുമുഖ ദർശനം

അരുണിമാ ഡേ

ആരോഗ്യം വികസനത്തിന്റെ പ്രധാന സൂചകമായി പരിഗണിക്കപ്പെടുന്ന ഒരു സമൂഹത്തിൽ വ്യക്തികളുടെ ഭിന്നശേഷിത്വത്തിന് അതിന്റേതായ പ്രാധാന്യമുണ്ട്. നിത്യജീവിതത്തെ അസുഖകരമാക്കുന്നതിലൂടെ പ്രാന്തവത്ക്കരണത്തിന് ഇടയാക്കുകയും പലതരത്തിൽ അവരുടെ ജീവിതത്തെ നിയന്ത്രിക്കുന്ന ഒന്നായും ഭിന്നശേഷിത്വം മിക്കപ്പോഴും നിരീക്ഷിക്കപ്പെടാറുണ്ട്. ജനസംഖ്യാപരമായും രോഗാതുരപരമായും ആരോഗ്യത്തെ വീക്ഷിക്കുന്നതാണ് പൊതുവായി കണ്ടുവരുന്നതെങ്കിലും ആരോഗ്യ സംബന്ധിയായി ഭിന്നശേഷിത്വത്തെ വേണ്ട രീതിയിൽ പ്രാധാന്യം നൽകി കണ്ടിട്ടില്ല.

## ഭിന്നശേഷി-വാക്കുകൾക്ക് അപ്പുറം

അവയവവ്യതിയാനം, ഭിന്നശേഷിത്വം, പ്രവർത്തന വൈകല്യം എന്നിവയെല്ലാം പരസ്പരം ബന്ധപ്പെട്ടതും പ്രത്യേക അർത്ഥത്തോടു കൂടിയതെങ്കിലും ഒന്ന് മറ്റൊന്നിനുമേൽ അതിവ്യാപനമുള്ളതുമാണ്. ലോകാരോഗ്യ സംഘടനയുടെ മാനുവൽ പ്രകാരം അവയവവ്യതിയാനം ശരീരഘടനയിലോ രൂപത്തിലോ അല്ലെങ്കിൽ അവയുടെ പ്രവർത്തനത്തിലോ ഉണ്ടാകുന്ന വിലക്ഷണത്വം സൂചിപ്പിക്കുന്നു. ഭിന്നശേഷിത്വമാകട്ടെ ഒരു വ്യക്തിയുടെ നിർവാഹകപരമായ പ്രവർത്തനങ്ങളിലോ മറ്റു ക്രിയാത്മകമോ ആയ പ്രവർത്തനങ്ങളിലോ അവയവ വ്യതിയാനം സൃഷ്ടിക്കുന്ന പരിണിത ഫലങ്ങളാണ്. ഭിന്നശേഷിത്വം ഒരു വ്യക്തി എന്ന നിലയിലുള്ള പ്രവർത്തനങ്ങളിൽ കാണപ്പെടുന്ന അസന്തുലിതാവസ്ഥയെ സൂചിപ്പിക്കുന്നു. എന്നാൽ പ്രവർത്തന വൈകല്യമാകട്ടെ അവയവവ്യതിയാനങ്ങളും ഭിന്നശേഷിത്വവും നിമിത്തം ഒരു വ്യക്തി അനുഭവിക്കുന്ന പ്രതികൂല സാഹചര്യങ്ങളാണ്. പ്രവർത്തന വൈകല്യം ചുറ്റുപാടുകളിലെ പ്രതിപ്രവർത്തനങ്ങളിൽ നിന്നുമുണ്ടാകുന്ന വൈഷമ്യങ്ങളേയും പ്രതിഫലിപ്പിക്കുന്നു. (ലോകാരോഗ്യ സംഘടന, 1980).

## പ്രശ്നത്തിന്റെ വ്യാപ്തി

2001 ലെയും 2011 ലെയും ജനസംഖ്യാ കണക്കു പ്രകാരമുള്ള സ്ത്രീപുരുഷ ജനവിഭാഗങ്ങളുടെ സ്ഥലം തിരിച്ചുള്ള രണ്ടു സ്ഥിതിവിവര കണക്കുകൾ പട്ടിക തിരിച്ച് കൊടുത്തിരിക്കുന്നു (പേജ് 30). കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടെ (2001-2011) ഗ്രാമങ്ങളിലും നഗരങ്ങളിലും ഭിന്നശേഷിയുള്ളവരുടെ ശതമാനക്കണക്കിൽ വർദ്ധനവ് ഉണ്ടായതായി ഇത് വ്യക്തമാക്കുന്നു. നഗരപ്രദേശങ്ങളെക്കാൾ ഗ്രാമപ്രദേശങ്ങളിൽ ഭിന്നശേഷിയുള്ളവരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടെന്നും ഈ കണക്ക് കാണിക്കുന്നു. ഈ പതിറ്റാണ്ടിനിടെ സ്ത്രീകളിലും പുരുഷന്മാരിലും ഭിന്നശേഷിത്വത്തിൽ നേരിയ വർദ്ധന ഉണ്ടായിട്ടുണ്ട്. ഭിന്നശേഷിയുള്ളവരുടെ എണ്ണത്തിൽ ജനസംഖ്യയിൽ കൂടുതൽ പുരുഷന്മാരാണെങ്കിലും ദശവാർഷിക ഭിന്നശേഷിത്വ വർദ്ധന പുരുഷന്മാരേക്കാൾ സ്ത്രീകളിലാണുള്ളത്.

## സംസ്കാരവും ഭിന്നശേഷിയും

ഭിന്നശേഷി വിശദീകരിക്കാനുള്ള ഒരുവഴി നാം ഭിന്നശേഷിയുള്ളവരെ എങ്ങനെ നോക്കിക്കാണുന്നു, അവരെപ്പറ്റി എങ്ങനെ പരാമർശിക്കുന്നു, എങ്ങനെ അവതരിപ്പിക്കുന്നു എന്നതിലാണ്. ഒരുവൻ എവിടെ ജനിച്ചു എന്നതല്ല, എങ്ങനെ അംഗീകരിക്കപ്പെടുന്നു


| ആകെ ജനസംഖ്യയിൽ ഭിന്നശേഷിക്കാരുടെ ശതമാനം 2001-2011 | | | | | | |
|---|---|---|---|---|---|---|
| | 2001 | | | 2011 | | |
| | വ്യക്തികൾ | പുരുഷന്മാർ | സ്ത്രീകൾ | വ്യക്തികൾ | പുരുഷന്മാർ | സ്ത്രീകൾ |
| ആകെ | 2.13 | 2.37 | 1.87 | 2.21 | 2.41 | 2.01 |
| ഗ്രാമം | 2.21 | 2.47 | 1.93 | 2.24 | 2.43 | 2.03 |
| നഗരം | 1.93 | 2.12 | 1.71 | 2.17 | 2.34 | 1.98 |

2001 ലെയും 2011 ലെയും മൊത്തം ജനസംഖ്യയിൽ ഭിന്നശേഷി ജനസംഖ്യയുടെ ശതമാനം സംബന്ധിച്ച പട്ടിക (അവലംബം : പട്ടിക സി-20, സെൻസസ് ഓഫ് ഇന്ത്യ, 2001 & 2011).

എന്നതാണ് ഭിന്നശേഷിത്വത്തിന്റെ വെല്ലുവിളി. ഇന്ത്യയെപ്പോലെ ഒരു വികസ്വര രാജ്യത്ത് നിന്നാകുമ്പോൾ ഈ വെല്ലുവിളി പർവതീകരിക്കപ്പെടുന്നു. ഭിന്നശേഷിക്കാരുടേയും അവരെ സേവിക്കുന്നവരുടെയും സംസ്കാരിക പശ്ചാത്തലം മനസ്സിലാക്കിയിരിക്കേണ്ടത് പ്രധാനമാണ്. അവബോധം മിക്കപ്പോഴും സംസ്കാരത്താൽ സ്വാധീനിക്കപ്പെടുമെന്നതിനാൽ സാമാന്യമൂല്യങ്ങളും വീക്ഷണങ്ങളും പങ്കുവയ്ക്കുന്നത് പ്രശ്നപരിഹാരത്തിന് സഹായകമാകും. ഭിന്നശേഷിത്വ പ്രശ്നത്തെ അഭിമുഖീകരിക്കുമ്പോൾ പ്രത്യേക ശ്രദ്ധ വേണമെന്ന് അടിവരയിട്ടു പറയുന്നത് എന്തുകൊണ്ടെന്നാൽ അവർ അവരെത്തന്നെയും അവരെ സമൂഹവും എങ്ങനെ വീക്ഷിക്കുമെന്നതിൽ അതിന് വളരെയേറെ സ്വാധീനം ചെലുത്താനാവുമെന്നുള്ളതിനാലാണ്. 1955 ലെ പീപ്പിൾ വിത്ത് ഡിസെബിലിറ്റി ആക്ട് മനുഷ്യത്വപരമായ അന്തസ്സ് അവർക്ക് ഉറപ്പാക്കുകയും 'ഭിന്നശേഷിത്വമുള്ളവർ' 'വിദ്യാഭ്യാസപരമായ ഭിന്നശേഷിത്വമുള്ളവർ', തുടങ്ങിയ രീതിയിൽ അവർക്ക് സഭ്യമായ വിശേഷണങ്ങൾ നൽകുകയും ചെയ്യുന്നു.

## കാര്യക്ഷമമായ ഇടപെടലിന്റെ ആവശ്യകത

സമർത്ഥ നിലവാരത്തിലുള്ള ഭിന്നശേഷിയുടെ കണ്ടെത്തൽ സേവന ദാതാക്കൾക്ക് തീർച്ചയായും പ്രയോജനപ്രദമാണ്. പല സാഹചര്യങ്ങളിൽ പല പേരിൽ സമൂഹം ജനങ്ങളെ തരംതിരിക്കുന്നു. ഇതിന്റെയെല്ലാം ഫലമായി ഭിന്നശേഷിത്വം അടിച്ചേല്പിക്കുന്ന അപമാനം ഒരിക്കലും അവഗണിച്ചുകൂടാ. വ്യക്തിക്കുള്ള ഭിന്നശേഷിത്വം ഒരു കുടുംബത്തിന്റെ നടത്തിപ്പിനുമേൽ നിഷേധാത്മക സ്വാധീനം ചെലുത്തുന്നു. ഈ സാഹചര്യം കുടുംബത്തിനുള്ളിലെ പരസ്പരബന്ധങ്ങളെ ബലഹീനപ്പെടുത്തുന്നു. വൈകാരിക സംഘർഷങ്ങൾക്കും നിരാശയ്ക്കും കാരണമാകുന്നു. മാതാപിതാക്കളും വ്യക്തികളുമായോ, മറ്റു കുടുംബാംഗങ്ങളുമായോ ഉള്ള ബന്ധത്തെ ഉലയ്ക്കുന്നു. ഇവ വേണ്ടവിധം ശ്രദ്ധിക്കാതിരുന്നാൽ കുടുംബാന്തരീക്ഷം തന്നെ ശിഥിലമായേക്കാം. ഭിന്നശേഷിക്കാരായ കുടുംബാംഗങ്ങളിലുള്ള കുറഞ്ഞ പ്രതീക്ഷയ്ക്കൊപ്പം കുടുംബത്തിന്റെ സാമ്പത്തികവും സാമൂഹ്യവുമായ നിലവാരവും തരംതാഴ്ത്തപ്പെടുന്നു.




മാതാപിതാക്കളുടെ വിദ്യാഭ്യാസ നിലവാരവും ഭിന്നശേഷിത്വം കൈകാര്യം ചെയ്തുള്ള അവരുടെ മുൻകാല പരിചയവും വികസന പ്രക്രിയയിൽ ഒരു വലിയ പങ്ക് വഹിക്കുന്നു. ഒരു വ്യക്തിയുടെ ഭിന്നശേഷിത്വത്തോട് കുടുംബത്തിന്റെ മറ്റ് അനുബന്ധ സുഹൃത്തുക്കൾ, അയൽക്കാർ, മറ്റുള്ളവർ എന്നിവരുടെ പ്രതികരണം സാമൂഹ്യ വ്യവസ്ഥയുടെ സ്വഭാവം

കാട്ടിത്തരികയും അതിനുള്ളിലെ തന്നെ വ്യക്തികളുടെ സാമൂഹ്യ പെരുമാറ്റത്തെ നിയന്ത്രിക്കുകയും ചെയ്യുന്നു. ഇത്തരം വ്യത്യസ്ത ചുറ്റുപാടുകളിൽ നിന്നും ഉയർന്നുവരുന്ന സാഹചര്യങ്ങൾ വിദഗ്ദ്ധ ഇടപെടൽ ആവശ്യപ്പെടുകയും ഈ ജനവിഭാഗങ്ങളോടൊപ്പം പ്രവർത്തിക്കുന്നതിനുള്ള സാമൂഹിക പ്രവർത്തകരുടെ പങ്ക് ബലപ്പെടുത്തുകയും ചെയ്യുന്നു.

## ഭിന്നശേഷിത്വവും പരിരക്ഷകരും : സാധ്യതകളും വെല്ലുവിളികളും

ഭിന്നശേഷിത്വമുള്ള ആളുകളെ കൈകാര്യം ചെയ്യുന്നത് സ്വതവേ വെല്ലുവിളി നിറഞ്ഞ ഒരു ജോലിയാണ്. പരിരക്ഷകരെ ഇവിടെ രണ്ടായി തരംതിരിക്കാം. അനൗപചാരിക പരിരക്ഷകരായ കുടുംബാംഗങ്ങളോ സുഹൃത്തുക്കളോ ആണ് ഒന്നാമത്തെ വിഭാഗം. രണ്ടാമത് ഫിസിഷ്യന്മാർ (ഡോക്ടർമാർ), നെഴ്സുമാർ അല്ലെങ്കിൽ ഇതിനായി വിനിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ തുടങ്ങിയവർ ഇപ്രകാരമുള്ള അർത്ഥത്തിൽ നോക്കിയാൽ 'സാംസ്കാരിക ദല്ലാൾ' മാതൃകയാവാം ഏറ്റവും പ്രധാനം. ഈ ആശയം പ്രധാനമായും ആരോഗ്യ വിദഗ്ദ്ധർ രോഗിയെ ആരോഗ്യ രംഗത്തെ പ്രവർത്തനങ്ങളെ പരിചയപ്പെടുത്തുന്നതിനും അതിൽ നിന്നുമുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിനും പ്രധാനമായി ഉപയോഗിക്കുന്ന മാതൃകയാണിത്. ഉദാഹരണത്തിന് ആളുകളുടെ ഭിന്നശേഷിത്വത്തെ സംബന്ധിച്ചുള്ള മനസ്ഥിതി, വീക്ഷണം, പൊതുബോധം എന്നിവയെ ബാധിക്കുന്ന പ്രധാന ഘടകങ്ങളായി കാണപ്പെടുന്നത് അവരുടെ മതബന്ധം, വിദ്യാഭ്യാസം, പൊതുമാധ്യമങ്ങൾ, തൊഴിൽ, വരുമാനം എന്നിവയാണ്. വ്യത്യസ്ത സമൂഹങ്ങൾക്കും മുഖ്യധാരാ സേവനങ്ങൾക്കുമിടയിൽ ഒരു സാംസ്കാരിക പാലമായി പ്രവർത്തിക്കാൻ പരിരക്ഷകരെ ഇത് അനുവദിക്കുന്നു. പ്രശ്നങ്ങളെ വിശകലനം ചെയ്യുന്നതിനും വ്യക്തമായ സാംസ്കാരിക പ്രതിവിധി രൂപപ്പെടുത്തുന്നതിനുമുള്ള സാംസ്കാരിക ദല്ലാൾ ചിന്ത രൂപപ്പെടുത്തുന്നതിനുള്ള ആശയാധിഷ്ഠിതമായ ഒരു ചട്ടക്കൂടായി ഈ മാതൃകയെ നമുക്ക് കാണാൻ കഴിയുന്നതാണ്. ഒരു വ്യക്തിയുടെ നിലവാരത്തിൽ മാത്രമല്ല ഒരാളെ തന്റെ കുടുംബവുമായും സമൂഹവുമായും വിശാലമായ സേവന വ്യവസ്ഥയുമായും ബന്ധപ്പെടുത്തുന്ന വ്യത്യസ്ത ഘടകങ്ങളെ നോക്കിക്കാണുന്നതിന് ഈ മാതൃക അനുവദിക്കുന്നു.

സാംസ്കാരിക ദല്ലാൾ വ്യവസ്ഥ എന്ന മാതൃകയിൽ *ഇടപെടൽ രീതികളിൽ* പ്രതീക്ഷയും വിശ്വാസവും സ്ഥാപിക്കുക, ബന്ധങ്ങൾ നിലനിർത്തുക എന്നിവ ഉൾപ്പെടുന്നു. പ്രശ്നങ്ങൾ തിരിച്ചറിയൽ, നയപരമായ ഇടപെടൽ, ഫലത്തെ വിലയിരുത്തൽ എന്നീ മൂന്ന് ഘട്ടങ്ങളിലൂടെ കടന്നുപോകുമ്പോൾ ഈ അവസ്ഥകൾ ഭിന്നശേഷി പരിരക്ഷകർ സംയോജിപ്പിക്കേണ്ടതാണ്. സാംസ്കാരിക ദല്ലാൾ സമൂഹത്തോട് വിശ്വാസവും ബഹുമാനവുമുള്ള ആളായിരിക്കണം; വ്യത്യസ്ത വ്യവസ്ഥകളുടെ അരികുപറ്റി പ്രവർത്തിക്കുന്നതിന് സന്നദ്ധതയുള്ളവനുമായിരിക്കണം. എല്ലാറ്റിനുമുപരി ആശയ വിനിമയത്തിനുള്ള നല്ല ശേഷിയുമുണ്ടായിരിക്കണം. ഒപ്പം ചുവടെ ചേർത്തിട്ടുള്ള സവിശേഷതകളും ഉണ്ടായിരിക്കണം.

(1) മാറ്റത്തിനുള്ള ചാലകശക്തിയായി പ്രവർത്തിക്കാനാകണം.

(2) ഭിന്നശേഷി പ്രശ്നം നേരിടുന്ന കുടുംബങ്ങൾക്ക് പലവിധമായ സേവന സഹായങ്ങൾ ലഭ്യമാക്കണം.

(3) ഭിന്നശേഷിയുള്ളവരുമായി ഒത്തുപോകുന്നതിന് കുടുംബത്തിനും സമൂഹത്തിനും പ്രോത്സാഹനം നൽകണം.

(4) പലവിധ അനഭിലഷണീയമായ സാഹചര്യങ്ങളുമായി സമരസപ്പെട്ടു പോകുന്നതിന് വ്യക്തികൾക്ക് മാത്രമല്ല കുടുംബത്തിനും വേണ്ട സഹായം ചെയ്യണം.

(5) പരസ്പര ആശയവിനിമയത്തിൽ സുതാര്യത പ്രോത്സാഹിപ്പിക്കണം.

(6) മനഃശാസ്ത്രപരമായ പിന്തുണ ലഭ്യമാക്കുകയും പെരുമാറ്റ അവബോധ ചികിത്സ (Cognitive Behavioural Therapi - CBT) യും മനോരോഗചികിത്സാപരമായ ഇടപെടലും ലഭ്യമാക്കണം. ലഘു ഉപദേശങ്ങൾ, വിദ്യാഭ്യാസ ശില്പശാലകൾ, സെമിനാറുകൾ മുതലായ

നിരവധി മാർഗങ്ങളിലൂടെ ഭിന്നശേഷിക്കാരുടെ മാതാപിതാക്കളുടെ അറിവും നിലവാരവും ഉയർത്തുക, വിനോദോപാധികളും ഗ്രന്ഥശാലകളും ലഭ്യമാക്കുക, പുനരധിവാസ സാമഗ്രികളും സഹായക ഉപകരണങ്ങളും ഏർപ്പാടാക്കുക, ദീർഘകാല അടിസ്ഥാനത്തിലും ഹ്രസ്വകാല അടിസ്ഥാന ത്തിലും പരിചരണം, സാമൂഹ്യ പിന്തുണയും ധനസഹായവും, വിവര ലഭ്യത, കൗൺസിലിം ഗ്, വഴികാട്ടി സേവനങ്ങൾ, ഗതാഗതം, പരസ്പര സഹായ സേവന സംഘങ്ങളുടെ രൂപീകരണം എന്നിവ ഉറപ്പുവരുത്താനാകണം.

(7) ഭിന്നശേഷിയുള്ള വ്യക്തികളുടെ പങ്കാളിത്ത വികസനത്തിന് പിൻതുണ നൽകുക.

ഭിന്നശേഷി വ്യക്തികൾക്കുള്ള വിദഗ്ദ്ധ സഹായങ്ങൾ അത്തരം കുടുംബങ്ങൾക്കുള്ള എല്ലാ തരത്തിലുമുള്ള സഹായങ്ങൾ ഉൾപ്പെടുന്നതും സമസ്ത ജീവിത മണ്ഡലങ്ങളേയും ബന്ധപ്പെടുത്തു ന്നതും താഴെപ്പറയുന്നവ നേടിയെടുക്കാൻ പറ്റുന്നതു മാകണം.

(1) ആരോഗ്യപരിരക്ഷ, വിദ്യാഭ്യാസം, സമൂഹ്യ നേട്ടങ്ങൾ, വീട്.

(2) പുനരധിവാസ ഉപകരണങ്ങളും പ്രത്യേക സഹായങ്ങളും.

(3) ജോലിചെയ്യാൻ പറ്റാത്തവർക്ക് സാമൂഹ്യ പുനരധിവാസവും ദൈനംദിന കാര്യങ്ങളുടെ നിർവഹണവും.

(4) തൊഴിലധിഷ്ഠിത പുനരധിവാസം, പരിശീല നം, തൊഴിൽ, ജോലിസാഹചര്യങ്ങൾ ഒരുക്കൽ തുടങ്ങിയവ.

(5) നിയമപരിരക്ഷ, വ്യക്തിസഹായവും അഭിഭാ ഷക സഹായവും.

(6) അർത്ഥപൂർണ്ണവും സജീവവുമായ വിശ്രമവേ ളകൾ, സാമൂഹ്യസേവനങ്ങൾ, സാംസ്കാരിക പരിപാടികളിലെ പങ്കാളിത്തം, കലാ-കായിക പങ്കാളിത്തം, വിനോദ-വിശ്രമപരിചരണം എന്നിവ ഉറപ്പാക്കൽ.

ഇത്തരം വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഒരു പ്രവർത്തകന് നെറ്റ് വർക്കിംഗിനുള്ള കഴിവും, പ്രശ്നപരിഹാരത്തിനുള്ള ഫലപ്രദമായ ശേഷിയും ഉണ്ടായിരിക്കണം.

ഭിന്നശേഷിക്കാരനായ ഒരാൾക്ക് ശക്തിപകരുക എന്നതാവണം പ്രധാന ശ്രദ്ധാകേന്ദ്രം. സമൂഹത്തിലെ ഇത്തരം വിഭാഗൾക്കുവേണ്ടി അവരോടൊപ്പം ഫല പ്രദമായി പ്രവർത്തിക്കാനാകണം. പൊതുവായി അംഗീകരിക്കപ്പെട്ടതോ, എല്ലാവർക്കും അഭികാമ്യമാ യതോ ആയ ഭിന്നശേഷിത്വം കൈകാര്യം ചെയ്യുന്ന വിദഗ്ദ്ധ മാതൃകകളോ പരിചരണദാതാക്കളുടെ പങ്കിന്റെ നിർവ്വചനമോ ഇന്ന് ഇല്ല. എന്നിരുന്നാലും സാഹചര്യങ്ങൾ മനസ്സിലാക്കുകയും വ്യക്തി ആവ ശ്യങ്ങളുടെയും സാഹചര്യങ്ങളുടെയും അടിസ്ഥാന ത്തിൽ സംയോജിത സമീപനം സ്വീകരിക്കുകയുമാണ് വേണ്ടത്.

*(കൊൽക്കത്തയിലെ വിദ്യാസാഗർ സ്കൂൾ ഓഫ് സോഷ്യൽ വർക്കിൽ അസിസ്റ്റന്റ് പ്രൊഫസറാണ് ലേഖകൻ)*

*വിജ്ഞാനപാത*

## ഭിന്നശേഷിക്കാർക്ക് ദേശീയ അവാർഡ്

കേന്ദ്ര സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയത്തിനാണ് ഭിന്നശേഷിക്കാർക്കായുള്ള ദേശീയ അവാർഡ് നൽകുന്നതി നുള്ള ചുമതല. 1969 മുതൽ ഈ അവാർഡ് നൽകിവരുന്നു. എല്ലാ വർഷവും ഡിസംബർ 3-ന് അന്താരാഷ്ട്ര ഭിന്ന ശേഷി ദിനത്തിലാണ് അവാർഡ് നൽകിവരുന്നത്. ഭിന്നശേഷി ഉള്ള മികച്ച വ്യക്തിത്വത്തിനുടമ, മികച്ച ജീവനക്കാരൻ, ഭിന്നശേഷിക്കാർക്കു വേണ്ടിയുള്ള മികച്ച സാങ്കേതിക വിദ്യ, മികച്ച സ്ഥാപനം എന്നിങ്ങനെ വിവിധ മേഖലയിൽ അവാർഡു കൾ നൽകുന്നു. ഭിന്നശേഷിസംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനും ഭിന്നശേഷിക്കാരെ സമൂഹത്തിന്റെ മുഖ്യാ ധാരയിലേക്ക് കൊണ്ടുവരുന്നതിനും ഈ അവാർഡിലൂടെ ലക്ഷ്യമിടുന്നു.

# സർവജന പ്രാപ്യതയും വികസന ലക്ഷ്യങ്ങളും

ഡോ. ഗൗരവ് രഹേജ

*"എല്ലാ വ്യത്യസ്തകളും എങ്ങനെ തുടച്ചുമാറ്റാം എന്നതല്ല പ്രധാനം; മറിച്ച് എല്ലാ വ്യത്യസ്തകളേയും എങ്ങനെ ഒന്നിപ്പിക്കാം എന്നതാണ്."*

**- രവീന്ദ്രനാഥ ടാഗോർ**

അംഗവൈകല്യം സംഭവിച്ചവർ ഉൾപ്പെടെ ജനസംഖ്യയിലെ ദുർബല വിഭാഗങ്ങളുടെ സംരക്ഷണം, അവർക്ക് നൽകുന്ന പിന്തുണ തുടങ്ങിയ കാര്യങ്ങളിൽ ഒരു രാഷ്ട്രത്തിന്റെ വികസനം പ്രതിഫലിക്കുന്നു. ലോകത്തെ അംഗവൈകല്യമുള്ളവരിൽ മൂന്നിലൊന്നും, അതിൽതന്നെ കാഴ്ചശക്തിയില്ലാത്തവരിൽ പകുതിയും അധിവസിക്കുന്ന ഇന്ത്യക്ക് ഇതിനായി സുചിന്തിതമായ ഒരു കർമ്മപദ്ധതി ആവശ്യമുണ്ട്.

പ്രാപ്യതയെക്കുറിച്ചുള്ള സംവാദം ഇന്ത്യയിൽ ആരംഭിക്കുന്നതും പിന്നീട് ശക്തിയാർജ്ജിച്ചതും അംഗവൈകല്യമുള്ളവരുടെ ആവശ്യങ്ങൾക്ക് അനുസൃതമായാണ്. അംഗവൈകല്യമുള്ളവരെ ജീവിതത്തിന്റെ എല്ലാ തലങ്ങളിലും ഉൾപ്പെടുത്തുന്നതിനായി അനുകമ്പയുടെ സംസ്കാരവും പ്രധാന ഘടകമാണ്. വിദ്യാഭ്യാസം, മാധ്യമങ്ങൾ തുടങ്ങി സാധ്യമായ മറ്റു വഴികളിലൂടെയെല്ലാം ഇതെപ്പറ്റി അവബോധം വളർത്താനും അംഗവൈകല്യത്തെ കുറിച്ചുള്ള ധാരണ മുഖ്യധാരയിലേക്ക് എത്തിക്കാനും പരിശ്രമിക്കേണ്ടതുണ്ട്. അംഗവൈകല്യം എന്നത് ഒരു വ്യത്യാസം ഉയർത്തികാട്ടലല്ല, മറിച്ച് മനുഷ്യ ജീവിതത്തിലെ ഒരു വൈവിധ്യം അംഗീകരിക്കലാണ്. ഇതിനോട് നമ്മുടെ ജീവിത സാഹചര്യങ്ങൾ പൊരുത്തപ്പെടുത്തുകയും വിവേചനമില്ലാതെ സൗകര്യങ്ങൾ നൽകുകയും ചെയ്യണം.

ഈ ബോധ്യത്തെ യാഥാർത്ഥ്യ തലത്തിലേക്ക് കൊണ്ടു വരുന്നതിനുള്ള പ്രസക്തവും കരുത്താർന്നതുമായ ഉപകരണമാണ് പ്രാപ്യത. ഒരാളുടെ കഴിവിനെ വെല്ലുവിളിക്കാതെ എല്ലാവരുടെയും വൈവിധ്യമാർന്ന കഴിവുകളെ പിന്തുണക്കാനും മനുഷ്യവൈവിധ്യത്തെ ഒരുമിച്ച് കൊണ്ടു വരാനുമുള്ള കഴിവ് അതിനുണ്ട്. പ്രാപ്യത ലഭ്യമാകുന്നതിലൂടെ നഗര-ഗ്രാമ ഭേദമില്ലാതെ നമ്മുടെ ജീവിത പരിസ്ഥിതിയിൽ വരുന്ന മാറ്റങ്ങൾ അപഗ്രഥിക്കാൻ ഗവേഷണങ്ങളെ അടിസ്ഥാനമാക്കിയ പഠനങ്ങൾ ആവശ്യമാണ്. സമകാലീന ഇന്ത്യയിലെ ഗതാഗത സംവിധാനങ്ങളിൽ സർവജന പ്രാപ്യത ലഭ്യമാക്കിയതിന്റെ തിളക്കമാർന്ന ഉദാഹരണമാണ് ഡൽഹി മെട്രോ. ഭൗതിക സംവിധാനങ്ങളിൽ മാത്രമല്ല വിവര-സേവന രംഗങ്ങളിലും സർവജന പ്രാപ്യത അതിർവരമ്പുകളില്ലാതെ ലഭ്യമാക്കിയിരിക്കുകയാണ് ഇവിടെ. വിശാലമായി നോക്കിയാൽ സാമ്പത്തിക, സാംസ്കാരിക, സാമൂഹ്യ വൈവിധ്യങ്ങളെ ഇതിൽ കോർത്തിണിക്കിയിരിക്കുന്നു. പ്രാപ്യത എന്തെന്ന് കൂടുതൽ മനസ്സിലാക്കുവാനും വ്യഖ്യാനിക്കുവാനും തുടർ പഠനങ്ങൾ വേണ്ടിയിരിക്കുന്നു.

## പ്രാപ്യതയും പ്രാധാന്യവും

പ്രാപ്യത എന്ന വാക്കിനെ ഒറ്റനോട്ടത്തിൽ മനസ്സിലാക്കാനും വ്യാഖ്യാനിക്കാനും സവിശേഷമായ സമീപനങ്ങളൊന്നും ആവശ്യമില്ല. നമ്മുടെ മനസുകളുടെ സംവേദനക്ഷമത ഉറപ്പാക്കിയും സംസ്കാരം, സാമൂഹ്യ സമീപനം, പ്രതികരണം എന്നിവ സജീവമാക്കിയും ഇത് നേടാം. പ്രാപ്യത എന്നത് ഭൗതികം മാത്രമല്ല അന്തർദർശനത്തിലും സാമൂഹ്യ കാഴ്ചപ്പാടിലും ഊന്നിയതാണ്. ലഘുവായി പറഞ്ഞാൽ ഒരാൾക്ക് തന്റെ ദിനചര്യകൾ പരസഹായം കൂടാതെയോ ഏറ്റവും പരിമിതമായ സഹായം ഉപയോഗിച്ചോ നടത്താൻ കഴിയുന്നതും ചലിക്കാനും വിവരങ്ങൾ കൈമാറാനും തൊഴിൽ ചെയ്യുവാനും

കഴിയുന്നതുമാണ് പ്രാപ്യത എന്നത് കൊണ്ട് അർത്ഥമാക്കുന്നത്. മറ്റൊരു തരത്തിൽ പറഞ്ഞാൽ നമുക്ക് നിലവിലുള്ള പരിസ്ഥിതിയിൽ അന്തസ്സോടെ ചലിക്കാനും വിവരങ്ങൾ കൈമാറാനും സ്വതന്ത്രമായി കാര്യങ്ങൾ നിർവഹിക്കാനും കഴിയുന്നുണ്ടോ?' എന്ന ചോദ്യം ചോദിക്കുമ്പോൾ, ഉത്തരം 'ഉണ്ട്' എന്നായാൽ നമുക്ക് ജീവിത സൗകര്യങ്ങൾ പ്രാപ്യമാണ് എന്ന് കാണാം. മറിച്ചാണെങ്കിൽ അതിനുള്ള കാരണങ്ങൾ എന്താണെന്ന് പരതേണ്ടി വരും. മനുഷ്യന്റെ പ്രവർത്തനങ്ങളുടെയും ഇടങ്ങളുടേയും സങ്കീർണ്ണമായ കൂടിച്ചേരലുകളുടെയും പരിണിത ഫലമാണ് പ്രാപ്യത. ഇവിടെ എല്ലാവരുടെയും പ്രവർത്തനങ്ങളെ പരസ്പരം പിന്തുണക്കുന്നുണ്ടെങ്കിൽ പ്രാപ്യത സാധ്യമാണ്. അതുപോലെ മനുഷ്യ പ്രവർത്തനങ്ങളെ ഒരു തരത്തിലും സഹായിക്കുന്നില്ലെങ്കിൽ അവിടം അപ്രാപ്യമാണെന്ന് പറയാം.


നമ്മുടെ ജീവിത പരിസ്ഥിതികളെ സാമൂഹ്യ, രാഷ്ട്രീയ, സാമ്പത്തിക, സാംസ്കാരിക നിലവാരത്തിന്റെ പ്രതിഫലനമായി വേണം കാണേണ്ടത്. പ്രാപ്യതക്ക് തടസ്സങ്ങൾ ഉയരുന്നത് അടിസ്ഥാന ഭൗതിക സാഹചര്യങ്ങളിൽ നിന്ന് മാത്രമല്ല, മറിച്ച് അത് വേണ്ടവിധം മനസ്സിലാക്കാതെ വരുന്ന സംസ്കാരത്തിന്റെ അഭാവത്തിൽ നിന്ന് കൂടിയാണ്. പ്രാപ്യതയെ അംഗവൈകല്യമുള്ളവരുടെ മാത്രം പ്രശ്നമായി കാണുന്ന പ്രവണത പഴക്കമുള്ളതും ഇപ്പോഴും തുടരുന്നതുമായ ഒന്നാണ്. പ്രാപ്യത പ്രയോജനം ചെയ്യുന്ന അനുഭവമാണെന്നും എല്ലാവർക്കും വേണ്ടിയുള്ള നിക്ഷേപമാണെന്നും ഉള്ള കാഴ്ചപ്പാട് കൂടുതൽ വേഗത്തിൽ ഉരുത്തിരിഞ്ഞ് വരേണ്ടതുണ്ട്. 1995-ലെ അംഗവൈകല്യം സംഭവിച്ചവർക്കായുള്ള നിയമം അതിന്റെ നടത്തിപ്പിനായി ശക്തമായ പശ്ചാത്തലം ഒരുക്കുന്നു. പ്രാപ്യതയെക്കുറിച്ചുള്ള നിർവചനം 'ഗവൺമെന്റുകളും തദ്ദേശ ഭരണ സ്ഥാപനങ്ങളും അവരുടെ സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് റാമ്പുകളും മറ്റും നിർമ്മിക്കണം.' എന്ന് ലഘൂകരിച്ച് പറഞ്ഞിരിക്കുന്നു.

അംഗവിഹീനരായവർക്ക് വിദ്യാഭ്യാസത്തിനും ഉദ്യോഗത്തിനും 3% സംവരണം ഏർപ്പെടുത്തുന്നതിലൂടെ പ്രാപ്യതയുടെ പ്രധാന്യം എടുത്തുകാട്ടുന്നുണ്ട്. എന്നാൽ വിദ്യാഭ്യാസ രംഗത്തെ അടിസ്ഥാന സൗകര്യങ്ങളും സംവിധാനങ്ങളും പൂർണ്ണമായി പ്രാപ്യമല്ലാതിരിക്കെ ഒരാൾക്ക് എങ്ങനെ വിദ്യാഭ്യസം ലഭിക്കും? തൊഴിലിടം അപ്രാപ്യമായ സൗകര്യങ്ങളും നടപടികളും മൂലം പരിമിതമാകുമ്പോൾ ഒരാൾ എങ്ങനെ തുല്യതയോടെ തൊഴിലെടുക്കും?

അംഗവൈകല്യ നിയമം 1995 ൽ പാസ്സാക്കി രണ്ട് പതിറ്റാണ്ടുകൾക്ക് ശേഷവും ഏവരെയും ഉൾക്കൊള്ളുന്ന ഒരു ഭാവികാലം കൈവരിക്കുന്നതിലേക്ക് നമുക്ക് മുന്നേറാനായോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. ഒരു പ്രാപ്യതാ സൂചിക വികസിപ്പിച്ചെടുക്കുന്നത് നമ്മുടെ നിലവാരം മനസ്സിലാക്കാൻ ഉപകരിക്കും. പ്രാപ്യതയെ അളക്കാനും പൊതുസ്ഥലങ്ങളിലെ അടിസ്ഥാനസൗകര്യങ്ങൾ അതായത് പൊതു കെട്ടിടങ്ങൾ, തെരുവുകൾ, സ്ഥാപനങ്ങൾ, ബെസ്-റെയിൽവെ-വിമാന ടെർമിനലുകൾ തുടങ്ങിയവ വിലയിരുത്താനും സമയം അതിക്രമിച്ചിരിക്കുന്നു. എന്നാൽ ഇതിന് വേണ്ടി ഗവേഷണ പഠനങ്ങൾ ആവശ്യമാണ് താനും.

അടിസ്ഥാന സൗകര്യങ്ങൾ, പൊതു സംവിധാനം എന്നിവ മനസ്സിലാക്കാൻ വിൻഇറ്റ് (WINIT Model) മാതൃക ഉപയോഗപ്രദമാണ്. ജനസംഖ്യയുടെ ഏതൊക്കെ വിഭാഗത്തിന് പ്രത്യേക സൗകര്യങ്ങൾ പ്രയോജനകരമാണ് എന്ന് പരിശോധിക്കാൻ ഇത് ഉപകാരപ്പെടും. ആരൊക്കെ ഉൾപ്പെടുന്നു, ആരൊക്കെ പുറംതള്ളപ്പെടുന്നു എന്ന് ഇത് കാട്ടിത്തരുന്നു. നമ്മുടെ രാജ്യത്ത് നടപ്പിലാക്കാൻ ലക്ഷ്യമിടുന്ന സ്മാർട്ട് സിറ്റികളിൽ ഇത് നടപ്പാക്കാവുന്നതാണ്. സാർവത്രിക പ്രാപ്യത നമ്മുടെ നിലവിലെ നാഗരിക സൗകര്യങ്ങളെ കൂടുതൽ തിളക്കമാർന്നതാക്കുന്നു. ജീവിത സാഹചര്യങ്ങൾ സുസ്ഥിരമാക്കുകയും ചെയ്യുന്നു. സ്മാർട്ട് സിറ്റി വികസനത്തിലൂടെ ലക്ഷ്യമിടുന്നത് ആരെയാണ് എന്ന് ചിലർ ചോദിച്ചേക്കാം. ആർക്ക് പ്രയോജനപ്പടും? എങ്ങനെ? വൈകല്യമുള്ളവർക്ക് എന്തു സൗകര്യങ്ങൾ ലഭ്യമാക്കും? എന്നിങ്ങനെ ചോദ്യം നീളാം. പുതിയ നഗര വികസന പ്രക്രിയയിൽ ഒരു പ്രാപ്യതാ മാസ്റ്റർ പ്ലാൻ അനിവാര്യമാണ് എന്ന് മാത്രമാണ് ഉത്തരം.

2050 ലെ പ്രതീക്ഷിക്കപ്പെടുന്ന ജനസംഖ്യാ കണക്കു വച്ച്, പ്രായമായവരുടെ അനുപാതം ഏറിവരികയാണെന്ന് കാണാം. ആസൂത്രണം,




**(WINIT മാതൃക)**

രൂപകൽപന, നിർമ്മാണം, നടപ്പാക്കൽ തുടങ്ങി അടിസ്ഥാന സൗകര്യ വികസന പദ്ധതി നടത്തിപ്പിൽ നാം ഏവരെയും ഉൾപ്പെടുത്തുന്നുണ്ടോ എന്നതാണ് പ്രധാന ചോദ്യം. ഉത്തരം അല്ലാ എന്നാണെങ്കിൽ അതിന് നൽകേണ്ട വില കണക്കുകൂട്ടിയേ തീരൂ. പൊതുധാരണയനുസരിച്ച് ഒഴിവാക്കലിന്റെ വില രാജ്യവും സമൂഹവും വഹിച്ചേ പറ്റൂ.

## മുന്നോട്ടുള്ള വഴി

മുന്നോട്ടുള്ള മാർഗം എന്ന നിലയിൽ പ്രാപ്യത എല്ലാ വിഭാഗങ്ങളുടെയും സവിശേഷ ശ്രദ്ധ അർഹിക്കുന്നു. പങ്കാളിത്ത ആസൂത്രണം, വ്യക്തിപരമായ തുടക്കങ്ങൾ, സർക്കാർ പിന്തുണ തുടങ്ങിയവയ്ക്ക് സാമൂഹ്യ ഇടം, പരിസരങ്ങൾ, പൊതുകെട്ടിടങ്ങൾ, ഗതാഗതം, വിദ്യഭ്യാസം മുതലായവയുടെ ലഭ്യതയിൽ പങ്ക് വക്കാൻ സഹായിക്കും. പ്രാപ്യത എന്നത് കുറഞ്ഞ നിലവാരത്തിന്റെ പരിമിതികൾക്കുള്ളിൽ ഒതുങ്ങുന്നില്ല. പുതിയ അവസരങ്ങൾ സൃഷ്ടിക്കാൻ അതിരുകൾ ഭേദിക്കുന്നു എന്നതാണ് സത്യം. കൂടാതെ വികസന അതോറിറ്റികൾ, മുനിസപ്പൽ സ്ഥാപനങ്ങൾ, പ്രാപ്യത ഓഡിറ്റിങ് തുടങ്ങിയവയ്ക്ക് ദീർഘകാല തന്ത്രം അനിവാര്യമാണ്. പ്രധാനമന്ത്രി 2015 ൽ തുടക്കമിട്ട ''ആക്സസബിൾ ഇന്ത്യ'' പ്രചാരണം അംഗവൈകല്യം സംഭവിച്ചവർക്ക് മാത്രമല്ല ഏവർക്കും പ്രാപ്യമായ ഇന്ത്യ എന്ന സ്വപ്നത്തെക്കുറിച്ച് പ്രതീക്ഷകൾ നൽകുന്നു.

അംഗവൈകല്യം ഉള്ളവർക്ക് ഉൾപ്പെടെ എല്ലാവർക്കും വിവേചന രഹിതമായി അവസരങ്ങൾ ലഭ്യമാക്കുക എന്നതിനുള്ള മാർഗം വേണ്ടിയിരിക്കുന്നു. സാർവത്രിക രൂപകൽപനാ മാതൃക സ്വീകരിക്കുന്നതിലൂടെ ഏവർക്കും പ്രാപ്യമായ പരിസ്ഥിതി ലഭ്യമാക്കാം. ഇന്ത്യയുടെ പുതിയ നാഗരിക സംവിധാനത്തിൽ പ്രാപ്യത നിലവാര സൂചികക്ക് ഏറെ പ്രാധാന്യം ഉണ്ട്. നഗരപ്രാന്ത, ഗ്രാമമേഖലകളെ കൂടി ഉൾകൊള്ളിച്ച് ഇത് വിപുലപ്പെടുത്താം. വൈവിധ്യമാർന്ന പ്രത്യേകതകൾ ഉള്ള മനുഷ്യർ എന്നതിനപ്പുറം നമ്മുടെ പരിസ്ഥിതിയെ പ്രാപ്യമായതും അല്ലാത്തതും എന്ന് തരം തിരിക്കാം. അപ്പോൾ മാത്രമെ അംഗവൈകല്യം ഉള്ളവരിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന് പകരം നമ്മുടെ സാഹചര്യങ്ങളിലേക്ക് കണ്ണയക്കാൻ നമുക്ക് സാധിക്കൂ. ഏവർക്കും പ്രാപ്യമായ ഇന്ത്യ എന്നത് നമ്മുടെ കൂട്ടായ ശ്രമത്തിൽ യാഥാർത്ഥ്യമാകട്ടെ.

*(റൂർക്കി ഐഐടിയിൽ അസോസിയേറ്റ് പ്രൊഫസറാണ് ലേഖകൻ)*

**വിജ്ഞാനപാത**

## ADIP പദ്ധതി

അംഗപരിമിതരായ വ്യക്തികളുടെ ചലനം സുഗമമാക്കുവാനുള്ള ഉപകരണങ്ങളും സഹായവും നൽകുന്ന പദ്ധതിയാണ് ADIP (Scheme of Assistance to Disabled Persons for Purchase/Fitting of Aids and Appliances). സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ കേന്ദ്ര സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയത്തിനു കീഴിലുള്ള ഭിന്നശേഷിയുള്ളവർക്കായുള്ള ശാക്തീകരണ വകുപ്പാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം കൃത്രിമ കൈകാലുകൾ സബ്സിഡി നൽകിക്കൊണ്ട് അംഗപരിമിതർക്ക് വിതരണം ചെയ്യുന്നു.

# എല്ലാവർക്കും വിദ്യാഭ്യാസം: വിദ്യാലയങ്ങളിൽ വേണ്ട പ്രായോഗിക മാറ്റം

രചനാ ഖാരേ

2007ൽ ഇന്ത്യ ഒപ്പുവച്ച ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ സംബന്ധിച്ച ഐക്യരാഷ്ട്രസഭാ കൺവെൻഷന്റെ 24-ാം വകുപ്പ്, മുഖ്യധാരാ വിദ്യാഭ്യാസത്തിൽ ഉചിതമായ പിന്തുണയോടെ എല്ലാ ഭിന്നശേഷി വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസത്തിനുള്ള അവകാശം ഉറപ്പാക്കണമെന്ന് വ്യക്തമായി പറയുന്നുണ്ട്. ഇന്നാകട്ടെ സവിശേഷാവശ്യങ്ങൾ ഉള്ള കുട്ടികൾക്കായി സമഗ്രപരിസ്ഥിതിയിൽ വ്യാപകമായ മാറ്റം ആവിഷ്ക്കരിക്കേണ്ടത് ആവശ്യമായിരിക്കുന്നു. പ്രത്യേക വിദ്യാലയങ്ങൾ സവിശേഷാവശ്യങ്ങൾ ഉള്ള വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം അത്രകണ്ട് ഫലപ്രദമല്ല. ഇത്തരം സ്ഥാപനങ്ങൾ ഒറ്റപ്പെടൽ, അന്യവൽക്കരണം, സാമൂഹ്യ ബഹിഷ്കരണം എന്നിവ പ്രോത്സാഹിപ്പിക്കുന്നു. സമത്വവും അനുകമ്പയുമുള്ള ഒരു സമൂഹം പടുത്തുയർത്താൻ സാഹചര്യങ്ങൾ മാറേണ്ടതാവശ്യമാണ്. വ്യത്യസ്ത സാഹചര്യങ്ങളുള്ളവരും ഭിന്നശേഷിക്കാരുമായ കുട്ടികൾക്ക് ഒരേ ക്ലാസ്മുറികളിലും വിദ്യാലയങ്ങളിലും ഒപ്പം നിന്നു പഠിക്കാനും വിജയിക്കുവാനും തക്കവിധമുള്ള പ്രായോഗിക സമീപനമാണ് സ്വീകരിക്കേണ്ടത്. ഇത്തരത്തിലുള്ള മാറ്റംകൊണ്ട് നേട്ടമുണ്ടാകുന്നത് സവിശേഷാവസ്ഥകൾ ഉള്ള കുട്ടികൾക്ക് മാത്രമല്ല എല്ലാ കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും അദ്ധ്യാപകർക്കും, ഭരണകർത്താക്കൾക്കും സമൂഹത്തിലെ ഓരോരുത്തർക്കും കൂടിയാണ്.

നമ്മുടെ സമൂഹത്തിലെ മൂല്യവത്തായ അംഗങ്ങളാണ് തങ്ങളെന്നും നമ്മുടെ സംഭാവനകൾ പ്രാധാന്യമുള്ളതാണെന്നും എല്ലാ കുട്ടികളെയും പഠിപ്പിക്കുന്ന സഹായകവും സുഗമവും സമഗ്ര ആഗോള പരിസ്ഥിതിക്കു വേണ്ടിയുള്ളതുമാകണം നമ്മുടെ വിദ്യാഭ്യാസ മാനദണ്ഡങ്ങൾ.

ഇപ്രകാരം ഉൾപ്പെടുത്തൽ ക്രമീകരണം വഴി വിദ്യാലയങ്ങൾ ഏറ്റവും ഫലപ്രദമായ മാർഗങ്ങളിലൂടെ വിവേചനപരമായ സമീപനങ്ങളെ എതിരിടുന്നു. ഉൾക്കൊള്ളൽ എന്നത് ദൃഢമായ സമൂഹങ്ങളെ കെട്ടിപ്പടുക്കുന്നു. എല്ലാറ്റിനുമുപരി എല്ലാ കുട്ടികൾക്കും ഫലപ്രദമായ വിദ്യാഭ്യാസം ഉറപ്പാക്കുകയും കഴിവുകൾ മെച്ചപ്പെടുത്തുകയും അന്തിമമായി അവ വിദ്യാഭ്യാസ വ്യവസ്ഥയുടെ വ്യയ-ഫലപ്രാപ്തി ഉറപ്പാക്കുകയും ചെയ്യുന്നു.

1947ലെ സ്വാതന്ത്ര്യപ്രാപ്തി മുതൽ സവിശേഷ വിദ്യാഭ്യാസത്തെ ചുറ്റിപ്പറ്റി നിരവധി നയങ്ങൾക്ക് ഭാരതസർക്കാർ രൂപംകൊടുത്തിട്ടുണ്ട്. ഭിന്നശേഷിക്കാരെ കൂടി ഉൾക്കൊള്ളുന്ന വിധം നയങ്ങൾക്ക് രൂപംകൊടുക്കാൻ ശ്രമിച്ചിട്ടുണ്ടെങ്കിൽ കൂടി അവ നടപ്പാക്കാനുള്ള യത്നങ്ങൾ വേണ്ടവിധം ഫലവത്താകുകയോ രാജ്യത്താകെ 'എല്ലാവർക്കും വിദ്യാഭ്യാസം' എന്ന ലക്ഷ്യത്തിലേക്ക് എത്തിച്ചേരുകയോ ചെയ്തില്ല. പേഴ്സൺസ് വിത്ത് ഡിസൈബിലിറ്റി ആക്റ്റും 2001 നവംബർ 28ന് പാർലമെന്റ് പാസാക്കിയ ഭരണഘടനാ ഭേദഗതിയും 6 വയസ്സിനും 14 വയസ്സിനും ഇടയിലുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം സർക്കാർ നിർദ്ദേശിക്കുന്നു. 'എല്ലാ കുട്ടികളും' എന്നതിൽ ഭിന്നശേഷിക്കാരായ കുട്ടികളും കൂടി ഉൾപ്പെടുന്നു എന്ന കുറിപ്പോടു കൂടിയാണിത്. അതതു സംസ്ഥാനങ്ങളിലെ എല്ലാ സർക്കാരുകൾക്കും ബാധകമായ നിയമപരമായ ഉത്തരവാദിത്തമാണിത്. ശക്തമായ ഒരു 'ഉൾക്കൊള്ളൽ വിദ്യാഭ്യാസം' ഇന്ത്യയിൽ പടുത്തുയർത്തുന്നതിലേക്ക് വിദ്യാഭ്യാസ സമ്പ്രദായത്തിലെ പോരായ്മ പരിഹരിക്കേണ്ടതുണ്ട്.

അടുത്തയിടെ നടന്ന ഒരു സർവ്വേ പ്രകാരം ഏതു വ്യവസ്ഥിതമായ വിദ്യാലയത്തിലേയും ആകെ കുട്ടികളിൽ പത്തുശതമാനം പഠനവൈകല്യമുള്ള വരും സവിശേഷ ശ്രദ്ധ ആവശ്യമുള്ളവരുമാണെന്നു കണ്ടെത്തിയിട്ടുണ്ട്. ശരിയായ പ്രായത്തിൽ ഇടപെടൽ ആരംഭിച്ചാൽ അത്തരം കുട്ടികളിൽ വളരെയധികം അഭിവൃദ്ധി ഉണ്ടാക്കാൻ കഴിയും. അവയവ വ്യതിയാനമുള്ള കുട്ടികളുടെ വിദ്യാഭ്യാസത്തിന് പ്രാധാന്യം ലഭിച്ചുതുടങ്ങിയതോടെ വിവിധങ്ങളായ വിദ്യാഭ്യാസ പശ്ചാത്തല സജ്ജീകരണങ്ങൾ ലോകത്തെമ്പാടും പരീക്ഷിച്ചു വരുകയാണ്. അതിൽ ഏറ്റവും നല്ലതെന്ന നിലയിൽ തെരഞ്ഞെടുക്കാൻ നിർദ്ദേശിക്കപ്പെട്ടത് ഉൾക്കൊള്ളൽ വിദ്യാഭ്യാസമാണ്. രാജ്യത്തെ 40 ലക്ഷം വരുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് മറ്റൊരു മാർഗവുമില്ലെന്നത് നിഷേധിക്കാനാവില്ല. നമ്മുടെ ജനസംഖ്യയിൽ 78 ശതമാനം ജീവിക്കുന്നത് ഗ്രാമങ്ങളിലാണ്. അവിടെ പ്രത്യേക വിദ്യാലയങ്ങളാരംഭിച്ചാൽ നിരവധി നേട്ടങ്ങളുണ്ട്. അവയിൽ ചിലത് ചുവടെ ചേർക്കുന്നു.

- ഭിന്നശേഷിക്കാരായ കുട്ടികൾക്കിടയിൽ സാമൂഹ്യമായ കാര്യക്ഷമത വളർത്തുന്നു.
- സമുദായോദ്ഗ്രഥനത്തിനുള്ള പ്രത്യേക വ്യവസ്ഥകൾ ചുരുക്കുന്നു.
- ചെലവുകുറഞ്ഞതും മൂന്നാം ലോകരാജ്യങ്ങളുടെ പശ്ചാത്തലത്തിൽ കൂടുതൽ പേർക്ക് പ്രയോജനം ചെയ്യുന്നതുമാണ്.

## ഭിന്നാവശ്യങ്ങളുടെ തിരിച്ചറിയൽ

ഫലപ്രദമായ ഒരു ഉൾക്കൊള്ളൽ പരിസ്ഥിതിക്കായി വിദ്യാലയ പരിസരം ഉപയോഗിക്കവേ ഭിന്നശേഷിയുള്ളവരുടെ പ്രവർത്തന പരിമിതികളും ആവശ്യങ്ങളും നാം അംഗീകരിക്കേണ്ടത് അനിവാര്യമാണ്. ഈ പരിമിതികൾ ജന്മനാ ലഭിച്ചതോ അപകടം മൂലമുണ്ടായതോ രോഗബാധ കൊണ്ട് വന്നതോ ആകാം.

കുട്ടികളിലെ കാഴ്ചാവ്യതിയാനം രണ്ടു വലിയ വിഭാഗങ്ങളെ പ്രതിനിധീകരിക്കുന്നു. കാഴ്ചശക്തി കുറഞ്ഞ വിദ്യാർത്ഥികളും അന്ധരായ വിദ്യാർത്ഥികളും. കാഴ്ചശക്തി കുറവിൽ കുറഞ്ഞ കാഴ്ചശക്തി, അവ്യക്തമായ കാഴ്ച, മൂടൽ മഞ്ഞു കാഴ്ച, തീരെ അടുത്തോ ഏറെ ദൂരത്തുള്ളതോ മാത്രം കാണാൻ കഴിയുന്നത്, വക്രീകൃത കാഴ്ച, കണ്ണുകൾക്കു മുന്നിൽ പുള്ളികൾ കാണുന്നത്, നിറങ്ങളിലെ വൈകൃതങ്ങൾ, കാഴ്ചാ വ്യതിയാനം വെളിച്ചത്തോടോ പ്രകാശത്തോടോ ഉള്ള അസാധാരണ സംവേദനം, നിശാന്ധത തുടങ്ങിയതു പോലുള്ളവ ഉൾപ്പെടുന്നു. ഭാഗികമായ അന്ധത ബാധിച്ചവർക്ക് കുറേശ്ശെ വെളിച്ചവും രൂപവും കാഴ്ചയും കണ്ടേക്കാം. കാഴ്ചാ വ്യതിയാനം ബാധിച്ച കുട്ടികൾക്ക് ദൃശ്യ അധ്യയനം, ദൃശ്യ പഠന സഹായികൾ, മറ്റു ദൃശ്യ ഉത്പന്നങ്ങൾ എന്നിവ സംബന്ധിച്ച് വിഷമതകൾ ഉണ്ടായേക്കാം. ഇതിനു പുറമെ കാഴ്ചയിലൂടെ ഏകോപനം വേണ്ട നിയന്ത്രണ സംവിധാനങ്ങൾ ഉപയോഗിക്കുന്നതിലും പ്രശ്നങ്ങൾ ഉണ്ട്. കാഴ്ചാവ്യതിയാനമുള്ള നിരവധി കുട്ടികൾക്ക് കുറച്ചൊക്കെ കാഴ്ചശക്തി ഉള്ളതിനാൽ പ്രത്യേക കണ്ണടകളുടെ സഹായത്തോടെയും, നല്ല വെളിച്ചത്തിലും, കടുത്ത വെളിച്ചം നിയന്ത്രിക്കുന്നതിലൂടെയും വായിക്കുവാൻ കഴിയും. കാഴ്ചക്കുറവുള്ള ഇത്തരക്കാരിൽ നിരവധി പേർക്ക് വലിയ അക്ഷരങ്ങൾ ഉപയോഗിക്കുന്നതും കടുത്ത നിറം നൽകുന്നതും വൻതോതിൽ സഹായകമാണ്. വർണ്ണാന്ധത ബാധിച്ചവർക്ക് വർണ്ണരൂപത്തിലെ വിവരണങ്ങൾ ഉപയോഗിക്കുന്നത് പ്രശ്നങ്ങൾ സൃഷ്ടിച്ചേക്കാം.

കേൾവി വ്യതിയാനമുള്ള കുട്ടികളെന്നാൽ പല തരത്തിലും നിലവാരത്തിലുമുള്ള ശ്രവണ വൈകല്യമാണെങ്കിൽ ബധിരത എന്നാൽ ഒട്ടും കേൾക്കാൻ കഴിയാത്ത അവസ്ഥ എന്നാണ്. കേൾവി വ്യതിയാനത്തിന്റെ കാരണങ്ങളിൽ പാരമ്പര്യം, അണുബാധ, ട്യൂമർ, അപകടം ഇവയൊക്കെപെടുന്നു. കേൾവി വ്യതിയാനമുള്ള വ്യക്തികളുടെ പ്രാഥമിക വൈഷമ്യം ശബ്ദംവഴി അറിവുകൾ സ്വീകരിക്കുന്നതിലാണ്. ശബ്ദ അറിവുകൾ കാഴ്ചവഴി നൽകുന്നതിലൂടെ ഈ പ്രശ്നം പരിഹരിക്കാൻ കഴിയുന്നതാണ്. താരതമ്യേന കാഠിന്യം കുറഞ്ഞ കേൾവി വ്യതിയാനമുള്ള വ്യക്തികൾക്ക് സഹായകമാവുന്ന ഒരു ബദൽ ഉപകരണം ഘടിപ്പിക്കുവാൻ സഹായിക്കുക എന്നതാണ് ഈ പ്രശ്നത്തിനുള്ള മറ്റൊരു പരിഹാരമാർഗ്ഗം. ജന്മനാ ബധിരരായിട്ടുള്ളവർക്കോ തീരെ ചെറിയ പ്രായത്തിൽ കേൾവിശക്തി നഷ്ടപ്പെട്ടവർക്കോ സംസാരി

ക്കാൻ മിക്കവാറും കഴിയാറില്ല, അല്ലെങ്കിൽ അവരുടെ സംസാരം മറ്റുള്ളവർക്ക് തിരിച്ചറിയാൻ കഴിയുകയില്ല. അപ്പോൾ, ഇവർക്ക് വാമൊഴി ആശയ വിനിമയത്തിനു പകരം ഒരു സംവിധാനം വേണ്ടിവരും.

അവയവ വ്യതിയാനത്തിനുള്ള കാരണങ്ങളിൽ പിള്ളവാതം (പോളിയോ), തളർവാതം (പരാലിസിസ്), തളർച്ച, സുഷുമ്നാ നാഡീക്ഷതം, തലച്ചോറിനു ക്ഷതം, തലച്ചോറിനെ ബാധിക്കുന്ന തളർവാതം (സെറിബ്രൽ പൾസി), വാതം, അസ്ഥികൂട വ്യതിയാനം, പേശീശോഷണം മുതലായവ പെടുന്നു. അവയവ വ്യതിയാനമുള്ള കുട്ടികൾ നേരിടുന്ന പ്രശ്നങ്ങളിൽ മോശപ്പെട്ട പേശീനിയന്ത്രണം, ക്ഷീണം, നടക്കാനും സംസാരിക്കാനും കാണുന്നതിനും വർത്തമാനം പറയുന്നതിനും കാര്യങ്ങൾ തൊട്ടറിയുന്നതിനും തിരിച്ചറിയുന്നതിനുമുള്ള വൈഷമ്യങ്ങൾ, സാധനങ്ങൾ കൈയെത്തി പിടിക്കാനും സങ്കീർണമായതും വൈഷമ്യമുള്ളതുമായ കാര്യങ്ങൾ ചെയ്യാനും വേണ്ടവണ്ണം വശങ്ങളിലേക്ക് തിരിയാനുള്ള പ്രയാസങ്ങൾ എന്നിവ ഉൾപ്പെടുന്നു. ഇത്തരം വ്യക്തികൾ ഉപകരണങ്ങളുടെ സഹായം തേടുന്നു. പൊതുവെ ഉപയോഗിച്ചു വരുന്ന ഉപകരണങ്ങളിൽ ചലനസഹായികൾ (ഉദാഹരണം: കൃത്രിമ കൈകാലുകൾ) ആശയ വിനിമയ സഹായികൾ (ഫലകങ്ങൾ) എന്നിവ ഉൾപ്പെടുന്നു.

കുട്ടികളിലുള്ള സാധാരണ ശാരീരിക-മാനസിക വ്യതിയാനങ്ങൾ കടുത്ത വ്യതിയാനം മുതൽ ഏതെങ്കിലും പ്രത്യേക ധാരണാ വ്യതിയാനം വരെ നീണ്ടുകിടക്കുന്നു. ലഘു, ഇടത്തരം അല്ലെങ്കിൽ ഏറെ കടുത്ത ബുദ്ധിമാന്ദ്യം, അധോമുഖത്വം, ഓട്ടിസം, തലച്ചോറിനുള്ള തളർവാതം, അകാലപ്പിറവി, പ്രസവാനുബന്ധ ക്ഷതം, ഭാഷയും ധാരണയും സംബന്ധിച്ച വൈകല്യങ്ങൾ, ജനിതക രോഗം, മനോരോഗങ്ങൾ എന്നിവ ഉൾപ്പെടുന്നു. പ്രവർത്തന പരിമിതികൾ ഓർമ്മക്കുറവ്, കാഴ്ചവൈകല്യം, പ്രശ്നങ്ങൾ പരിഹരിക്കുന്നതിലെ ബുദ്ധിമുട്ട്, ബോധ വ്യതിയാനം എന്നിങ്ങനെ പലതായി തിരിക്കാവുന്നതാണ്. ഓർമ്മ പ്രശ്നങ്ങളിൽ അടുത്തകാലത്തെ വിവരങ്ങൾ കിട്ടുന്നതിലും കിട്ടുന്നതിലും പഴയതോ ഏറെക്കാലം മുമ്പുള്ളതോ ആയ വിവരങ്ങൾ കിട്ടുന്നതിലും അനുഭവപ്പെടുന്ന പ്രയാസങ്ങൾ ഉൾപ്പെടുന്നു. കാഴ്ച പ്രശ്നങ്ങളിൽ മനസ്സിലാക്കുന്നത്, ശ്രദ്ധിക്കുന്നത്, വിവരങ്ങൾ വേർതിരിച്ചറിയുന്നത് ഇവയൊക്കെ പെടുന്നു. ധാരണാ വൈഷമ്യങ്ങളിൽ തുടർച്ചാ പ്രശ്നങ്ങൾ, സാമാന്യവത്ക്കരിക്കൽ, കാരണങ്ങൾ മനസ്സിലാക്കൽ, ബന്ധങ്ങൾ നിലനിർത്തൽ, ഗുണപരമായ ധാരണയും നൈപുണ്യ വികസനവും ഇവയൊക്കെ പെടും. ഭാഷ്യാവ്യതിയാനങ്ങൾ എഴുത്തുഭാഷയിലും സംസാരഭാഷയിലും ഉള്ള ആശയവിനിമയത്തിന് വൈഷമ്യം സൃഷ്ടിക്കുന്നു.

## സാമൂഹ്യ ശാക്തീകരണത്തിനുള്ള വിദ്യാലയ രൂപകല്പന

സർവതല സ്പർശിയായ വിദ്യാഭ്യാസ പരിസ്ഥിതി വിശേഷപ്പെട്ടതോ വ്യവസ്ഥിതമായതിന്റെ നവീകരണമോ അല്ല. അത് വ്യത്യസ്തവും ഭിന്നശേഷിക്കാരാണോ അല്ലാത്തവരാണോ എന്ന വ്യത്യാസമില്ലാതെ എല്ലാ കുട്ടികൾക്കും പ്രയോജനപ്പെടുന്നവിധം സജ്ജമാക്കേണ്ടതാണ്. ഓരോ കുട്ടിയേയും ഒരൊറ്റ സാഹചര്യത്തിന്റെ ചട്ടക്കൂട്ടിലേക്ക് ചുരുക്കുക എന്നതുമല്ല ഇതിനർത്ഥം. മറിച്ച് വ്യക്തിഗതമായ പ്രബലതകളേയും ബലഹീനതകളേയും കേന്ദ്രീകരിച്ച് ഏറെക്കുറെ വ്യക്തിനിഷ്ഠമായ വിദ്യാഭ്യാസരീതിയാണിത്. ഓരോരുത്തർക്കും വേണ്ട വ്യക്തിഗത ലക്ഷ്യങ്ങൾ അദ്ധ്യാപകർ തന്നെ തയ്യാറാക്കുകയും അവരെയെല്ലാം ഒരൊറ്റ പരിസ്ഥിയിൽ പഠിപ്പിക്കുകയും ചെയ്യുന്നു. ചില നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

- ഓരോ കുട്ടിയുടെയും ആവശ്യാനുസരണം ഉചിതമായ നിലവാരത്തിലുള്ള പിന്തുണയും സഹായവും അധ്യയന വേളയിൽ വിദ്യാഭ്യാസ പരിസ്ഥിതിയിൽ ലഭ്യമാക്കേണ്ടതാണ്.
- കാഴ്ച, ശബ്ദം, ഗന്ധം, സ്പർശം എന്നിവ ഉൾപ്പെട്ട പഠന പരിസ്ഥിതി വലിയ അനുഭവലോകം നൽകുമെന്നതിനാൽ ഇവ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വിലപ്പെട്ടതാണ്. സംവേദനപരവും ശാശ്വതവുമായ കഴിവുകൾ ബഹുവിധ സംവേദന ശ്രമങ്ങളായ പരിചയിക്കൽ, സ്പർശിക്കൽ, മണം ഗ്രഹിക്കൽ, രുചിക്കൽ, സംഗീതാസ്വാദനം എന്നിവ വികസിപ്പിക്കുന്നതിനു ഊന്നൽ നൽകുന്നു. മെച്ചപ്പെട്ട ഗ്രഹണശക്തിക്കായി ഈ സംവേദനങ്ങളെ സംയോ

ജിപ്പിക്കുന്നതിന് ഇത് കുട്ടികളെ സഹായിക്കുന്നു.

- മാർഗനിർദ്ദേശക രൂപങ്ങൾ, മുന്നറിയിപ്പു രൂപങ്ങൾ, വ്യത്യസ്ത ടെക്സ്ചറുകളുടെ ഉപയോഗം, വലുതും ഉയർന്നതുമായ എഴുത്തുകൾ, ബ്രെയ്‌ലി ഉപയോഗം, വ്യത്യസ്ത നിറങ്ങളാൽ നവീകരിച്ച സൂചകങ്ങൾ. തടസ്സങ്ങളില്ലാതെ നടക്കാവുന്ന ഇടം, വ്യക്തമായി കേൾക്കാവുന്ന അറിയിപ്പുകൾ, തള്ളിനീക്കാവുന്ന സാധനങ്ങൾ ഇവയൊക്കെയാണ് കാഴ്ചാവ്യതിയാനമുള്ള വിദ്യാർത്ഥികളെ പിന്തുണയ്ക്കുന്ന പരിസ്ഥിതി പ്രോഗ്രാമുകൾ.
- ശ്രവണസഹായികളുടെ ഉപയോഗം, സൂചക ഭാഷ, ബധിരർക്കുള്ള ടെലികമ്യൂണിക്കേഷൻ ഉപകരണങ്ങൾ, വർണ്ണ അറിയിപ്പുകൾ, പ്രകാശവർണ്ണത്തോടെയുള്ള സൂചകങ്ങൾ, ലേ ഔട്ട് രേഖാചിത്രങ്ങൾ, ശബ്ദ അറിയിപ്പുകൾ കാഴ്ചാരൂപത്തിലാക്കൽ എന്നിവയാണ് കേൾവി വ്യതിയാനമുള്ള വിദ്യാർത്ഥികൾക്ക് സഹായകമാവുന്ന പ്രോഗ്രാമുകൾ എന്ന യഥോചിതം പ്രയോജനപ്പെടുത്താവുന്നതാണ്.
- ചക്രക്കസേരകൾ, ക്രച്ചുകൾ, അനുയോജ്യ അകലത്തിൽ നിന്നും ഇറങ്ങാനും കയറാനുമുള്ള സ്ഥലം, കോവണിപ്പടികൾ, കൈവരികൾ, തെന്നിവീഴാത്ത തറകൾ, എളുപ്പം പിടികിട്ടുന്ന കൃത്രിമപ്പണികളും ആശയവിനിമയ ഉപകരണങ്ങൾ ഉപയോഗിക്കാനുള്ള സാധ്യതകളും അവയവ വ്യതിയാനമുള്ള വിദ്യാർത്ഥികൾക്ക് ആവശ്യമാണ്.
- ധാരണാ വ്യതിയാനമുള്ള വിദ്യാർത്ഥികളെ സഹായിക്കുന്ന പരിസ്ഥിതി പ്രോഗ്രാമുകളിൽ ലളിതമായ പ്രദർശന വസ്തുക്കൾ, സാവധാനത്തിലുള്ള ഭാഷാപഠനം, ചിത്രങ്ങളുടെ ഉപയോഗം, ലളിതവും സുവ്യക്തവുമായ അനുക്രമം, സൂചന നൽകുന്ന ക്രമം എന്നിവ പെടുന്നു.
- സമാന്തര പഠന ക്ലാസുകൾക്കും, ഭിന്ന നൈപുണ്യ പഠനത്തിനും, ബഹുവിധ സംവേദന ആശയ വിനിമയത്തിനും, പുതിയ ആശയങ്ങൾ സംയോജിപ്പിക്കുന്നതിനും ഭാഷണ ചികിത്സകൾ, തൊഴിൽപരമായ ചികിത്സകൾ, എന്നിവയും അദ്ധ്യാപകരോടൊപ്പം വ്യത്യസ്ത വിദഗ്ധരുമായി ചേർന്ന് പ്രവർത്തിക്കുന്നതിനു വേണ്ടിയുള്ള അയവാർന്ന രൂപകല്പന വിദ്യാഭ്യാസത്തിൽ ഏർപ്പെടുത്തേണ്ടതാണ്.
- ലളിതവും സുവ്യക്തവുമായ രീതിയിൽ കെട്ടിടങ്ങൾ ആസൂത്രണം ചെയ്യുന്ന പക്ഷം അവയെ മനസ്സിലാക്കുന്നതിനും ഉപയോഗിക്കുന്നതിനും ആസ്വദിക്കുന്നതിനും കുറഞ്ഞ പ്രയത്നമേ ആവശ്യമായി വരുന്നുള്ളു. വ്യക്തമായ ഒരു ലേഔട്ട്, സ്ഥല വിസ്തൃതിയുടെ ഫലപ്രദമായ വിനിയോഗം, വ്യക്തമായ മേഖല തിരിക്കൽ, ലളിതമായ രൂപങ്ങൾ തുടങ്ങി ദൃശ്യ കോലാഹലമില്ലാതെ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് കെട്ടിട പരിസ്ഥിതി മനസ്സിലാക്കാൻ പറ്റുന്നതാവണം ഇവയെല്ലാം. നല്ല പകൽപ്രകാശം, പല മാതൃകയിലുള്ള അറിയിപ്പു ഫലകങ്ങൾ, ഭൂമി അടയാളങ്ങൾ, തുടങ്ങിയവ ഓരോ പ്രദേശത്തിന്റെയും രീതി, നിറം, ഗന്ധം മുതലായവയിലൂടെ അവയുടെ കാഴ്ചയേയും തിരച്ചറിയലിനേയും സഹായിക്കുന്ന ഇടമാവണം.
- ഓരോ ഭിന്നശേഷിക്കാരനായ കുട്ടിക്കും അവന്റെ സാധാരണ നിലയിലുള്ള സഹപാഠിയുമായി വിദ്യാഭ്യാസ പരിസ്ഥിതിയിൽ ഒത്തു പ്രവർത്തിക്കാനുള്ള അവസരം നൽകേണ്ടതാണ്. സുരക്ഷിതവും സുഗമവുമായ രീതിയിൽ നിർമ്മിച്ച കളിസ്ഥലവും മേൽനോട്ടമുള്ള പൊതു ഇടങ്ങളും സഹപാഠികളുമായി ഒത്തു പ്രവർത്തിക്കുന്നതിന് കുട്ടികളെ സഹായിക്കുന്നു. കടുത്ത വികാസ പരിമിതികളുള്ള ഭിന്നശേഷിക്കാർക്കു പോലും ഇത്തരത്തിൽ പകർന്ന ആരോഗ്യമുള്ള സഹപാഠികളോടൊത്തു പ്രവർത്തിക്കുവാൻ അവസരം നൽകേണ്ടതാണ്.
- സ്വയംസഹായ നൈപുണ്യ വികസനത്തേയും, ഗാർഹിക നൈപുണ്യത്തേയും, തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലനത്തേയും പിന്തുണയ്ക്കുന്ന ഒരു വിദ്യാഭ്യാസ പരിസ്ഥിതി ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്വതന്ത്രമായും ഭാവിയിൽ ആത്മാഭിമാനത്തോടെയും ജീവിക്കുവാൻ സഹായിക്കും. സ്വയംസഹായ പ്രാപ്തിയിൽ ടോയ്‌ലറ്റിൽ പോകാൻ പരിശീലിക്കുക,

ആഹാരം കഴിക്കുക, വെള്ളം കുടിക്കുക, വസ്ത്രം ധരിക്കുക, പല്ലുതേക്കുക, കുളിക്കുക, ക്ഷൗരം ചെയ്യുക തുടങ്ങിയവയും പെടും. തൊഴിൽ പരിശീലന നൈപുണ്യത്തിൽ ഭാവിയിൽ തൊഴിൽ ലഭിക്കാൻ കൂടുതൽ സാധ്യതയുള്ള തരംതിരിക്കൽ (സോർടിംഗ്), പാക്കിംഗ്, നെയ്ത്ത്, ആശാരിപ്പണി, അസംബ്ലിംഗ് തുടങ്ങിയ നിരവധി കാര്യങ്ങളിൽ നൈപുണ്യം വളർത്തിയെടുക്കുകയും ഉൾപ്പെടുന്നു. ഗാർഹിക നൈപുണ്യപരിശീലനത്തിൽ പാചകം, കിടക്ക തയ്യാറാക്കൽ, പാത്രവും മറ്റും കഴുകൽ, തൂത്തു വൃത്തിയാക്കൽ മുതലായവ പെടുന്നു.

- ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിനുള്ള മാതാപിതാക്കളുടെ സ്ഥിരമായ പങ്കാളിത്തം ദീർഘകാല വിജയത്തിന് വളരെ പ്രധാനമാണ്. വ്യക്തി അധിഷ്ഠിത വിദ്യാഭ്യാസ പദ്ധതിയിലെ ലക്ഷ്യനിർണ്ണയത്തിനും അദ്ധ്യാപക-രക്ഷകർതൃ യോഗത്തിനും പങ്കാളിത്തം അനിവാര്യമാണ്. തങ്ങളുടെ കുഞ്ഞുങ്ങളുടെ സവിശേഷ വിഷമതകളിന്മേൽ ജീവനക്കാരോടൊത്തു പ്രവർത്തിക്കുന്നതിന് മാതാപിതാക്കൾക്കും വിദ്യാലയം സന്ദർശിക്കാവുന്നതാണ്. വിദ്യാർത്ഥി, മാതാപിതാക്കൾ, അദ്ധ്യാപകർ/ചികിത്സകർ എന്നിവരുടെ ചെറുയോഗങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്.
- ഭിന്നശേഷിക്കാരായ കുട്ടികൾ നിലവിലുള്ള പരിസ്ഥിതിയിൽ അപകടസാദ്ധ്യത നേരിടുന്നവരാണ്. സ്ഥിരമായ മേൽനോട്ടം പ്രയാസകരവും അക്രമ സാദ്ധ്യതയുള്ളതുമായിരിക്കെ പരിസ്ഥിതി ശ്രദ്ധാപൂർവ്വം തിട്ടപ്പെടുത്തി അപകടസാദ്ധ്യത കൈകാര്യം ചെയ്യേണ്ടതാണ്.
- വിദ്യാഭ്യാസ ആവശ്യങ്ങൾക്കു പുറമേ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് അവരുടെ പഠനത്തെ ബാധിക്കുന്ന പെരുമാറ്റപരമായ നിരവധി സംഗതികളും ഉണ്ട്. സുരക്ഷിതമായ പരിസ്ഥിതി, ശാന്തമായ മുറികൾ, മേൽനോട്ടത്തിനുള്ള സ്ഥലം, ബലമുള്ളതും ഈടുനില്ക്കുന്നതുമായ ഉപകരണങ്ങൾ എന്നിവ അത്തരം സംഗതികളെ കൈകാര്യം ചെയ്യുന്നതിന് അദ്ധ്യാപകരെ സഹായിക്കും.
- ഭിന്നശേഷിക്കാരായ കുട്ടികളെ അവർക്കിണങ്ങുന്ന വ്യക്തിനിഷ്ഠമായ പദ്ധതിക്കനുസരിച്ച് വിലയിരുത്തേണ്ടതും അവരുടെ പ്രതികരണങ്ങൾ രേഖപ്പെടുത്തേണ്ടതും അവ അദ്ധ്യാപകർ നിരന്തരമായി അവലോകനം നടത്തേണ്ടതുമാണ്. അദ്ധ്യാപകനെ സഹായിക്കുന്ന ഇടവും വിദ്യാഭ്യാസ പ്രകടനത്തെ രേഖപ്പെടുത്താനുള്ള ഡാറ്റാഷീറ്റും ലഭ്യമാക്കേണ്ടതാണ്.

വിദ്യാഭ്യാസം അതിന്റെ വിശാലമായ അർത്ഥത്തിൽ അറിവും നൈപുണ്യവും നേടിയെടുക്കാൻ വിദ്യാർത്ഥികൾക്ക് ചുറ്റുപാടും അവസരവും ഒരുക്കുകയും സമൂഹത്തിൽ ഉത്പാദനക്ഷമവും സ്വതന്ത്രവുമായ ജീവിതം നയിക്കാൻ ആ നൈപുണ്യം സഹായിക്കുകയും ചെയ്യുന്നു. ഈ ലക്ഷ്യം ഭിന്നശേഷിക്കാർക്കും അല്ലാത്തവർക്കും ബാധകമാണ്. പക്ഷെ കുട്ടികളെ അകറ്റിനിർത്തുന്ന സാഹചര്യം അവരെ ഒറ്റപ്പെടുത്തുമ്പോൾ ഉൾപ്പെടുത്തലുള്ള സാഹചര്യം അവരെ ഒരുമിപ്പിക്കുന്നു.

ഉൾപ്പെടുത്തൽ രൂപകല്പന പരിപോഷിപ്പിക്കാൻ ഏറ്റവും ഉചിതം വിദ്യാഭ്യാസ ഇടങ്ങളാണ്. അദ്ധ്യാപകർ ഭിന്നശേഷിക്കാരായ കുട്ടികളെ ഉൾപ്പെടുത്താനുള്ള ശക്തരായ അനുവാചകരാകണം. ഉൾപ്പെടുത്തൽ സമീപനം ഭൗതിക സാഹചര്യത്തോടു മാത്രമാവരുത്. പഠനോപകരണങ്ങളോടും പാഠ്യപദ്ധതിയോടും അദ്ധ്യാപനത്തോടും കൂടി ഏകോപിപ്പിച്ചായിരിക്കണം. നിരവധി വിദ്യാലയങ്ങളിലും സർവ്വകലാശാലകളിലും ഉൾപ്പെടുത്തൽ രൂപകല്പന വിജയകരമായ പഠനസാഹചര്യങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഉൾപ്പെടുത്തൽ ബഹു സാംസ്കാരികത്വം, വിവേചനമില്ലായ്മ തുടങ്ങിയ ഇതര മേഖലകള പിന്തുണയ്ക്കാൻ സഹായകമായതായും കണ്ടെത്തിയിട്ടുണ്ട്. ഇന്ത്യയിൽ ഉൾപ്പെടുത്തൽ വിദ്യാഭ്യാസവുമായി നാം മുന്നേറുമ്പോൾ വിദ്യാഭ്യാസ പരിസ്ഥിതി വ്യക്തിഭേദങ്ങളെ ബഹുമാനിക്കുകയും സമഗ്ര സാമൂഹ്യ വികസനത്തിന് അതൊരു മൂതൽകൂട്ടാവുകയും ചെയ്യും.

*(ഭോപാലിലെ സ്കൂൾ ഓഫ് പ്ലാനിങ് ആന്റ് ആർക്കിടെക്ചർ വിഭാഗത്തിൽ ആർക്കിടെക്ചർ വിഭാഗം മേധാവിയാണ് ലേഖകൻ)*



# ഭിന്നശേഷി: സാമൂഹ്യ മാറ്റത്തിനായി ഒരുങ്ങാം

**അമിത് സിങ്**

സെന്റർ ഫോർ ഡിസീസ് കൺട്രോൾ (CDC) വൈകല്യത്തെ നിർവ്വചിച്ചിരിക്കുന്നത്, ശരീരത്തിനും മനസ്സിനും ഉണ്ടാകുന്ന ഏതു അവസ്ഥയാണോ ഒരു വ്യക്തിയുടെ പ്രവൃത്തിയേയോ ചുറ്റുപാടുമായുള്ള ഇടപെടലിനെയോ പരിമിതപ്പെടുത്തുന്നത് ആ അവസ്ഥയാണ് വൈകല്യം എന്നാണ്. ഒരു വ്യക്തിയുടെ കാഴ്ചയെ, ചലനത്തെ, ചിന്താശക്തിയെ, ഓർമ്മയെ, കേൾവിയെ, ജ്ഞാനത്തെ, ആശയവിനിമയത്തെ, മാനസിക ആരോഗ്യത്തെ, സാമൂഹിക ബന്ധങ്ങളെ നിജപ്പെടുത്തുന്ന തരത്തിൽ വൈകല്യങ്ങൾ പലതാണ്. ഇത്തരം വൈകല്യങ്ങൾ പലരെയും പല തരത്തിലാണ് ബാധിക്കുന്നത്. അതുകൊണ്ട് തന്നെ അംഗപരിമിതർ എന്ന സാങ്കേതിക സംജ്ഞ കൊണ്ട് അത്തരത്തിലുള്ളവരെ ഒരു കൂട്ടമായി പരിഗണിക്കുന്നത് അനുചിതവുമാണ്. വൈകല്യം എന്നത് ഏതൊരു വ്യക്തിയെയും ഏതൊരു ഘട്ടത്തിലും ബാധിക്കാവുന്നതാണ്. ജന്മസിദ്ധമല്ലാതെ പലതരം കെടുതികളും അപകടങ്ങളും കൊണ്ട് വൈകല്യങ്ങൾ ഉണ്ടാകാവുന്നതാണ്.

W.H.O. കണക്കു പ്രകാരം വൈകല്യങ്ങൾ മൂന്നു തരത്തിലാണുള്ളത്.

1. വ്യക്തിയുടെ ശരീര ഘടനയ്ക്കോ , ജീവത്പ്രവർത്തനങ്ങൾക്കോ, മാനസിക വ്യവഹാരങ്ങൾക്കോ വരുന്ന കോട്ടങ്ങൾ - അവയവനഷ്ടം, കാഴ്ചയില്ലായ്മ, സ്മൃതിനാശം എന്നിവ.
2. പ്രവർത്തന ശേഷിക്കുറവ് - കാഴ്ച, കേൾവി, ചലനം, പ്രശ്നപരിഹാര ശേഷിക്കുറവ് തുടങ്ങിയവ.
3. ദിനചര്യകൾക്കുള്ള പ്രതിബന്ധങ്ങൾ - കർമ്മശേഷിക്കുറവ്, സമൂഹവുമായുള്ള ഇടപെടലിലുള്ള പ്രശ്നങ്ങൾ, ആരോഗ്യപരിരക്ഷയിൽ ഏർപ്പെടാനുള്ള ശേഷിക്കുറവ് എന്നിവ ഉദാഹരണങ്ങളാണ്.

വൈകല്യം ചിലപ്പോൾ ജന്മസിദ്ധമായതും പിന്നീട് വന്നുചേരാവുന്നതുമാവാം. ഓർമ്മ, പഠനം, ഗ്രഹണശക്തി, കാഴ്ച, കേൾവി, പെരുമാറ്റം എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ എന്നിവ ഇതിനോടനുബന്ധിച്ച് ഉണ്ടാവാം. ഇത് പാരമ്പര്യ ഘടകങ്ങളാലോ ശരീരശാസ്ത്രപരമായ കാരണങ്ങളാലോ ആകാവുന്നതും മറ്റു ശരീര ഭാഗത്തേയോ, ഭാഗങ്ങളെയോ ബാധിക്കുകയും ചെയ്യാവുന്നതാണ്. രക്തസമ്മർദ്ദം, പ്രമേഹം തുടങ്ങിയ ആരോഗ്യ പ്രശ്നങ്ങൾ ചിലപ്പോൾ വൈകല്യങ്ങളെ വിളിച്ചു വരുത്തും. കാഴ്ച്ചക്കുറവ്, നാഡീ ക്ഷതം, അവയവ നാശം എന്നിവയിലേക്ക് ഇത് നയിക്കുന്നു.

വൈകല്യങ്ങളെ പ്രോഗ്രെസ്സിവ് (ഉദാ: അൽഷിമേഴ്സ്), സ്റ്റാറ്റിക്ക് (ഉദാ: അവയവനഷ്ടം), ഇന്റർമീഡിയറ്റ് (ഉദാ: മൾട്ടിപ്പിൾ സ്ക്ലീറോസിസിന്റെ ചില അവസ്ഥകൾ) എന്നിങ്ങനെ മൂന്നായി തിരിച്ചിരിക്കുന്നു. W.H.O 2001ൽ 'പ്രവൃത്തി, വൈകല്യം, ആരോഗ്യം, അന്തർദേശീയ വർഗീകരണം' എന്ന രേഖ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട് (ICF). ഇതാണ് ജീവത്പ്രവർത്തനങ്ങൾ, ഘടന, പ്രവൃത്തി, പ്രവൃത്തികളിലെ പങ്കാളിത്തം എന്നിങ്ങനെ നമുക്ക് ചുറ്റുമുള്ള അവസ്ഥകൾ പൊതുവിൽ എങ്ങനെയാണ് ആരോഗ്യത്തെ സ്വാധീനിക്കുന്നത് എന്നത് സംബന്ധിച്ച അടിസ്ഥാന രേഖ. ഇത് പ്രകാരം 'ക്രിയാശീലത' എന്നത്, ഒരു പ്രവൃത്തി/കൃത്യം ഒരു വ്യക്തി എങ്ങനെ ചെയ്യുന്നു എന്നും 'പങ്കെടുക്കൽ' എന്നത് ഒരു വ്യക്തി ഒരു ജീവത് സന്ദർഭത്തോട് എങ്ങനെ പ്രതികരിക്കുന്നു/ഇടപെടുന്നു എന്നതുമാണ്.

സാങ്കേതിക വിദ്യ എന്നത് ഉത്കൃഷ്ടമായ ഒരു തുണയായി അംഗപരിമിതരെ സഹായിക്കുന്നു. ഇത് നേരത്തെ ചർച്ച ചെയ്ത അവസ്ഥ മൂലമുണ്ടാകുന്ന

ന്യൂനതകളെ കുറക്കുന്നതിനു ഒരു പരിധിവരെ സഹായിക്കുന്നു. രണ്ടു രീതിയിലാണ് സാങ്കേതികവിദ്യകൾ സഹായകമാവുന്നത്. ദൈനംദിന കൃത്യങ്ങൾക്കായുള്ള തുണയാവുകയും, ഏകീകൃതമായ ഒരു ശരീര ഭാഗമായി വർത്തിക്കുകയും അതുവഴി സമ്മിശ്രമായ രീതിയിൽ സഹായകമാവുകയും ചെയ്യുന്നു. സാങ്കേതിക വിദ്യയെപ്പറ്റി പ്രത്യേകിച്ചു വിവര സാങ്കേതിക വിദ്യയെപ്പറ്റി മനസ്സിലാക്കാൻ വേണ്ടി കാഴ്ച വൈകല്യത്തെക്കുറിച്ചു വിശദീകരിക്കാം. ICT എന്നത് വാർത്താ പ്രക്ഷേപണ സങ്കേതങ്ങൾ വഴി വിവരകൈമാറ്റം സാധ്യമാകുന്ന ഒരു പ്രക്രിയയാണ്. കമ്പ്യൂട്ടർ, ഇന്റർനെറ്റ്, വയർലെസ് നെറ്റ് വർക്കുകൾ, സെൽ ഫോണുകൾ, മറ്റു വാർത്താവിനിമയ മാധ്യമങ്ങൾ എന്നിവ വിവര ലഭ്യതക്കുവേണ്ടി ഉപയോഗപ്പെടുത്തുന്നു. ഈ മേഖല വികസിച്ചുകൊണ്ടിരിക്കുന്നതും വിവര കൈമാറ്റ ശൃംഖലയിൽ പുതിയ വാതായനങ്ങൾ തുറന്നിടുന്നതുമാണ്.

ഈ ലേഖനത്തിൽ കാഴ്ച വൈകല്യത്തെ ഒരു ഉദാഹരണമായി എടുത്തിരിക്കുന്നു. ദേശീയ സാമ്പിൾ സർവ്വേ ഓർഗനൈസേഷൻ (NSSO) റിപ്പോർട്ടും 2001 ലെ സെൻസസും അനുസരിച്ചു ഇന്ത്യയിലെ വൈകല്യം ബാധിച്ചവരുടെ എണ്ണത്തിൽ ഏറ്റവും അധികം പേർ ചലനവൈകല്യം ബാധിച്ചവരും തൊട്ടു പിന്നീൽ കാഴ്ചവൈകല്യം ബാധിച്ചവരുമാണ്.

കാഴ്ച വൈകല്യം എന്നത് കാഴ്ച ശക്തി മുഴുവനായോ ഭാഗികമായോ നഷ്ടപ്പെടുന്നതോ, കണ്ണട കൊണ്ടോ മരുന്നുകൊണ്ടോ ശസ്ത്രക്രിയയോ വഴി തിരുത്താൻ പറ്റാത്തതോ ആണ്. ഒരു വ്യക്തിയുടെ ദിനചര്യകളെ അത് ബാധിക്കുകയും ചെയ്യുന്നു. കണ്ണുകളെ കൂടാതെ നാഡികളുമായും, കാഴ്ചയുമായി ബന്ധപ്പെട്ട തലച്ചോറിന്റെ ഭാഗങ്ങളുമായും അത് ബന്ധപ്പെട്ടിരിക്കുന്നു. ഈ വൈകല്യം പൂർണ്ണമായോ, ഭാഗികമായോ ആകാവുന്നതും ഒന്നുകിൽ ജന്മസിദ്ധമായോ അല്ലെങ്കിൽ ജീവിതത്തിന്റെ മറ്റു ദശകളിൽ പ്രത്യക്ഷപ്പെടാവുന്നതോ ആണ്. അസുഖങ്ങളോ അപകടങ്ങളോ, ജന്മനാലുള്ള കാരണങ്ങളോ അല്ലെങ്കിൽ മറ്റു ക്ഷതങ്ങളോ കാരണം ഇവ ഉണ്ടാവാം. ഏതാണ്ട് പകുതിയോളം വരുന്ന കാഴ്ച വൈകല്യങ്ങൾ ഒഴിവാക്കാനാവുമെന്നാണ് കരുതുന്നത്. കാഴ്ചശക്തി നശിപ്പിക്കുന്ന പ്രധാനപ്പെട്ട നേത്ര

**രാജ്യത്തെ ഭിന്നശേഷി ജനവിഭാഗങ്ങളുടെ വൈകല്യം തിരിച്ചുള്ള വിശദാംശങ്ങൾ (ലക്ഷത്തിൽ)**

| വൈകല്യം | NSSO (ലക്ഷംപേർ/ ശതമാനത്തിൽ) | Census (ലക്ഷംപേർ/ ശതമാനത്തിൽ) |
|---|---|---|
| ചലനം | 106.34 (51.19%) | 61.05 (27.8%) |
| കാഴ്ച | 28.2 (13.60%) | 106.3 (48.54%) |
| കേൾവി | 30.62 (14.74%) | 12.62 (5.76%) |
| സംസാരം | 21.25 (10.37%) | 16.42 (7.40%) |
| മാനസികം | 20.96 (10.09%) | 22.64 (10.33%) |
| **ആകെ** | **207.73 (1.8)** | **219.02 (2.1%)** |

രോഗങ്ങൾക്ക് ആദ്യ ഘട്ടത്തിൽ ലക്ഷണങ്ങൾ ഇല്ല. എന്നാൽ ഈ ഘട്ടത്തിൽ കണ്ടുപിടിക്കാനായാൽ ഒരു പരിധി വരെ അത്തരം രോഗങ്ങൾ തടയാവുന്നതാണ്. വളരെ ചെലവു കുറഞ്ഞതും, ഫലപ്രദവുമായ ചികിത്സാ പദ്ധതികളും, ഇന്ന് നിലവിലുണ്ട്.

## ICT ഒരു സഹായഹസ്തം

വൈകല്യമുള്ള ഒരു വിദ്യാർത്ഥിയുടെ കഴിവോ, പങ്കാളിത്തമോ സ്വാതന്ത്ര്യമോ വർധിപ്പിക്കുന്ന ഉപകരണത്തെയോ സേവനങ്ങളെയോ 'സഹായ സാങ്കേതിക വിദ്യ' എന്ന് വിളിക്കാം. ഇത് കാഴ്ച വൈകല്യമുള്ള വ്യക്തികളെ (മറ്റു വൈകല്യങ്ങൾ ഉണ്ടെങ്കിലും/ഇല്ലെങ്കിലും) പൊതു വിദ്യാഭ്യാസ മണ്ഡലവുമായി ചേർത്തു വയ്ക്കുകയും വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുന്നു.

കാഴ്ച വൈകല്യം ഉള്ളവരുടെ കാഴ്ച പുനഃരുജ്ജീവിപ്പിച്ചും, പരിസ്ഥിതി ഒരുക്കിയും, സഹായക സാങ്കേതിക വിദ്യകൾ അവരെ മെച്ചപ്പെട്ട ജീവിതത്തിലേക്ക് കൈ പിടിച്ചുയർത്തുന്നു. ICT ഏതു അവസ്ഥയിലും ഒരു കൈത്താങ്ങാകുന്നു.

**ചൂരൽ:** വളരെ ലളിതമായി ഒരു ചൂരൽ കൊണ്ട് പൂർണ്ണമായി കാഴ്ച നഷ്ടപ്പെട്ടവർക്കോ, വലിയ അളവിൽ കാഴ്ച നഷ്ടം ഉള്ളവർക്കോ തടസ്സങ്ങളെയും മറ്റു അപകടങ്ങളെയും ഒഴിവാക്കാവുന്നതാണ്. പല തലങ്ങളിലായുള്ള തടസങ്ങൾ അൾട്രാസോണിക് ടെക്നോളജിയുടെയും കമ്പ്യൂട്ടറിന്റെയും സഹായത്തോടെ കണ്ടെത്താനും ഇക്കോലൊക്കേഷൻ എന്നതിന് പുതിയ സാധ്യതകൾ പ്രയോജനപ്പെടുത്താനും സാധിക്കുന്നു. ഉപയോക്താവിനെ കമ്പനം വഴിയോ, സ്പർശനേന്ദ്രിയവുമായി ബന്ധപ്പെടുത്തിയോ അല്ലെങ്കിൽ അലാറം വഴിയോ ബോധവാനാക്കുന്നു.



**നാവിഗേഷൻ ഉപകരണങ്ങൾ:** വഴി കാട്ടുന്നതും, സന്ദർഭത്തെ പറ്റി ബോധ്യമുണ്ടാക്കുന്നതുമായ കമ്പ്യൂട്ടിങ്ങ് സങ്കേതം ഉപയോഗിച്ച് കാഴ്ചവൈകല്യമുള്ളവരെ സാന്ദർഭികമായി വിവരങ്ങൾ വിശകലനം ചെയ്യാൻ സഹായിക്കുന്നു. ഉദാഹരണമായി സ്ഥാനങ്ങളെ/ും വ്യക്തിപരമായ അഭിരുചികളെയും സംബന്ധിച്ച വിവരങ്ങൾ ഉപയോക്താവും കമ്പ്യൂട്ടറും തമ്മിലുള്ള പരസ്പര പ്രവർത്തനത്തിൽ ഉൾച്ചേർക്കുകയും ഇത് കാഴ്ച വൈകല്യമുള്ളവരെ ദൂരയാത്രയിൽ സഹായിക്കുകയും ചെയ്യുന്നു. തന്റെ ചുറ്റുപാടുകളെ കുറിച്ച് ഉപയോക്താക്കളെ ബോധവാന്മാരാക്കാൻ ഇതു സഹായിക്കുന്നു. GPS ഇതുമായി ബന്ധപ്പെടുത്തുന്നത് നാവിഗഷനെ ശക്തിപ്പെടുത്തുകയും ഉപയോക്താവിനെ ഇന്റർനെറ്റുമായി ബന്ധപ്പെടുത്തുന്ന മൊബൈൽ കൂടി ലഭ്യമാക്കുമ്പോൾ കൂടുതൽ മെച്ചപ്പെട്ട തരത്തിൽ വിവരലഭ്യത ഉറപ്പുവരുത്തുകയും ചെയ്യുന്നു.

വൈഫൈ, NFC (നിയർ ഫീൽഡ് കമ്മ്യൂണിക്കേഷൻ), ഇൻഫ്രാ റെഡ്, ബ്ലൂ ടൂത്ത് തുടങ്ങി വയർലെസ്സ് സങ്കേതങ്ങളും കാഴ്ച വൈകല്യമുള്ളവരുടെ ഉപഭോക്തൃ സങ്കേതത്തെ മെച്ചപ്പെടുത്തുവാൻ ഉപകരിക്കുന്നു. മൊബൈൽ ഫോൺ ടെക്നോളജിയുമായി ചേർന്നോ അല്ലെങ്കിൽ അവ കൂടാതെയോ ഇത് സാധ്യമാണ്.

വായന ഒരു ദൈനംദിന കൃത്യമാവേണ്ടതും നിർണ്ണായകമായ ജീവിതസ്വാധീനം ഉള്ളതുമാണ്. ടെക്സ്റ്റ്ബുക്ക്, അല്ലെങ്കിൽ പത്രവായന എന്നിരിക്കട്ടെ കാഴ്ചാവൈകല്യമുള്ളവർക്ക് സാധാരണ രീതിയിൽ പ്രിന്റുചെയ്ത പേജുകൾ വായിക്കാനാവില്ല. സഹായ സാങ്കേതിക വിദ്യകൾ വികസിപ്പിക്കുക വഴി ഇത്തരം പ്രശ്നങ്ങളെ അഭിസംബോധന ചെയ്യാൻ ശ്രമിക്കേണ്ടതുണ്ട്. ഇതിനായി ഒപ്ററിക്കൽ കാർഡ് റീഡർ ആണ് ഒരു പ്രധാന സങ്കേതം. സംസാരിക്കുന്ന പുസ്തകങ്ങളെ പറ്റിയുള്ള അന്തർദേശീയ മാനദണ്ഡം, ഡേയ്സി സ്റ്റാൻഡേർഡ് എന്നത് കാഴ്ച വൈകല്യമുള്ളവർക്ക് ഒരു അളവുകോലാണ്. പത്രങ്ങൾ, ടെക്സ്റ്റ്ബുക്കുകൾ തുടങ്ങിയവയുടെ ഡിജിറ്റൽ പതിപ്പുകൾ കാഴ്ചാവൈകല്യമുള്ളവർക്ക് സൗകര്യപ്രദമായ രീതിയിൽ പ്രചാരത്തിൽ വരുത്തേണ്ടതാണ്.

വീഡിയോ മാഗ്നിഫയറുകൾ ആൽബിനിസം ബാധിച്ച വ്യക്തികൾക്ക്, ഏറെ സഹായകരമാണ്. കോൺട്രാസ്റ്റ് ക്രമീകരിച്ചു കൊണ്ട് ആയാസം കൂടാതെ ഉപയോഗിക്കാൻ പറ്റുന്ന രീതിയിലാണ് ഇതിന്റെ ക്രമീകരണം. പല തിമിരങ്ങളും ശസ്ത്രക്രിയ വഴി സുഖപ്പെടുത്താവുന്നതാണ് എന്നിരിക്കിലും അതിന് സാധിക്കാത്തവർക്ക് കാര്യങ്ങൾ പ്രദർശന സങ്കേതങ്ങൾ വഴി വലുതായി കാണിക്കുകയും, അവ സെൻട്രൽ വിഷൻ ഏരിയയിൽ നിന്നും ഒഴിഞ്ഞ് തെളിമയോടെ പ്രകാശിപ്പിക്കുകയും ചെയ്യുന്നു. Optical Character Reader (OCR) നോട് കൂടെയുള്ള സ്ക്രീൻ റീഡിംഗ് സോഫ്റ്റ്വെയറുകൾ ഇതുസംബന്ധിച്ച് വളരെ ഉപകാരപ്രദമാണ്. ഡയബറ്റിക്ക് റെറ്റിനോപ്പതി ബാധിച്ചവർക്ക് പ്രത്യേകിച്ച് ഇതൊരു വലിയ സഹായമാണ്. എന്തെന്നാൽ അവർക്ക് വിരൽ തുമ്പുകളിലെ സൂക്ഷ്മ സംവേദന ശക്തി നഷ്ടപ്പെടുകയും ബ്രെയിലി ഉപയോഗിക്കാൻ പറ്റാതാവുകയും

ചെയ്യുന്നു. 'റെറ്റിനെറ്റിസ് പിഗ്മെന്റോസ' എന്ന അവസ്ഥയിൽ കോൺട്രാസ്റ്റ് കൂടിയ ഡിസ്‌പ്ലേ സങ്കേതങ്ങൾ, ഉപയോക്താവിന്റെ വായനയെ സഹായിക്കുന്നു. കയ്യിൽ എടുക്കാവുന്ന ഉപകരണങ്ങളോ, പേഴ്സണൽ കമ്പ്യൂട്ടറുകളോ ഉപയോഗിച്ചുകൊണ്ട് സ്ക്രീൻ, കീ ബോർഡ്, മൗസ് എന്നിവ ഉപയോക്താവിന്റെ ആവശ്യത്തിനനുസരിച്ച് ക്രമീകരിക്കാനും കഴിയുന്നു.

ICT ഇതിൽ മാത്രം ഒതുങ്ങുന്നില്ല. പല വലിപ്പത്തിലുള്ള ഇംപ്ലാന്റുകൾ ഉപയോഗിക്കുകയും അത് വഴി കണ്ണിലുള്ള പേശികളെ (ദുർബ്ബലമായതോ, ക്ഷതമേറ്റതോ ആയ) ശക്തിപ്പെടുത്താൻ ഉപയോഗിക്കുന്നു. ഇതുപയോഗിച്ച് സ്വാഭാവികമായ രീതിയിൽ കാഴ്ച്ചയെ ശക്തിപ്പെടുത്തുന്നു. നാഡികൾക്ക് ക്ഷതം പറ്റിയിരിക്കുമ്പോൾ ഇലക്ട്രോഡുകളും, ഇംപ്ലാന്റുകളും ഉപയോഗിച്ച് സിഗ്നലുകളെ നാഡികളിലേക്കും തലച്ചോറിലേക്കും അയക്കുന്നു. ഇത്തരം ഇംപ്ലാന്റുകൾ ഉള്ളിലോ ചർമ്മത്തിനു തൊട്ടു പുറത്തോ ഘടിപ്പിക്കുകയും ചെയ്യുന്നു. അതു വഴി സിഗ്നലുകൾ സ്വീകരിക്കാനും കൊടുക്കാനും സജ്ജമാകുകയും കാഴ്ചയെ കുറ്റമറ്റ രീതിയിലാക്കുകയും ചെയ്യുന്നു.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വഴി ഐസിടി സങ്കേതങ്ങളെ ആവശ്യത്തിനനുസരിച്ചോ അല്ലെങ്കിൽ സ്വയമേവ ചെയ്യാനോ സജ്ജമാക്കാവുന്നതാണ്. നഗരങ്ങളിൽ സ്വയമേവ യാത്രചെയ്യാൻ പ്രാപ്തമാക്കുന്ന മൈക്രോസോഫ്റ്റിന്റെ 'സിറ്റീസ് അൺലോക്ക്ഡ്' എന്ന പദ്ധതി GPS, സ്മാർട്ട് ഫോൺ ടെക്നോളജി വഴിയാണ് സജ്ജമാക്കിയിരിക്കുന്നത്. ഗൈറോമീറ്റർ, കോമ്പസ്, ആക്സിലെറോമീറ്റർ, സ്പീക്കർ എന്നിവ ഘടിപ്പിച്ച ഒരു ഹെഡ്ഫോണാണിത്. പലദിശകളിൽ നിന്നും വരുന്ന ശബ്ദങ്ങളുടെ തോന്നൽ ഇത് ഉണ്ടാക്കുന്നു. ബ്ലൂ ടൂത്ത് റിമോട്ടിൽ ഘടിപ്പിച്ചുള്ള ഓറിയേന്റേഷൻ ബട്ടണിൽ അമർത്തി ഉപയോക്താവിന് അവരുടെ ചുറ്റുപാടുകളെ മനസ്സിലാക്കാനാകും. ഇത് കൂടാതെ പ്രത്യേകം ഘടിപ്പിച്ചിട്ടുള്ള ഒരു ക്യാമറ ചുറ്റുപാടിനെപ്പറ്റി കൃത്യമായ വിവരം ഉപയോക്താവിന് നൽകാൻ പര്യാപ്തമാണ്.

പുതിയ രീതിയിലുള്ള ബ്രെയിലി കൂടി വികസിപ്പിച്ചെടുക്കുന്നത് വായന എളുപ്പമാക്കുകയും വിലകൂടിയ ബ്രെയിലി പ്രിന്ററുകളുടെ ഉപയോഗത്തിന്റെ ആവശ്യകത ഇല്ലാതാക്കുകയും ചെയ്യും.

പ്രത്യേക അറിയിപ്പ് മാർഗങ്ങളും, എഴുത്തുകളും കാഴ്ചനൽകുന്ന വിവരങ്ങൾ സംഭാഷണത്തിലേക്ക് മാറ്റാനുള്ള ഉപകരണങ്ങളും കാഴ്ചാവൈകല്യമുള്ളവരുടെ ജീവിതം ആയാസരഹിതമാക്കും.

**സംഗ്രഹം**

ICT മറ്റു സാങ്കേതിക വിദ്യയെപ്പോലെ ദ്രുതഗതിയിൽ വികസിച്ചുകൊണ്ടിരിക്കുകയാണ് വൈകല്യമുള്ളവർക്ക് പ്രത്യേകിച്ച് കാഴ്ച വൈകല്യമുള്ളവർക്ക് മറ്റുള്ളവരുമായുള്ള വിടവ് നികത്താൻ ഇത് ഏറെ സഹായകമാണ്. അന്ധതയുടെ കാരണങ്ങൾ വ്യത്യസ്തമായതു പോലെ തന്നെ പരിഹാരവും വ്യത്യസ്തമാണ്. ഓരോ പ്രശ്നങ്ങളും വ്യത്യസ്തമായിരിക്കെ എല്ലാറ്റിനും കൂടി ഏകപരിഹാരമാർഗം എന്നതും അസാധ്യമാണ്. ICT വഴിയുള്ള സഹായക ഉപകരണങ്ങൾ ഉപയോക്താവിന്റെ ആവശ്യത്തിനനുസരിച്ച് രൂപപ്പെടുത്തുന്നത് ജീവിതം എളുപ്പമാക്കും. പുതിയ ഉപകരണങ്ങൾ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പ്രയോജനപ്പെടുത്തി സന്ദർഭോചിതമായി പ്രവർത്തിക്കാൻ കൂടി സഹായകമാണെന്നത് വൈകല്യം ബാധിച്ച കണ്ണുകൾക്ക് പ്രതീക്ഷയുടെ പുതിയ വെളിച്ചം പകരുന്നു.

*(ഡൽഹി യൂണിവേഴ്സിറ്റിയിൽ ഐസിടി (ICT) വിഷയത്തിൽ ഗവേഷകനാണ് ലേഖകൻ)*

*വിജ്ഞാനപാത*

## ദീൻദയാൽ പുനഃരധിവാസ പദ്ധതി

ഭിന്നശേഷിക്കാരുടെ ഇടയിൽ പ്രവർത്തിക്കുന്ന NGOകൾക്ക് വേണ്ടിയുള്ളതാണ് ദീൻദയാൽ പുനഃരധിവാസ പദ്ധതി. (Scheme to Promote Voluntary Action for Persons with Disabilities). അംഗപരിമിതരുടെ വിവിധ പ്രശ്നങ്ങൾ പഠിയ്ക്കുവാനും പരിഹരിക്കുവാനും കേന്ദ്രസർക്കാർ ഈ പദ്ധതിയിലൂടെ ധനസഹായം നൽകുന്നു. കേന്ദ്ര സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയത്തിനാണ് ഈ പദ്ധതിയുടെ ചുമതല.




# ഭിന്നശേഷിയും നവ സാങ്കേതിക വിദ്യയും

**ഡോ. യു. നന്ദകുമാരൻ നായർ**

ഭിന്നശേഷിയുമായി ജീവിക്കുന്നവർക്ക് പുനരധിവാസത്തിനുള്ള മാർഗങ്ങൾ ലഭ്യമാക്കേണ്ടത് സമൂഹത്തിന്റെ കടമയാണ്. ഭിന്നശേഷി ശരീരത്തിന്റെ ഘടനയിലോ പ്രവർത്തനത്തിലോ മാത്രം ഒതുങ്ങിനില്ക്കുന്ന ഒരു പ്രശ്നമായി കാണാനാവില്ല. അത് സമൂഹത്തിൽ പ്രവർത്തിക്കുന്നതിനും, അതിന്റെ ഭാഗമാകുന്നതിനും, ഗുണഫലങ്ങൾ സ്വായത്തമാക്കുന്നതിനും ഉണ്ടാകുന്ന തടസങ്ങൾ കൂടിയാണ്. ഭിന്നശേഷിക്കാർ അവരുടെ ശേഷിയും വൈഭവവും സമൂഹത്തിനു സംഭാവന ചെയ്യാൻ കെല്പുള്ളവരാണ്. എന്നാൽ നാം ശ്രദ്ധാപൂർവ്വം നോക്കിയാൽ മനസിലാവും, സമൂഹത്തിന്റെ ഘടനയും, അതിലെ ചുറ്റുപാടുകളുടെ വിന്യാസവും മനുഷ്യനിർമ്മിതികളുടെ രൂപകല്പനയും എല്ലാം തന്നെ ഭിന്നശേഷിക്കാരെ പരിഗണിക്കാതെ സൃഷ്ടിച്ചവയാണ്. അതായത് ഈ സാമൂഹ്യഘടനയും രൂപകല്പനയും തന്നെയാണ് ഭിന്നശേഷിക്കാർ പാർശ്വവല്ക്കരിക്കാൻ ഇടയാക്കുന്ന കാരണങ്ങളിൽ പ്രമുഖം.

ഭിന്നശേഷിക്കാർക്ക് ചലനം, യാത്ര, ആശയവിനിമയം, കാഴ്ച, കേൾവി, പഠനം എന്നീ അടിസ്ഥാന കാര്യങ്ങളിൽ പ്രത്യേക സാങ്കേതിക വിദ്യയുടെ പിന്തുണ ആവശ്യമാണ്. അവർക്ക് ക്രീയാത്മകമായ സാങ്കേതിക പരിരക്ഷ നൽകാൻ സമൂഹം ബാധ്യസ്ഥവുമാണ്. ആ നിലയ്ക്കാണ് ഭിന്നശേഷിക്കാർക്കുള്ള സാങ്കേതിവിദ്യ (Technology for Disability) യെക്കുറിച്ച് നാം ചിന്തിക്കേണ്ടത്.

സഹായോപാധികളും സാങ്കേതി വിദ്യയും (Assistive Devices and Technologies) ഒരു വ്യക്തിയുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുകയും അയാളുടെ സമൂഹത്തിലെ ഇടപെടലുകളിൽ സൃഷ്ടിപരമായ മാറ്റം ഉണ്ടാക്കുകയും ചെയ്യും. ഇത് അയാളുടെ സമൂഹത്തിലെ 'ഇടം' (Space within Society) വികസിപ്പിക്കുകയും ജീവിത ഗുണമേന്മ (Quality of Life) ഉറപ്പാക്കാൻ സഹായിക്കുകയും ചെയ്യും.

സർവ്വസാധാരണമായ സഹായോപാധികളിൽ, കൃത്രിമ കാലുകൾ, ശ്രവണസഹായി, ചക്രകസേരകൾ എന്നിവ ഉൾപ്പെടുന്നു. ആധുനിക കാലത്ത് സോഫ്റ്റ്വെയർ, കംപ്യൂട്ടർ, മൈക്രോ പ്രോസസ്സർ എന്നിവ ഉപയോഗിച്ചുള്ള അനേകം സഹായോപാധികൾ ലഭ്യമാണ്. ഇവ ഭിന്നശേഷിക്കാരുടെ ജീവിതത്തിലും അവർക്കു ലഭിക്കുന്ന അവസരങ്ങളിലും ഒക്കെ വിപ്ലവകരമായ മാറ്റങ്ങൾ സൃഷ്ടിക്കുന്നുണ്ട്. എന്നാൽ വികസ്വര രാജ്യങ്ങളിൽ അഞ്ചുമുതൽ പതിനഞ്ചു ശതമാനം വരെ ഭിന്നശേഷിക്കാർക്കു മാത്രമേ ഇത്തരം സഹായോപാധികൾ ലഭിക്കുന്നുള്ളൂ. ഇത് നമ്മുടെ പുനരധിവാസ പ്രവർത്തനങ്ങൾക്കു വേണ്ട പ്രത്യേക ഊന്നലിലേക്ക് വിരൽചൂണ്ടുന്നു.

1990ൽ ഐക്യരാഷ്ട്രസഭ പുറപ്പെടുവിച്ച നയരേഖയിൽ സഹായോപാധികളുടെ ലഭ്യതയും ഉപയോഗവും ഭിന്നശേഷിക്കാരുടെ തുല്യപങ്കാളിത്തത്തിനും ശാക്തീകരണത്തിനും ആവശ്യമായ ആദ്യപടിയായി കണ്ടിരുന്നു. സഹായോപാധികൾ ഭിന്നശേഷിക്കാരെ സംബന്ധിച്ചിടത്തോളം മനുഷ്യാവകാശത്തിന്റെ ഭാഗമാണെന്നും നയരേഖ ചൂണ്ടിക്കാണിക്കു

ന്നു. ഇതിലേക്കായി ഗ്ലോബൽ കോ-ഓപ്പറേഷൻ ഫോർ അസിസ്റ്റീവ് ടെക്നോളജി (Global Cooperation for Assistive Technology - GATE) എന്നൊരു പ്രസ്ഥാനത്തിന് രൂപകല്പന ചെയ്തിട്ടുണ്ട്.

ഗേറ്റ് (GATE) ഭിന്നശേഷിയുള്ള കുട്ടികൾക്ക് വിദ്യാഭ്യാസത്തിന്റെ സാധ്യത തുറന്നുകൊടുക്കും. മുതിർന്നവർക്ക് തൊഴിൽ കണ്ടെത്താനും, സാമ്പത്തിക ഭദ്രത ആർജ്ജിക്കാനും സമൂഹത്തിലെ എല്ലാ മേഖലകളിലും ഇടപെടാനും സർവ്വോപരി അന്തസ്സോടെ ജീവിക്കാനും അവസരമൊരുക്കും.


നൂതനവും സങ്കീർണവുമായ നിരവധി സഹായോപാധികൾ ഇന്ന് ലഭ്യമാണ്. ഇത്തരം ഉപകരണങ്ങൾക്ക് ചെലവേറും എന്നതിനാൽ നമുക്ക് സാർവ്വത്രികമായി ഉപയോഗിക്കുന്നതിൽ പരിമിതിയുണ്ട്. ശരീരത്തിലെ അറ്റുപോയ നാഡീവ്യൂഹത്തിൽ ഘടിപ്പിച്ചിരിക്കുന്ന കൃത്രിമകൈ, കോണിപ്പടികൾ കയറാനുതകുന്ന വീൽചെയർ എന്നിവ ഇത്തരം സങ്കീർണ സഹായോപാധികളിൽ പെടുന്നു. ഇവയെല്ലാം മാറ്റിവച്ചാൽ തന്നെ മറ്റനേകം ചെലവുകുറഞ്ഞ ഉപകരണങ്ങൾ ഇന്ത്യയിലെ ഭിന്നശേഷിക്കാർക്ക് ലഭ്യമാകേണ്ടതുണ്ട്.

ചക്രകസേരകളാണ് ഇതിൽ പ്രമുഖം. പുതിയ ചക്രകസേരകൾ (Wheelchairs) മോട്ടോർ ഘടിപ്പിച്ചതാണ്. രണ്ടു വിരലുകൾ കൊണ്ട് പ്രവർത്തിപ്പിക്കാൻ പാകത്തിനുള്ള ജോയ് സ്റ്റിക് ഉപയോഗിച്ചാണ് ഇതിന്റെ പ്രവർത്തനം. ഏതാണ്ട് മുപ്പതു കിലാമീറ്റർ ദൂരം ഇതിന്റെ ഊർജ്ജം നിലനില്ക്കുകയും മണിക്കൂറിൽ എട്ടു കിലോമീറ്റർ വേഗത്തിൽ സഞ്ചരിക്കാൻ സാധിക്കുകയും ചെയ്യും. അതിനാൽ ഇത്തരം ചക്രകസേരകൾ ഭിന്നശേഷിക്കാർക്ക് സമൂഹത്തിൽ സ്വാതന്ത്ര്യത്തോടെ സഞ്ചരിക്കാൻ ഉള്ള കഴിവ് പ്രദാനം ചെയ്യുന്നു.

സങ്കീർണത കുറഞ്ഞ പരിമിതമായ മറ്റൊരു ഉപകരണം സ്ഥാനഭേദം (transfer) സാധ്യമാക്കാനുള്ളതാണ്. കിടക്കയിൽ നിന്നും വീൽചെയറിലേക്കോ, അല്ലെങ്കിൽ ഏതെങ്കിലും വ്യത്യസ്തമായ രണ്ടു പ്രതലങ്ങളിൽ സ്ഥാനഭേദത്തിനു സഹായിക്കാനോ സ്ഥാനഭേദ ഉപകരണം ഉപയോഗിക്കുന്നു. കസേരയിൽ നിന്നും മോട്ടോർവാഹനത്തിലേക്കും, ബാത്റൂം, മറ്റു ഇരിപ്പിടങ്ങൾ തുടങ്ങിയവയിലേക്കൊക്കെ സ്ഥാനം മാറണമെങ്കിൽ വിവിധതരത്തിലുള്ള ഉപകരണങ്ങൾ ഇന്നു ലഭ്യമാണ്. സ്ഥാനഭേദ ബെഞ്ച് (Transfer bench), ചെറു ലിഫ്റ്റുകൾ, ഹോയ്സ്റ്റ് (hoist) എന്നിവ ഭിന്നശേഷിക്കാർക്ക് സൗജന്യമായോ സബ്സിഡി നിരക്കിലോ കൂടുതലായി ലഭ്യമാക്കേണ്ടതാണ്.

വേഗത്തിലുള്ള നഗരവത്ക്കരണം ജനങ്ങളെ അവരുടെ സ്വന്തം ഇടങ്ങളിൽ നിന്നും വിദൂരസ്ഥലങ്ങളിൽ പ്രവാസജീവിതത്തിനു പ്രേരിപ്പിക്കുന്നു. തത്ഫലമായി മുതിർന്ന പൗരന്മാർ, ഭിന്നശേഷിക്കാർ, സ്ത്രീകൾ എന്നിവർ പലപ്പോഴും ഒറ്റയ്ക്ക് സ്വന്തം വീട്ടിലോ ഫ്ളാറ്റിലോ താമസിക്കാൻ ഇടയാവുന്നു. ഇതൊരു പോരായ്മയായി കരുതേണ്ടതില്ല. പക്ഷെ ഇങ്ങനെ ഒറ്റയ്ക്ക് താമസിക്കുന്നവരുടെ ജീവിതം സുഗമമാക്കേണ്ടതുണ്ട്. പരസഹായമില്ലാതെ പലമുറികളിൽ കൂടി സഞ്ചരിക്കാനും, വാതിലുകളും ജനാലകളും നിയന്ത്രിക്കാനും, ഇലക്ട്രോണിക് ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാനും അടിയന്തിര സന്ദേശങ്ങൾ അയയ്ക്കാനും ഒക്കെ മൈക്രോ പ്രൊസസർ ക്രമീകരിച്ചുള്ള യന്ത്രസംവിധാനങ്ങൾ ഗൃഹങ്ങളിൽ സാധ്യമാക്കാവുന്നതാണ്.

പഠനവൈകല്യങ്ങൾ കുട്ടികളിൽ കാണുന്ന പ്രധാനപ്പെട്ട ഒരു പരിമിതിയാണ്. പഠിക്കുവാനുള്ള പ്രയാസം കുട്ടികളെ വിദ്യാഭ്യാസ സംവിധാനങ്ങൾക്കു പുറത്താക്കുകയും പില്ക്കാലത്ത് അവർ പാർശ്വവല്ക്കരിക്കപ്പെടുകയും ചെയ്യും. അതിനാൽ കുട്ടികളിലെ പഠനവൈകല്യങ്ങൾ നേരത്തേ കണ്ടെത്തേണ്ടതായിട്ടുണ്ട്. നിരവധി പഠനസഹായികൾ ഇന്ന് ലഭ്യമാണ്. ഇത്തരം ഉപാധികൾ നേരത്തേ തന്നെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതും അതിൽ നിന്നും കുട്ടികൾക്ക് വേണ്ടുന്ന പുരോഗതി ലഭിക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കേണ്ടതും ആവശ്യമാണ്. ക്ലാസ്മുറിയിലെ കുട്ടികൾക്ക് അധ്യാപകൻ പറയുന്നത് ശ്രദ്ധിക്കുകയും നോട്ടുകൾ എഴുതിയെടുക്കുകയും തത്സമയം ചെയ്യേണ്ടതായിട്ടുണ്ട്. സാധാരണയായി കുട്ടികൾ സ്വയമേവ ഈ കഴിവ് സ്വായത്തമാക്കാറുണ്ട്. പക്ഷേ പഠനവൈകല്യമുള്ള പല കുട്ടികൾക്കും ഇത് ദുഷ്കരമാണ്. ഇത്തരം കുട്ടികളെ സഹായിക്കാനുള്ള ഉപകരണമാണ് പേപ്പർ ബെയ്സ്ഡ് കമ്പ്യൂട്ടർ പെൻ (Paper based Computer Pen). കുട്ടി കേൾക്കുന്നതും എഴുതുന്നതും പേന നിര




ന്തരമായി റിക്കാർഡ് ചെയ്തുകൊണ്ടിരിക്കും. അതിനാൽ അധ്യാപകർ പറയുന്നത് രേഖപ്പെടുത്തുന്നതോടൊപ്പം കുട്ടിക്ക് നോട്ടു കുറിക്കുവാനും സാധിക്കുന്നു. പിന്നീട് വേണ്ട സന്ദർഭങ്ങളിലൊക്കെ ഏതെങ്കിലും വാക്കിൽ പേനകൊണ്ട് സ്പർശിച്ചാൽ അതുമായി ബന്ധപ്പെട്ട ശബ്ദരേഖ കുട്ടിക്കു ആവർത്തിച്ചു കേൾക്കാൻ സാധിക്കും.

പഠനവൈകല്യങ്ങൾ ദൂരവ്യാപകമായ പ്രശ്നങ്ങൾ ഉളവാക്കും. പഠിക്കാനുള്ള അവസരം ലഭിക്കാത്ത കുട്ടികൾക്ക്, പ്രത്യേകിച്ചു പഠനവൈകല്യങ്ങൾ കൂടിയുണ്ടെങ്കിൽ, ചിന്തിക്കാനും, പ്രതികരിക്കാനും, സാമൂഹ്യബന്ധങ്ങളിലെ സങ്കീർണതകളെ കുറിച്ച് ധാരണയുണ്ടാക്കാനുമൊക്കെ പോരായ്മയുണ്ടാകും. ഇത് അവരുടെ ബൗദ്ധിക വളർച്ചയെ ബാധിക്കും. പില്ക്കാലത്ത് സാമ്പത്തിക ഭദ്രതയുള്ള പൗരന്മാരായി വികസിക്കുന്നതിനും ഇത് തടസമാകും. അതിനാലാണ് കുട്ടികളിലെ ഭിന്നശേഷി, പഠനവൈകല്യം എന്നിവ സമൂഹത്തിന്റെ പ്രത്യേക ശ്രദ്ധ ആകർഷിക്കേണ്ട കാര്യമാണെന്ന് പറയുന്നത്.

പഠനവൈകല്യമുള്ള കുട്ടികളിൽ ചിലർക്ക് ദീർഘനേരം ശ്രദ്ധ നിലനിർത്താനുള്ള കഴിവും പരിമിതമായിരിക്കും. അത്തരം കുട്ടികൾക്ക് പഠനാന്തരീക്ഷം പ്രയാസമുള്ളതായിരിക്കും. അനേകം ശബ്ദങ്ങൾ ഒരേസമയം ക്ലാസ്സുമുറികളിൽ ഉണ്ടാകുന്നതു കൊണ്ട് ഇത്തരം പ്രശ്നങ്ങളുള്ള കുട്ടികൾ ശ്രദ്ധിക്കാനാകാതെയോ, അല്ലെങ്കിൽ അപശബ്ദങ്ങളിൽ ചെവിയോർത്തോ പഠനത്തിൽ പിന്നാക്കം പോകുന്നു. ഇവരെ കണ്ടെത്തി സഹായിക്കാനുള്ള ഉപാധി ഇപ്പോൾ ലഭ്യമാണ്. പഠിപ്പിക്കുന്ന അധ്യാപകനും വിദ്യാർത്ഥിയും റേഡിയോ വികിരണത്തിലൂടെ (F.M Radio transmission) ബന്ധപ്പെട്ടാൽ പഠനാന്തരീക്ഷം മെച്ചപ്പെടുത്താനാവും. റേഡിയോതരംഗങ്ങളിലൂടെ അധ്യാപകൻ പറയുന്നത് വേണ്ട അളവിൽ വിദ്യാർത്ഥിയുടെ ചെവികളിൽ എത്തുന്നതിനാൽ കൂടുതൽ അളവിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ പഠിതാവിന് സാധിക്കുന്നു.

സമാനമായ മറ്റൊരു വൈകല്യമാണ് എഴുതുവാനുള്ള പ്രയാസങ്ങൾ. കൈകൾ ഉപയോഗിക്കുന്നതിലോ ധിഷണയുടെ പ്രശ്നങ്ങൾ കൊണ്ടോ എഴുത്തിൽ വൈകല്യമുണ്ടാകാം. പലപ്പോഴും ലളിതമായ സാങ്കേതികവിദ്യ കൊണ്ട് ഇതിന് പരിഹാരങ്ങൾ സൃഷ്ടിക്കാനാവും. ഉദാഹരണത്തിന് ഏതാനും അക്ഷരങ്ങൾ എഴുതുമ്പോൾ തന്നെ സാധ്യതയുള്ള വാക്കുകൾ പ്രവചിക്കുന്ന സോഫ്ട്‌വെയർ സർവ്വസാധാരണമാണ്. ഇത് ടാബ്ലറ്റ് കമ്പ്യൂട്ടറിൽ ഉൾപ്പെടുത്തിയാൽ കൂടുതൽ സുഗമമായി എഴുതാൻ കുട്ടികൾക്ക് കഴിയും. ചിത്രങ്ങൾ വരയ്ക്കുവാനും ആശയങ്ങൾ ചിത്രങ്ങളിലൂടെ അവതരിപ്പിക്കാനും സഹായിക്കുന്ന ഗ്രാഫിക് സോഫ്ട്‌വെയറുകളും സ്കൂൾ അന്തരീക്ഷ

ത്തിൽ വ്യാപകമായ മാറ്റം സൃഷ്ടിക്കാൻ പോന്ന താണ്.

ഭിന്നശേഷിക്കാരുടെ പുനരധിവാസത്തിൽ ഇനി നടക്കാനിരിക്കുന്ന വിപ്ലവകരമായ മാറ്റം റോബോട്ടിക്സിൽ ആണ്. മനുഷ്യർക്ക് പറ്റാതെവരുന്ന പല പ്രവർത്തനങ്ങളും റോബോട്ടുകളുടെ സഹായത്തിൽ പൂർത്തിയാക്കാനാകും. റോബോട്ടിന്റെ സഹായത്താൽ പ്രവർത്തിക്കുന്ന കൃത്രിമ കൈകാലുകളുടെ നിർമ്മാണത്തിന്റെ ഗവേഷണഘട്ടം പൂർത്തിയായി കഴിഞ്ഞു. പക്ഷാഘാതം തുടങ്ങിയ ചലനവൈകല്യ സമയത്ത് റോബോട്ടുകൾ പുറംചട്ടയായി അണിഞ്ഞ് കരങ്ങളുടെ ശക്തി പുനരുജ്ജീവിപ്പിക്കാനും ശ്രമം നടക്കുന്നുണ്ട്. ഇതിനും ഭാഗികമായി വിജയം സാധിച്ചിട്ടുണ്ട്. അടുത്ത ഏതാനും വർഷംകൊണ്ട് പുനരധിവാസ ചികിത്സയിൽ റോബോട്ടുകളുടെ സാന്നിധ്യമാവും ഏറെ ശ്രദ്ധിക്കപ്പെടുക.

ആധുനിക സാങ്കേതിക വിദ്യ ഏറെ ഫലപ്രദമാണ് എന്നു തോന്നുന്ന ഈ കാലഘട്ടത്തിൽ നാം ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യം ഇതിലേക്കായി ഇന്ത്യ എത്രകണ്ടു വിഭവങ്ങൾ നിക്ഷേപിക്കുന്നു എന്നതാണ്. ആധുനികവും സങ്കീർണവുമായ ഇത്തരം സാങ്കേതിക വിദ്യകൾ നാട്ടിൽ വളരണമെങ്കിൽ 'സ്റ്റാർട്ടപ്പ് ഇന്ത്യ' പോലുള്ള സംരംഭങ്ങളിലൂടെ ഈ മേഖലയിലേക്ക് കൂടുതൽപേരെ ആകർഷിക്കുകയും അവർക്കു വേണ്ട സാമ്പത്തിക സാമൂഹിക സൗകര്യം ഒരുക്കുകയും വേണം. മാത്രമല്ല, മെഡിക്കൽ, എൻജിനീയറിംഗ് വിദ്യാഭ്യാസത്തിൽ ഭിന്നശേഷിക്കാർക്കു വേണ്ടുന്ന സാങ്കേതിക സഹായം/പരിജ്ഞാനം ഒരു പഠനവിഷയമായി ഉൾപ്പെടുത്തേണ്ടിയിരിക്കുന്നു. ഇന്ന് മനുഷ്യനിർമ്മിതമായ ഇടങ്ങൾ - കെട്ടിടങ്ങൾ, വണ്ടികൾ, റോഡുകൾ, പാർക്കുകൾ, സിനിമാശാലകൾ - എന്നിവയെല്ലാം പൊതുവേ സമൂഹത്തിന്റെ ചില "ശരിമാനദണ്ഡ"ങ്ങളിൽ പെടുന്നവർക്കു മാത്രമായി രൂപകല്പന ചെയ്തവയാണെന്ന് കാണാം. ഇവിടെയാണ് എല്ലാവരേയും ഉൾക്കൊള്ളുന്ന മാതൃക (Inclusive Design) എന്ന ആശയം ഉണ്ടാകുന്നത്. Inclusive Design എന്നത് രൂപകല്പനയിൽ വന്നിട്ടുള്ള നൂതനമായ ആശയവും പുതിയ ടെക്നോളജി സങ്കല്പവുമാണ്. അതിനാലാണ് ഇത് പാഠ്യപദ്ധതിയിൽ ഉൾപ്പെടണം എന്ന് വാദിക്കുന്നത്.

ഇങ്ങനെയൊക്കെയാണെങ്കിലും സഹായോപാധികൾ ഉപയോഗിക്കുന്നവർ ഗുരുതരമായ പ്രയാസങ്ങൾ എത്തുമ്പോൾ മാത്രമാണ് അവ തിരഞ്ഞെടുക്കുന്നത്. അതിനാൽ അവർക്ക് ഒന്നിലധികം മേഖലകളിൽ പ്രവർത്തന പരിമിതികൾ ഉണ്ടാകും. അവർക്ക് പൊതുസ്ഥലങ്ങൾ ഉപയോഗിക്കുന്നതിനും യാത്ര ചെയ്യുന്നതിനും മറ്റും പ്രയാസങ്ങൾ നേരിടുന്നു. വീട്ടിനുള്ളിൽ തന്നെ പടവുകൾ, പടിക്കെട്ടുകൾ, മിനുത്ത പ്രതലങ്ങൾ, വെളിച്ചം എന്നിവ ഭിന്നശേഷിക്കാർക്കു പ്രാപ്യമായ രീതിയിൽ മാറ്റേണ്ടതും അത്യാവശ്യമാണ്.

ചുരുക്കത്തിൽ ഭിന്നശേഷിക്കാർക്ക് സ്വതന്ത്രമായും സുഖകരമായും ജീവിക്കാനും സമൂഹവികസനത്തിൽ പങ്കാളികളാകാനും സാധിക്കുന്ന കാലഘട്ടമാണ് ഇത്. അതിനാവശ്യമായ സാങ്കേതിക സഹായം/പരിജ്ഞാനം ഇന്ന് ലഭ്യവുമാണ്. വിവിധ സഹായോപാധികൾ, ഡിസൈൻ, നവ വിദ്യാഭ്യാസ മാതൃകകൾ എന്നിവ ഇനിയും വികസിപ്പിക്കേണ്ടിയിരിക്കുന്നു. അവ ഭിന്നശേഷിയുള്ളവരിൽ എത്തിക്കേണ്ട ധാർമ്മിക ഉത്തരവാദിത്തവും സമൂഹത്തിനുണ്ട്.

*(ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ പ്രൊഫസറാണ് ലേഖകൻ)*

## ഭിന്നശേഷിക്കാരിലെ അപൂർവ വ്യക്തിത്വങ്ങൾ

**അരുണിമ സിൻഹ**: ഉത്തർ പ്രദേശിലെ ലക്നൗവിൽ നിന്നുമുള്ള അരുണിമ സിൻഹ ലോകത്തെ എട്ട് ഉയരം കൂടിയ കൊടുമുടികളിൽ 5 എണ്ണവും കീഴടക്കി. 2011ൽ ട്രെയിനിൽ നിന്നും മോഷ്ടാക്കൾ തള്ളിയിട്ട് ഉണ്ടായ അപകടത്തിൽ അരുണിമയുടെ ഒരു കാൽമുട്ടിന് താഴെ ഭാഗം ശസ്ത്രക്രിയയിലൂടെ നീക്കംചെയ്യേണ്ടി വന്നു. അപകടം നടക്കുന്നതിന് മുൻപ് അരുണിമ ദേശീയ വോളിബോൾ താരം ആയിരുന്നു. 2013 മെയ് 21ന് അരുണിമ എവറസ്റ്റ് കീഴടക്കി. 2015ൽ പദ്മശ്രീ ലഭിച്ചു. 'Born again on the Mountain' എന്ന അരുണിമയുടെ ഗ്രന്ഥം 2014 ഡിസംബറിൽ പ്രധാനമന്ത്രി പ്രകാശനം ചെയ്തു.

# ഭിന്നശേഷിക്കാരുടെ ആരോഗ്യ സംരക്ഷണവും വ്യായാമ മുറകളും

**അഭിലാഷ് പി.ആർ.**

WHO-യുടെ കണക്കുകൾ പ്രകാരം ലോക ജന സംഖ്യയുടെ ഏകദേശം 15% ആൾക്കാർ ഏതെങ്കിലും രീതിയിലുള്ള അംഗവൈകല്യം അനുഭവിക്കുന്നവരാണ്. അത്തരം ജനങ്ങളുടെ എണ്ണം ഏകദേശം ഒരു ബില്യൻ വരും. ഇന്ത്യ പോലുള്ള വികസ്വര രാജ്യങ്ങളിൽ അംഗപരിമിതരുടെ തോത് കൂടുതലുമാണ്. കുറച്ചു വർഷങ്ങൾക്ക് മുൻപ് വരെ പോളിയോ ബാധിതർ ആയിരുന്നു അംഗപരിമിതരിൽ ഭൂരിഭാഗവും. എന്നാൽ ഇപ്പോഴുള്ള കണക്കുകൾ പ്രകാരം വാഹനാപകടം മൂലമുണ്ടാകുന്ന അംഗവൈകല്യമാണ് മുൻപന്തിയിൽ നിൽക്കുന്നത്.

അംഗപരിമിതരെ പ്രധാനമായും രണ്ടുതരത്തിലുള്ളതായി തിരിക്കാം. ജൻമനാ ഉള്ളതും ആർജിതവും. അംഗപരിമിതരുടെ ആരോഗ്യ സംരക്ഷണം ഏറ്റവും പ്രാധാനമായിട്ടു കൂടി വലിയ അവഗണനയാണ് അവർ നേരിടുന്നത്. ആരോഗ്യ പ്രവർത്തകരും ആരോഗ്യ സംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്നവരും ഏറ്റവും ശ്രദ്ധ കേന്ദ്രീകരിക്കുന്നത് ആരോഗ്യമുള്ള ജനങ്ങളുടെ ക്ഷമത നിലനിർത്താൻ വേണ്ടി മാത്രമാണ് എന്നത് ഭിന്നശേഷിക്കാരെ സംബന്ധിച്ച് നിർഭാഗ്യകരമായ വസ്തുതയാണ്.

അംഗപരിമിതരുടെ ആരോഗ്യ സംരക്ഷണത്തിനു വ്യായാമ മുറകൾ നിരദ്ദേശിക്കുക എന്നത് വെല്ലുവിളി നിറഞ്ഞ ഒന്നാണ്. മാംസപേശികളുടെ ശോഷിപ്പ്, ഞരമ്പു സംബന്ധമായ ബുദ്ധിമുട്ടുകൾ, ഹൃദയസംബന്ധവും ശ്വാസകോശസംബന്ധവുമായ പ്രവർത്തന വൈകല്യങ്ങൾ, ഓർമ്മക്കുറവ്, ശാരീരികവും മാനസികവുമായ ഏകോപനമില്ലായ്മ എന്നിവ അംഗപരിമിതർക്ക് വ്യായാമമുറകൾ നിർദ്ദേശിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ആകുന്നു.

**വ്യായാമമുറകളുടെ ഉപയോഗം**

ചലന വൈകല്യം എന്ന പരിമിതി മൂലം വ്യായാമം ചെയ്യുക എന്നത് അംഗപരിമിതർ നേരിടുന്ന വലിയൊരു വെല്ലുവിളിയാണ്. ഇത്തരക്കാർക്കായി പ്രത്യേക രീതിയിലുള്ള വ്യായാമമുറകൾ ചിട്ടപ്പെടുത്തിയിട്ടുണ്ട്. കൃത്യമായി വ്യായാമം ചെയ്യുന്നതുമൂലം ഉണ്ടാകുന്ന ഗുണങ്ങൾ താഴെപ്പറയുന്നവയാണ്.

1. ചലനശേഷി കുറവുള്ള വ്യക്തികളിൽ സാധാരണയായി കണ്ടുവരുന്ന പേശികളുടെ ശോഷണം (Muscle wasting) നല്ല രീതിയിലുള്ള വ്യായാമമുറകളിലൂടെ ഒരു പരിധിവരെ നിയന്ത്രിക്കുവാൻ സാധിക്കും.

2. ചലനശേഷി കുറയുമ്പോൾ എല്ലുകൾക്ക് കൂടുതലായി ഉണ്ടായേക്കാവുന്ന തേയ്മാനത്തിന്റെ തോത് വ്യായാമത്തിലൂടെ നിയന്ത്രിക്കുന്നു.

3. വ്യായാമം സന്ധികളുടെ വഴക്കം കൂട്ടുന്നതോടൊപ്പം ശരീരത്തിന്റെ ചലനക്ഷമതയും മെയ്‌വഴക്കവും വർദ്ധിപ്പിക്കുന്നു.

4. മാനസിക സമ്മർദ്ദം, അംഗപരിമിതി മൂലം ഉണ്ടായേക്കാവുന്ന വേദന തുടങ്ങിയവ ലഘൂകരിക്കുന്നു.

5. അപകടവും രോഗാവസ്ഥയും മൂലം ഉണ്ടാകുന്ന അംഗപരിമിതിയിൽ നിന്നും വളരെ വേഗത്തിൽ സുഖം പ്രാപിക്കുവാനും ആരോഗ്യം വീണ്ടെടുക്കുവാനും വ്യായാമ മുറകൾ സഹായിക്കുന്നു.

പോളിയോ, സെറിബ്രൽ പൾസി, പക്ഷാഘാതം, അപകടം, തുടങ്ങിയവ മൂലമുണ്ടാകുന്ന പരിമിതികൾ ഒരു പരിധി വരെ ലഘൂകരിക്കുവാനും കൂടുതൽ പേശീക്ഷതങ്ങൾ ഒഴിവാക്കുവാനും വിവിധ വ്യായാമ മുറകളിലൂടെ സാധിക്കുന്നു. സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും ഫിസിക്കൽ മെഡിസിൻ ആൻഡ് റിഹാബിലേറ്റേഷൻ ഡിപ്പാർട്ടുമെന്റുകൾ പ്രവർത്തിക്കുന്നത് ഇത്തരം അംഗപരിമിതരുടെ ആരോഗ്യം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ്. ഫിസിക്കൽ മെഡിസിനിൽ വിദഗ്ധരായ ഡോക്ടർമാരും, ഫിസിയോതെറാപ്പിസ്റ്റുമാരുമാണ് ഇത്തരം ഡിപ്പാർട്ടുമെന്റുകളിൽ അംഗപരിമിതരായ രോഗികൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നത്.

## വ്യായാമ മുറകൾ എങ്ങനെ?

കായികാദ്ധ്വാനം വേണ്ട രീതിയിലുള്ള വ്യായാമമുറകൾ തുടങ്ങുന്നതിന് മുൻപ് 'വാം-അപ്' ചെയ്യേണ്ടതായുണ്ട്. ഇത്തരം ലഘു വ്യായാമങ്ങൾ പേശികളേയും സന്ധികളേയും വ്യായാമ മുറയ്ക്കായി പൂർണ്ണമായും സജ്ജമാക്കും. കഴുത്തിനും, കൈകാലുകൾക്കും, ശരീരത്തിന്റെ വിവിധ ഭാഗങ്ങൾക്കും പ്രത്യേകം പ്രത്യേകമായി വാം-അപ് ചെയ്യേണ്ടതായുണ്ട്. അംഗപരിമിതരുടെ ശാരീരികക്ഷമത അനുസരിച്ച് വീൽചെയറിൽ ഇരുന്നോ കട്ടിലിൽ കിടന്നോ ഇത്തരം വാംഅപ്പുകൾ നടത്താവുന്നതാണ്. പക്ഷാഘാതമോ അപകടമോ മറ്റസുഖങ്ങളോ മൂലം വീൽചെയറിൽ ആകുകയോ, പൂർണ്ണമായും കിടപ്പിലാകുകയോ ചെയ്തവർക്ക് ചെയ്യാവുന്ന ചില ലളിത വ്യായാമമുറകൾ താഴെ നൽകുന്നു.

ലളിതമായ വ്യായാമമുറകൾക്ക് ശേഷം കായികാദ്ധ്വാനം കൂടിയ വ്യായാമമത്തിലേയ്ക്ക് കടക്കാം. വീൽചെയറിൽ ഇരുന്ന് ഡംബെൽസ് ഉപയോഗിച്ച് വിവിധ വ്യായാമമുറകൾ ചെയ്യാവുന്നതാണ്. ഒരു ഫിസിയോ തെറാപ്പിസ്റ്റിന്റേയോ, പരിശീലനം ലഭിച്ച മറ്റു വ്യക്തികളുടേയോ സഹായത്തോടെയും അംഗപരിമിതർക്ക് തങ്ങളുടെ വ്യായാമമുറകൾ ദിനചര്യയുടെ ഭാഗമാക്കാവുന്നതാണ്.

## ശ്വസന വ്യായാമം (Breathing Exercises)

കായികാദ്ധ്വാനമുള്ള വ്യായാമങ്ങളോടൊപ്പം അധികം പ്രയാസം കൂടാതെ ചെയ്യാവുന്ന വ്യായാമ മുറയാണ് ശ്വസന വ്യായാമം. ലളിതമായ ഈ വ്യായാമം ചലനശേഷി പരിമിതരായവർക്ക് ജീവിതചര്യയുടെ ഭാഗമാക്കാവുന്നതാണ്. ശ്വസന വ്യായാമത്തിന്റെ വിവിധ ഘട്ടങ്ങൾ താഴെപ്പറയുന്നവയാണ്.

1. കട്ടിലിലോ വീൽചെയറിലോ ഇരുന്നോ, കിടന്നോ വ്യായാമത്തിന് തയ്യാറെടുക്കുക.
2. ഇരിക്കുകയാണെങ്കിൽ കൈകൾ മടിയിൽ വയ്ക്കാവുന്നതാണ്. കട്ടിലിൽ കിടക്കുന്ന വ്യക്തികൾക്ക് കൈകൾ ശരീരത്തോട് ചേർത്ത് വയ്ക്കാവുന്നതാണ്.
3. കണ്ണുകൾ അടയ്ക്കുക. ആദ്യം മൂന്നോ നാലോ തവണ സാധാരാണ രീതിയിൽ ശ്വാസോച്ഛ്വാസം ചെയ്യുക.
4. തുടർന്ന് ദീർഘമായി ശ്വസിക്കുകയും നിശ്വസിക്കുകയും ചെയ്യുക.



**ചിത്രം 1**
കൈകൾ രണ്ടും വീൽചെയറിന് ഇരുവശവും വച്ച് ഇടത്തോട്ടും വലത്തോട്ടും പതുക്കെ വളയുക



**ചിത്രം 2**
കൈകൾ മുന്നിൽ കെട്ടി വച്ച് വീൽചെയറിൽ ഇരുന്ന് വശങ്ങളിലേക്ക് തിരിയുക.



**ചിത്രം 3**
മലർന്നു കിടന്നുകൊണ്ട് കാൽമുട്ടുകൾ മടക്കി അടുപ്പിച്ച് ഇരുവശങ്ങളിലേക്കും ചരിച്ച് വയ്ക്കുക



**ചിത്രം 4**
മലർന്ന് കിടന്ന് കൈകളുടെ സഹായത്തോടെ ഓരോ കാലും സാവധാനം ഉയർത്തുക



ചിത്രം 5




ചിത്രം 6


5. ദീർഘശ്വാസം ചെയ്യുന്ന സമയം, ചുരുങ്ങിയത് നാലുവരെ മനസ്സിൽ എണ്ണുന്ന സമയം വരെയെങ്കിലും ശ്വാസം ഉള്ളിലേക്കെടുക്കണം. നിശ്വസിക്കുമ്പോൾ ആറുവരെ എണ്ണുന്ന സമയവും.

6. ഇത്തരത്തിൽ ശ്വാസോച്ഛ്വാസം അഞ്ച് മുതൽ പത്ത് മിനുട്ടു വരെ അടുപ്പിച്ചു ചെയ്യാം.

ശാരീരികക്ഷമത കൂടുന്നതനുസരിച്ച് അബ്ഡൊമിനൽ ബ്രീത്തിങ് എന്ന വ്യായാമമുറയും പരിശീലിക്കാവുന്നതാണ്. വയറിലെ പേശികൾക്ക് ബലം നൽകുന്ന ഈ വ്യായാമമുറ യോഗയിലെ പ്രണായാമത്തോട് സാമ്യമുള്ളതാണ്.



ചിത്രം 7



ചിത്രം 8

ശരീരത്തിനും മനസിനും ഒരുപോലെ ഗുണകരമാണ് വ്യായാമ മുറകൾ. ദിവസേനയുള്ള വ്യായാമം ജീവിതത്തിന്റെ ഭാഗമാക്കുന്നത് ഭിന്നശേഷിക്കാരുടെ ജീവിതനിലവാരത്തിൽ വലിയ മാറ്റങ്ങളുണ്ടാക്കും. ശാരീരികക്ഷമത കൈവരിക്കാനും മനോസുഖം നിലനിർത്താനും ഭിന്നശേഷിക്കാർ അവശ്യം ശീലിക്കേണ്ട ദിനചര്യയാണ് വ്യായാമ മുറകൾ.

*(തിരുവനന്തപുരം ഗവണ്മെന്റ് ഹോമിയോ മെഡിക്കൽ കോളേജിൽ ഫിസിയോതെറാപ്പിസ്റ്റാണ് ലേഖകൻ)*

വിജ്ഞാനപാത

## പാരാലിംപിക്സ്

ഒളിമ്പിക്സ് മത്സരം പോലെ അംഗപരിമിതരായവർക്ക് വേണ്ടി നടത്തുന്ന കായിക മത്സരമാണ് പാരാലിമ്പിക്സ്. ഒളിംപ്ക്സിനു സമാനമായി സമ്മർ പാരാലിംപിക്സും വിന്റർ പാരാലിംപിക്സും നടത്തിവരുന്നു. അംഗപരിമിതരായ വ്യക്തികൾക്കുള്ള ശാരീരിക പ്രവർത്തനത്തിനും ക്ഷമതയ്ക്കും വേണ്ടി തുടങ്ങിവെച്ച കായികാഭ്യാസ പ്രകടനങ്ങൾ കാലക്രമേണ മത്സരമായി മാറുകയാണ് ഉണ്ടായത്. പാരാലിംപിക്സ് കമ്മറ്റി ഓഫ് ഇന്ത്യയാണ് അംഗപരിമിതരുടെ കായിക മാമാങ്കത്തിന് ചുക്കാൻ പിടിക്കുന്നത്. അംഗപരിമിതരുടെ കായികമേളയായ സീനിയർ പാരാ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിന്റെ നടത്തിപ്പ് ചുമതലയും പാരാലിംപിക്സ് കമ്മിറ്റി ഓഫ് ഇന്ത്യയ്ക്കാണ്. 2016 മാർച്ച് 26 മുതൽ 30 വരെ ഹരിയാനയിലെ പഞ്ച്കുളയിൽ വച്ചായിരുന്നു 16-ാമത് ചാമ്പ്യൻഷിപ്പ് നടന്നത്.

1960ൽ പതിനേഴാമത് സമ്മർ ഒളിമ്പിക്സ് നടക്കുമ്പോഴായിനുന്നു ആദ്യ പാരാലിംപിക്സിനു തുടക്കം. അന്ന് 400 അത്‌ലറ്റുകൾ മാറ്റുരച്ച സ്ഥാനത്ത് 2008 ബീജിംഗിലെ പാരാലിമ്പിക്സിലെത്തുമ്പോൾ, 146 രാജ്യങ്ങളിൽ നിന്നായി 3900ത്തോളം അംഗപരിമിതരായ കായിക താരങ്ങളാണ് മത്സരിക്കാനെത്തിയത്.

1976ൽ ആണ് ആദ്യ വിന്റർ പാരാലിമ്പിക്സ് മത്സരങ്ങൾ നടന്നത്. അന്താരാഷ്ട്ര പാരാലിംപിക്സ് കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ നാലുവർഷത്തിൽ ഒരിക്കൽ ഒളിമ്പിക്സ് മത്സരങ്ങൾ കഴിഞ്ഞ് സമ്മർ പാരാലിമ്പിക്സ് നടത്തിവരുന്നു. 2012ലെ ലണ്ടൻ പാരാലിംപിക്സിൽ കർണ്ണാടകയിൽ നിന്നുമുള്ള ഗിരീഷ് എൻ. ഗൗഡ പുരുഷന്മാരുടെ ഹൈജംപിൽ വെള്ളി മെഡൽ നേടിയിരുന്നു. 2013-ൽ രാജ്യം പത്മശ്രീ നൽകി അദ്ദേഹത്തെ ആദരിച്ചു.

# ഏബിളിസം: ഭിന്നശേഷിക്കാരുടെ സാമൂഹിക വെല്ലുവിളികൾ

**ഡോ. അരുൺ എൻ.എം.**

### നിങ്ങൾ ഏബിളിസ്റ്റാണോ?

ഈ ചോദ്യത്തിനു പലർക്കും പെട്ടെന്ന് ഉത്തരം പറയാനാവില്ല. എന്താണു ഏബിളിസ്റ്റ് എന്നതു പലർക്കും അറിയില്ല എന്നാതാണുകാരണം. ഭാരതത്തിൽ പ്രചുര പ്രചാരത്തിലുള്ള വാക്കല്ല അത്.

എന്താണു ഏബിളിസ്റ്റ്? ഭിന്നശേഷികാരെ കരുതിക്കൂട്ടിയോ അല്ലാതെയോ കുറച്ച് അല്ലെങ്കിൽ മോശക്കാരായി കാണുന്നവരെയാണു ഏബിളിസ്റ്റ് എന്ന് ഇംഗ്ലീഷ് ഭാഷയിൽ വിളിക്കുന്നത്. തതുല്യമായ ഒരു പദം മലയാളത്തിൽ ഇല്ല.

### എന്താണീ കുറച്ച് കാണൽ?

മനുഷ്യ ശരീരത്തിനു പൂർണത എന്ന ഒരു കാര്യമുണ്ടെന്നും, അത് ഇല്ലാത്തവരെല്ലാം വികലമായ ശരീരമുള്ളവരാണെന്നുമുള്ള വിശ്വാസമാണു ഏബിളിസത്തിന്റെ കാതൽ. എല്ലാ അംഗങ്ങളും ഒരു പ്രത്യേക രീതിയിൽ പ്രവർത്തനക്ഷമമായി ശരീരത്തിൽ വിന്യസിക്കപ്പെടണം. അതില്ലാത്തവരെല്ലാം കുറവുള്ളവരും മോശക്കാരുമാണ്. ആ കുറവ് പ്രകൃതിക്ക് പറ്റിയ ഒരു പിഴവാണെന്ന് കണക്കാക്കപ്പെടുന്ന ഒരു സമൂഹത്തിൽ ഭിന്നശേഷിക്കാർ എപ്പോഴും കളിയാക്കപ്പെടുന്നു.

### ഏബിളിസം ചരിത്രത്തിൽ

പ്രാചീന സമൂഹങ്ങൾ പൊതിവേ ശാരീരികമായി വ്യത്യാസമുള്ളവരെ ദൈവങ്ങളുടെ ശാപമായി കണക്കാക്കിയിരുന്നു. മുൻ ജന്മ പാപത്തിന്റെ ഫലമാണു വ്യത്യസ്തത എന്നു പലരും വിശ്വസിച്ചു. പലപ്പോഴും അവർ അപശകുനങ്ങളായി കാണപ്പെട്ടു. ദൈവ പ്രീതിക്കായി അവർ ബലികൊടുക്കപ്പെട്ടു. ഭക്ഷണം കൊടുക്കാതെ മരണത്തിലേക്ക്തള്ളി വിട്ടു. അവരുടെ അവകാശങ്ങൾക്ക് യാതൊരു വിലയും കൽപിച്ചില്ല. അത്തരം ആളുകളുടെ കുടുംബങ്ങൾ പോലും അവഗണിക്കപ്പെട്ടു.



### ഏബിളിസം ഭാഷയിൽ

ഭാഷ പ്രയോഗങ്ങളിൽ ഏബളിസം വളരെ സാധാരണയായി കണ്ടു വരുന്നു. അതു ഉപയോഗിക്കുന്നവർ പലപ്പോഴും തങ്ങളുടെ ഭാഷ ഏബളിസത്തെ കുറിക്കുന്നുവെന്നും അതു പലരെയും മുറിപ്പെടുത്തുമെന്നും മനസിലാക്കാറില്ല.

മലയാളത്തിൽ ഏബിളിസ്റ്റ് ഭാഷയുടെ ചില ഉദാഹരണങ്ങൾ നോക്കാം.

1. 'ഈ വിഷയത്തിൽ സർക്കാറിന്റെ മുടന്തൻ ന്യായങ്ങളെ ഞാൻ തള്ളി കളയുന്നു'
2. മന്ദബുദ്ധികൾക്ക് പറഞ്ഞു കൊടുത്താൽ ഇതിലും വേഗം മനസ്സിലാകും. അവൻ ഒരു പൊട്ടനാ,
3. പ്രാന്തന്മാർക്കുള്ളതല്ല ഈ ക്ലബ്ബ്
4. നിന്റെ അപസ്മാരം പിടിച്ച കളിയൊന്ന് നിർത്ത്
5. തീരുമാനമെടുക്കുന്നതിനുള്ള നിന്റെ ഈ ഷണ്ഡത്ത്വം നമ്മെ തോൽപ്പിക്കും
6. ഒരു കണ്ണു പൊട്ടനു പോലും ഇത് ചെയ്യാൻ കഴിയും

### ഏബിളിസം സമൂഹത്തിൽ

സമൂഹത്തിലെ പൊതു ഇടങ്ങളെല്ലാം തന്നെ ഭിന്ന ശേഷിക്കാർക്ക് ഉപയോഗിക്കാൻ കഴിയാത്ത രീതിയിലാണു ഉണ്ടാക്കിയിരിക്കുന്നത് വീൽ ചെയറിൽ കയറാവുന്ന സിനിമാ ശാലയോ, ഓഫീസോ, ബസോ, ട്രേയിനോ കണ്ട് കിട്ടാൻ വിഷമം. കണ്ണു കാണാത്തവർക്ക് വേണ്ടിയോ ചെവി കേൾക്കാത്തവർക്ക് വേണ്ടിയോ പ്രത്യേക അറിയിപ്പ് സൗകര്യങ്ങൾ എവിടെയും കാണാനില്ല. ഭിന്നശേഷിക്കാർക്ക്അനുയോജ്യമായ വസ്തുക്കൾ കടകളിൽ ചെന്നാൽ കിട്ടാനില്ല. അവർക്ക് പഠിക്കാവുന്ന വിദ്യാലയങ്ങൾ അപൂർവം. അവർക്ക് ഓടിക്കാവുന്ന വാഹനങ്ങൾ ഇല്ല. കണ്ണു കാണാത്തവർക്ക് വായിക്കാവുന്ന പുസ്തകങ്ങൾ വിരളം.

ഭിന്ന ശേഷിക്കാരനാണു എന്ന് കണ്ടാൽ സമൂഹം അവനെ/അവളെ കളിയാക്കുകയായി. താൻ രണ്ടാം തരം പൗരനാണെന്ന തോന്നൽ സമൂഹം അവരിൽ വളർത്തുന്നു. സാമാന്യം നല്ല രീതിയിൽ ചെയ്യാവുന്ന ജോലികൾക്ക് അവരെ പരിഗണിക്കുന്നില്ല. വിവാഹം മുതലായവ അവർക്ക് അപ്രാപ്യമാകുന്നു. അവരെ സമൂഹം പൊതു മധ്യത്തിൽ നിന്ന് അകറ്റി നിർത്തുന്നു.

ലൈംഗിക ചൂഷണങ്ങൾക്ക് പലപ്പോഴും അവർ ഇരയാവുന്നു. തൊഴിൽ മേഖലയിലും അവർ ചൂഷണം നേരിടുന്നു. ഒരു വിഭാഗം ഭിന്നശേഷിക്കാരെ കാണാമറയത്ത് അകറ്റി നിർത്തുന്ന സമൂഹം, മറ്റൊരു വിഭാഗത്തെ പ്രദർശന വസ്തുവാക്കി സർക്കസിലും യാചനയിലും മറ്റും ഉപയോഗികുന്നു

## ഏബിളിസം കുടുംബത്തിൽ

ഭിന്ന ശേഷിയുള്ള ആൾ സ്വന്തം കുടുംബത്തിൽ നിന്ന് തന്നെ അവഗണന നേരിടുന്നു. മറ്റുള്ളവർക്ക് കിട്ടുന്ന പരിഗണന അവർക്ക് ലഭിക്കുന്നില്ല. അവരുടെ പഠനത്തിനു പ്രാധാന്യം കുറയുന്നു. ജീവിത സൗകര്യങ്ങൾ പലതും നിഷേധിക്കപ്പെടുന്നു. രോഗം വരുമ്പോൾ ശ്രുശ്രൂഷ വൈകുന്നു, അല്ലെങ്കിൽ മുടങ്ങുന്നു. അവരുടെ അഭിപ്രായങ്ങൾക്ക് വില കുറയുന്നു. കുടുംബ സ്വത്ത് ഭാഗം വെക്കുമ്പോൾ അവർക്ക് അർഹതപ്പെട്ടത് ലഭിക്കുന്നില്ല.

## ഏബിളിസം കൊണ്ടു ഉണ്ടാകുന്ന പ്രശ്നങ്ങൾ

ലോക ജനസംഖ്യയിലെ അഞ്ചിൽ ഒരാൾ ഭിന്ന ശേഷിയുള്ളവരാണു എന്നാണു പഠനങ്ങൾ കാണിക്കുന്നത്. ഇവരെ രണ്ടാംതരം പൗരന്മാരാക്കുന്നതു മാനവികത മുന്നിൽ വെക്കുന്ന ഒരു പരിഷ്കൃത സമൂഹത്തിനു ഭൂഷണമല്ല. സമൂഹത്തിനു വളരെയധികം അമൂല്യ സംഭാവനകൾ ചെയ്യാൻ സാധിക്കുന്ന ഇവരെ മാറ്റി നിർത്തുന്നത് കൊണ്ട് നഷ്ടം മാനവ രാശിക്ക് തന്നെയാണ്. ഭാഷാപ്രയോഗങ്ങൾ കൊണ്ടും അവഗണന കൊണ്ടും ഇവരുടെ മനോവീര്യം കെടുത്തുന്നത് പൊറുക്കാനാവാത്ത അപരാധമാണ്.

## ഏബിളിസം ഉന്മൂലനം ചെയ്യുവാനുള്ള വഴികൾ

ഏബിളിസത്തെ കുറിച്ചുള്ള അവബോധം സമൂഹത്തിൽ വളർത്തുകയാണു ആദ്യം വേണ്ടത്. സർക്കാറിനും സന്നദ്ധ സംഘടനകൾക്കും ഇതിൽ പ്രധാന പങ്ക് വഹിക്കാനുണ്ട്. അത്തരം മനോഭാവങ്ങൾ തെറ്റും അയുക്തികവുമാണെന്ന അറിവ് നല്ലൊരു മാറ്റം സമൂഹത്തിൽ ഉണ്ടാക്കാൻ സഹായകമാകും.

ഭിന്ന ശേഷിക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുവാനുള്ള നിയമ നിർമ്മാണം ഏബിളിസം തടയാൻ അത്യന്താപേക്ഷിതമാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ പല നിയമങ്ങളും ഇതിനായി കൊണ്ടുവന്നിട്ടുണ്ട്. അവ കൃത്യമായി പാലിക്കപ്പെടുന്നുണ്ടോ എന്ന് ശ്രദ്ധിക്കേണ്ടത് കോടതികളുടെ ഉത്തരവാദിത്തമാണ്.

ഭിന്ന ശേഷിക്കാർക്ക് വേണ്ട സൗകര്യങ്ങൾ ഒരുക്കി കൊടുക്കാൻ സമൂഹം ബാധ്യസ്ഥരാണ്. അവരുടെ ദൈനൃംദിന ആവശ്യങ്ങൾക്ക് ഉതകുന്ന രീതിയിൽ പൊതു സ്ഥലങ്ങൾ പുതുക്കി പണിയേണ്ടതുണ്ട്. അവർക്ക് വേണ്ട മാതിരിയുള്ള വിദ്യഭ്യാസ സൗകര്യങ്ങൾ രാജ്യത്തിന്റെ എല്ലാ ഭാഗത്തും തയ്യാറാക്കേണ്ടതുണ്ട്.

ഭിന്ന ശേഷിക്കാർക്ക് സാമ്പത്തികമായി സ്വയം പര്യാപ്തത നേടാനുതകുന്ന ജോലി സമൂഹം കണ്ടെത്തേണ്ടതുണ്ട്. സർക്കാർ മേഖലയിൽ മാത്രമല്ല സ്വകാര്യ മേഖലയിലും ഇത് ആവശ്യമാണ്.

ഭിന്ന ശേഷിക്കാരെ അവമതിക്കുന്ന ഭാഷ പൊതുസമൂഹത്തിൽ നിന്ന് തുടച്ച് മാറ്റേണ്ടതുണ്ട്. അതിനനുയോജ്യമായ വിദ്യഭ്യാസം നമ്മുടെ കുട്ടികൾക്ക് ചെറുപ്പം മുതൽ നൽകണം. അത്തരം ഭാഷാ പ്രയോഗത്തെ ചൂണ്ടിക്കാട്ടി തെറ്റ് തിരുത്താൻ നാം ആവശ്യപ്പെടണം.

കുടുംബങ്ങളുടെ ഉള്ളിൽ നടക്കുന്ന അവഗണനകളും ചൂഷണങ്ങളും തടയാൻ പൊതു സമൂഹം ജാഗരൂകരായി ഇരിക്കേണ്ടതാണ്. ഇവിടെയും ബോധവത്കരണ പ്രവർത്തനങ്ങൾ ഉപകാരപ്പെടും. ഭിന്നശേഷിക്കാർക്ക് വേണ്ടിവരുന്ന ഉപകരണങ്ങൾ വിപണിയിൽ എത്തിക്കാൻ സർക്കാർ എല്ലാവിധ സഹായ സഹകരണങ്ങളും നൽകേണ്ടതുണ്ട്. അവർ നേരിടുന്ന ചൂഷണങ്ങളും തടയേണ്ടതുണ്ട്.

ഏബിളിസ്റ്റ് മനോഭാവം ഒരു പരിഷ്കൃത സമൂഹത്തിന് ഒരിക്കലും ഭൂഷണമല്ല. ഭിന്നശേഷിക്കാർ പാപഫലം പേറുന്നവരെല്ലെന്നും സമൂഹത്തിലെ എല്ലാ അവകാശങ്ങളും കടമകളും ഉള്ള സാധാരണ പൗരരാണെന്നുമുള്ള ധാരണ സമൂഹത്തിലെ എല്ലാവരിലും രൂഢമൂലമായാൽ മാത്രമെ ഏബിളിസത്തെ നമുക്ക് ഇല്ലാതാക്കാൻ കഴിയു.

*(ഇന്റേണൽ മെഡിസിനിൽ സീനിയർ കൺസൾട്ടന്റാണ് ലേഖകൻ)*

## നിങ്ങൾക്കറിയാമോ?

# ഭിന്നശേഷിയുള്ളവർക്കായി ഇഞ്ചിയോൺ സ്ട്രാറ്റജി

ഏഷ്യാ-പസിഫിക് മേഖലകളിലെ ഭിന്നശേഷിയുള്ള ആളുകൾക്കു സമൂഹത്തിൽ തടസരഹിത സൗകര്യങ്ങൾ ഒരുക്കുന്നതിനും അവരുടെ അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിനുമുള്ള ദശവത്സര കർമ പദ്ധതിയാണ് ഇഞ്ചിയോൺ സ്ട്രാറ്റജി എന്നറിയപ്പെടുന്നത്. 2012 ഒക്ടോബർ 29 മുതൽ നവംബർ 12 വരെ കൊറിയൻ റിപ്പബ്ളിക്കിലെ ഇഞ്ചിയോണിൽ നടന്ന മന്ത്രിമാരുടേയും പ്രതിനിധികളുടേയും യോഗമാണ് ഈ സ്ട്രാറ്റജിക്ക് അംഗീകാരം നല്കിയത്.

ഏഷ്യാ പസിഫിക് മേഖലയിലെ 650 ദശലക്ഷത്തോളം വരുന്ന ഭിന്നശേഷിക്കാരുടെ ജീവിത ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും അവരുടെ അവകാശങ്ങൾ സഫലീകരിക്കുന്നതിനും ഈ ലക്ഷ്യങ്ങൾ സഹായകരമാകും. ഈ മേഖലയിലെ ഭിന്നശേഷിയുള്ളവരിൽ നല്ലൊരു പങ്കും ദാരിദ്ര്യത്തിലാണ് കഴിയുന്നത്.

ഇഞ്ചിയോൺ സ്ട്രാറ്റജി 2013 മുതൽ 10 വർഷത്തേക്കാണ് നടപ്പിലാക്കുന്നത്. അതായത് 2022-ൽ അവസാനിക്കുന്ന ഈ കാലയളവിൽ 10 ലക്ഷ്യങ്ങൾ നേടാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിന്റെ പുരോഗതി അളക്കുവാൻ 62 സൂചകങ്ങളും തയാറാക്കി അംഗീകരിച്ചു ലഭ്യമാക്കിയിട്ടുണ്ട്.

# ഇഞ്ചിയോൺ സ്ട്രാറ്റജിയിലെ 10 ലക്ഷ്യങ്ങൾ

1. ഭിന്നശേഷിക്കാർക്കിടയിലെ ദാരിദ്ര്യം കുറയ്ക്കുക; ജോലിയും തൊഴിലും വർധിപ്പിക്കുക.
2. രാഷ്ട്രീയ പ്രക്രിയകളിലും തീരുമാനമെടുക്കുന്നതിലും ഭിന്നശേഷിക്കാരുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുക.
3. പൊതുസ്ഥലങ്ങൾ, പൊതു ഗതാഗതം, അറിവ്, വിവര വിനിമയം തുടങ്ങിയവയിൽ ഭിന്നശേഷിക്കാരുടെ പ്രാപ്യത വർധിപ്പിക്കുക.
4. സാമൂഹ്യ സുരക്ഷ ശക്തമാക്കുക.
5. ഭിന്നശേഷിയുള്ള കുട്ടികളെ ഏറ്റവും നേരത്തെ കണ്ടെത്തുകയും അവർക്കു യോജിച്ച വിദ്യാഭ്യാസം നല്കുകയും ചെയ്യുക
6. ലിംഗ സമത്വം ഉറപ്പുവരുത്തുക.
7. ദുരന്തനിവാരണ മാനേജ്മെന്റിൽ ഭിന്നശേഷിക്കാരുടെ ഉൾപ്പെടൽ ഉറപ്പുവരുത്തുക
8. ഭിന്നശേഷിക്കാരെ സംബന്ധിച്ചുള്ള വിവര ലഭ്യതയിൽ വിശ്വാസ്യത കാത്തുസൂക്ഷിക്കുക.
9. ഭിന്നശേഷി വ്യക്തിയുടെ അവകാശ കൺവൻഷൻ നിർദ്ദേശങ്ങൾക്ക് അംഗീകാരം നല്കുകയും നടപ്പാക്കുകയും ചെയ്യുക. കൺവൻഷനോടു പൊരുത്തപ്പെട്ടുപോകുന്ന വിധത്തിൽ ദേശീയ നിയമം പാസാക്കുക.
10. ഉപമേഖലകളും മേഖലകളും അന്തർമേഖലകളും തമ്മിലുള്ള പരസ്പര സഹകരണത്തിലൂടെ കൂടുതൽ മുന്നോട്ടു പോകാനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുക.

# യുഐഡിഎഐ 100 കോടി ആധാർ നല്കി

യുണീക് ഐഡന്റിഫിക്കേഷൻ അഥോറിറ്റി ഓഫ് ഇന്ത്യ(യുഐഡിഎഐ) നല്കിവരുന്ന ആധാർ കാർഡുകളുടെ എണ്ണം 2016 ഏപ്രിൽ നാലിന് നൂറു കോടിയിലെത്തി. 2010-ൽ ആദ്യ ആധാർ നല്കി അഞ്ചരവർഷത്തിനുള്ളിലാണ് ഈ നേട്ടം കൈവരിച്ചിട്ടുള്ളത്. ഗവൺമെന്റ് ആധാർ നിയമം 2016 (ടാർജറ്റഡ് ഡെലിവറി ഓഫ് ഫിനാൻഷ്യൽ ആൻഡ് അദർ സബ്സിഡീസ്, ബനിഫിറ്റ്സ് ആൻഡ് സർവീസസ്) വിജ്ഞാപനം ചെയ്ത് ഏതാനും ദിവസത്തിനുള്ളിലാണ് യുഐഡിഎഐ ചരിത്രപരമായ ഈ നേട്ടം കൈവരിച്ചത്.

ഇതോടെ ജനസംഖ്യയിൽ 18 വയസിനു മുകളിലുള്ള 93 ശതമാനം ആളുകൾക്കും ആധാർ കാർഡായി. പതിമൂന്നു സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും ആധാർ നേടിയവരുടെ എണ്ണം 90 ശതമാനത്തിനു മുകളിലായി. മറ്റു 13 സംസ്ഥാനങ്ങളിൽ ആധാർ നേടിയവരുടെ എണ്ണം 75-90 ശതമാനത്തിനിടയിലാണ്.

**ആധാർ സംബന്ധിച്ച നേട്ടങ്ങൾ**

- 100 കോടിയിലധികം പേർക്ക് ആധാർ നല്കി.
- ഇന്ത്യയിലെ ആകെ ജനസംഖ്യയിൽ പ്രായപൂർത്തിയായ 93 ശതമാനംപേർക്കും ആധാർ കാർഡ് ലഭിച്ചു.
- 5-18 വയസിനിടയിലുള്ള 22.25 കോടി കുട്ടികൾക്കു ആധാർ നല്കി.
- 0-5 വയസിനിടയിലുള്ള 2.30 കോടി കുട്ടികൾക്കു ആധാർ ലഭിച്ചു.
- ദിവസവും 5-7 ലക്ഷം പേർ ആധാറിനായി പേരു രജിസ്റ്റർ ചെയ്യുന്നു.
- ലോകത്തിലെ ഏറ്റവും വലിയ ഓൺലൈൻ ഡിജിറ്റൽ ഐഡന്റിറ്റി പ്ലാറ്റ്ഫോമാണ് ആധാർ.

**ആധാർ ഗുണഫലങ്ങൾ**

- ഉപഭോക്താക്കളുടെ അക്കൗണ്ടിലേക്കു നേരിട്ടു പണം ട്രാൻസ്ഫർ ചെയ്യുന്നതുവഴി (ഡിബിടിഎൽ) സർക്കാരിനു 14,672 കോടി രൂപ ലാഭിക്കുവാൻ കഴിഞ്ഞു.
- ആന്ധ്രപ്രദേശ്, തെലുങ്കാന, പുതുച്ചേരി, ഡൽഹി എന്നീ നാലു സംസ്ഥാനങ്ങളിലെ പൊതുവിതരണ സംവിധാനത്തിൽനിന്നു 2,346 കോടി രൂപ ലാഭിക്കുവാൻ കഴിഞ്ഞു.
- ആന്ധ്രപ്രദേശ്, തെലുങ്കാന, പഞ്ചാബ് എന്നീ മൂന്നു സംസ്ഥാനങ്ങളിൽ സ്കോളർഷിപ് ഇനത്തിൽ ലാഭിക്കുവാൻ സാധിച്ചത് 276 കോടി രൂപയാണ്.
- ജാർഖണ്ഡ്, ഛത്തീസ്ഗഡ്, പുതുച്ചേരി എന്നീ മൂന്നു സംസ്ഥാനങ്ങളിൽ പെൻഷൻ ഇനത്തിൽ 66 കോടി രൂപ ലാഭിക്കുവാൻ സാധിച്ചു.

**ആധാർ ഉപയോഗം**

- ആധാറുമായി 25.48 ബാങ്ക് അക്കൗണ്ടുകൾ ബന്ധിപ്പിച്ചു.
- 12.28 കോടിയിലധികം ( 71 ശതമാനം) എൽപിജി കണക്ഷനുകൾ ആധാറുമായി ബന്ധിപ്പിച്ചു.
- 11.39 കോടിയിലധികം (45 ശതമാനം) റേഷൻ കാർഡുകൾ ആധാറുമായി ബന്ധിപ്പിച്ചു.
- 5.90 കോടിയിലധികം (60 ശതമാനം) എൻആർജിഎ കാർഡുകൾ ആധാറുമായി ബന്ധിപ്പിച്ചു.

**ആധാറിന്റെ ആധികാരിത**

- 150.6 കോടിയിലധികം ഇടപാടുകൾ ആധാർ വഴി നടത്തി.
- 8.4 കോടിയിലധികം ഇ-കെവൈസി ഇടപാടുകൾ നടത്തി.
- പ്രതിദിനം 40 ലക്ഷത്തിലധികം ഇടപാടുകൾക്ക് യുഐഡിഎഐ ആധാർ ഓതന്റിക്കേഷൻ നല്കുന്നു.

**ആധാർ പേമെന്റ് ബ്രിഡ്ജ് (എപിബി)**

ബാങ്ക് വിശദാംശങ്ങൾ ഇല്ലാതെതന്നെ ഗുണഭോക്താവിന് ആധാർ ഉപയോഗിച്ചു നേരിട്ടു പേമെന്റ് നല്കുന്ന സംവിധാനമാണ് ആധാർ പേമെന്റ് ബ്രിഡ്ജ് (എപിബി). രണ്ടു വർഷമായി എപിബി ഇടപാടുകളിൽ ഗണ്യമായ വളർച്ച ഉണ്ടായിട്ടുണ്ട്. ഇരുപത്തിമൂന്നു കോടിയിലധികം ആളുകൾ അവരുടെ ബാങ്ക് അക്കൗണ്ടുമായി ആധാറിനെ ബന്ധിപ്പിച്ചിട്ടുണ്ട്. ആധാർ പേമെന്റ് ബ്രിഡ്ജ് വഴിയാണ് ഇതു ബന്ധിപ്പിക്കുന്നത്.

**Yojana (Malayalam) May, 2016 Price Rs.22/- RNI No.22588/72 Postal Regn.KL/TV(S)/29/2015-17**
Licensed to post without pre-payment : KL/TV(S)/WPP/172/2015-17
Published on 1st May 2016


# JEWELS
## FROM PUBLICATIONS DIVISION




Sales Centres : Soochna Bhawan, Lodhi Road, New Delhi-110003. Hall No.196, Old Secretariat,Delhi-110054. C-701, 7th Floor, Kendriya Sadan , CBD Belapur, Navi Mumbai -400614. 8, Esplanade East, Kolkata-700069. Rajaji Bhawan, F&G Block , A Wing, Besant Nagar, Chennai-600090. Press Road, New Govt Press,Thiruvananthapuram-695001. Block No. 4, Ist Floor, Gruhakalpa Complex, M.J. Road, Nampally, Hyderabad-500001. Bihar State Coop. Bank Bldg. Ashoka Rajpath, Patna-800001. IInd Floor, Hall No.1, Kendriya Bhawan, Sector-H, Aliganj, Lucknow-226024. Ambika Complex Ist Floor, Paldi, Ahmedabad-380007. Ist Floor, F Wing, Kendriya Sadan, Koramangala, Bangalore-560034. KKB Road, New Colony, House No. 7, Chenikuthi, Guwahati-781003.

For further details please contact Business Manager, Publications Division
Soochna Bhawan CGO Complex, Lodhi Road, New Delhi-110003. Ph:011-24367260,Fax-011-24365609

PUBLICATIONS DIVISION
MINISTRY OF INFORMATION 7 BROADCASTING
GOVERNMENT OF INDIA

e-mail:dpd@sb.nic.in, dpd@hub.nic.in
website: publicationsdivision.nic.in

davp-22213/11/0027/07-08


ഇന്ത്യാ ഗവണ്മെന്റിന്റെ പബ്ലിക്കേഷൻസ് ഡിവിഷനുവേണ്ടി **അഡീഷണൽ ഡയറക്ടർ ജനറൽ ഡോ. സാധനാ റാവുത്**
എസ്.ബി. പ്രസ്സ് (പ്രൈവറ്റ്) ലിമിറ്റഡിൽ അച്ചടിച്ച് തിരുവനന്തപുരത്തെ ഗവ. പ്രസ്സ് റോഡിലുള്ള യോജന ഓഫീസിൽ നിന്ന് പ്രസാധനം ചെയ്യുന്നത്.
**ചീഫ് എഡിറ്റർ - ദീപിക കച്ചൽ, സീനിയർ എഡിറ്റർ - ധന്യ സനൽ കെ.**